# മലങ്കരസഭ

മാർച്ച് 2001

മാസിക



**സഭാദിന ചിന്തകൾ**

ഫാ. ഡോ. ജേക്കബ് കുര്യൻ


കെ.വി. മാമൻ

ഈയെൻകെ

സി.യു. മാത്യു

## ഏപ്രിൽ -1 സഭാദിനം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം



# P.J. VARGHESE
## BARBIL (ORISSA)



PATRON SAINT


# മലങ്കരസഭ

ദേവലോകം, കോട്ടയം–686 038
ഫോൺ: 0481–573234

ലക്കം 3
പുസ്തകം 57
മാർച്ച് 2001


## ഉൾത്തുടിപ്പുകൾ


**എഡിറ്റോറിയൽ**

4 ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ......
ഫാ. ഡോ. ജേക്കബ് കുര്യൻ

6 ഈ വഴി എത്രനാൾ
ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത

**കാർട്ടൂൺ**

26 ഉപ്പാണ്ടിമാപ്പ്ള
റോണി കോടുകുളഞ്ഞി

10 ബാലസഭ

**കവിത**

27 ശുഭനാളുകൾ
ഡാനിയേൽ തട്ടാരമ്പലം

**പ്രതിമാസചിന്തകൾ**

8 ആരാണ് ജീവിത വിജയം നേടുന്നവർ
ഗുരുജി

**സഭാദിനചിന്തകൾ**

9 നിങ്ങൾ ഈ ചെറിയവർക്കു.........
ഈയെൻകെ

29 മലങ്കര അസോസിയേഷൻ:
കെ. വി. മാമ്മൻ

**പഠനവേദി**

15 പരമാധികാരത്തിന്റെ പൊരുൾ
പ്രൊഫ. കെ. പി. ജോയി

**ധ്യാനപംക്തി**

22 ഞായർദിനചിന്തകൾ
ഫാ. ജോസഫ് സാമുവേൽ കറുകയിൽ

**കൗൺസലറുടെ പംക്തി**

14 പരീക്ഷയ്ക്കു പഠിക്കുന്ന കുട്ടികളോട് എങ്ങനെ പെരുമാറണം
ഫാ. ഡോ. ഒ. തോമസ്

**ആനുകാലികം**

11 ഒരു തിരിഞ്ഞുനോട്ടം
സി.യു.മാത്യു

28 ബൈബിൾ പഠനം

17 ബൈബിൾ പദപ്രശ്നം

12 മലങ്കര അസോസിയേഷൻ പത്തനംതിട്ടയിൽ

**ലേഖനം**

18 പുനരൈക്യ സപ്തതി ചില അനുബന്ധ ചിന്തകൾ
ഫാ. ഡോ. ജോൺ പണിക്കർ

**വാർത്തകൾ**

12, 13, 32, 33, 34

34 സൺഡേസ്കൂൾ വാർത്ത



**പത്രാധിപസമിതി**

*പ്രസിഡന്റ്*
ഫിലിപ്പോസ് മാർ യൗസേബിയോസ്
ഫോൺ: 0473–322243 (Off) 325942 (Res)

*വൈസ് പ്രസിഡന്റ്*
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488–523001

*ചീഫ് എഡിറ്റർ*
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481–568046

*അംഗങ്ങൾ*
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. കെ.എം. ജോർജ്ജ്
ഫാ. ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
എ.കെ. തോമസ് (സഭാ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു, പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

*മാനേജർ*
ഫാ. റ്റി.ജി. സഖറിയ
ഫോൺ: 0481–578234

*മാനേജിംഗ് എഡിറ്റർ*
ഫാ. റ്റി.എ. ഇടയാടി
ഫോൺ: 0481–567421

*സർക്കുലേഷൻ കൺസൾട്ടന്റ്*
ഒ.ജി. തരകൻ

*ബിസിനസ്സ് മാനേജർ*
ഫാ. ഷൈജു കുര്യൻ



*ഡി.റ്റി.പി.* : എം.എസ്. ഗ്രാഫിക്സ്, ദേവലോകം.

## എഡിറ്റോറിയൽ

# ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ആദ്യ സഭാദിനവും സഭയുടെ സമഗ്ര വികസന ദർശനവും

**ഫാ. ഡോ. ജേക്കബ് കുര്യൻ**

രണ്ടായിരത്തിയൊന്ന് ഏപ്രിൽ ഒന്ന്, ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ആദ്യസഭാദിനമാണ്. പുതിയ നൂറ്റാണ്ടിൽ സഭയെക്കുറിച്ച് ഒരു സമഗ്രവികസന ദർശനത്തോടെ പ്രവർത്തിക്കുവാൻ കഴിയണം.ഈ സമഗ്രദർശനത്തിന്റെ പരിധിയിൽ വരേണ്ടതായ പത്തു സംഗതികൾ സൂചിപ്പിക്കട്ടെ.

1) **അപ്പത്തിനായുള്ള വിശപ്പുമല്ല, വെള്ളത്തിനായുള്ള ദാഹവുമല്ല അന്തരംഗങ്ങളിൽ ദൈവാനുഭവത്തിനുവേണ്ടിയുള്ള സഭാംഗങ്ങളുടെ വിശപ്പും ദാഹവും തന്നെ ശമിപ്പിക്കുവാനുള്ള ശക്തവും സംഘടിതവുമായ ആസൂത്രണവും പ്രവർത്തനവും.** സ്ക്കൂളിൽ പോകുന്ന കുട്ടിയോട് ടാപ്പിലെ വെള്ളവും കടയിലെ ശീതള പാനീയവും കുടിക്കരുത് എന്നു പറയുന്ന മാതാപിതാക്കൾക്ക് ആ കുട്ടിക്ക് ദാഹജലം കൊടുത്തുവിടാനുള്ള ചുമതലയുണ്ട്. ഇതുപോലെ സഭാംഗങ്ങളുടെ ആത്മീയശാന്തിക്കുള്ള മാർഗ്ഗങ്ങളാരായുകയാണ് സഭയുടെ സമഗ്ര വികസന ദർശനത്തിലെ ഒന്നാം മുൻഗണന. പ്രാർത്ഥനാജീവിതത്തിന്റെയും, കൗദാശികാനുഭവത്തിന്റെയും, വചനനിറവിന്റെയും ഒരു നേതൃനിര ഇതിനാവശ്യമാണ്. ഈ നേതൃനിരയിൽ ഉൾപ്പെടേണ്ടത് വൈദികസ്ഥാനികൾ മാത്രമല്ല. ആത്മനിറവും ജീവിതവുമുള്ള ധാരാളം സ്ത്രീ പുരുഷന്മാരെ കണ്ടെത്തി കൈത്താങ്ങൽ കൊടുത്ത് ഉപയോഗിക്കുവാനുള്ള വിവേകം വൈകിയാണെങ്കിലും നമുക്കുദിച്ചിരുന്നെങ്കിൽ.

2) **സഭയുടെ സാക്ഷ്യം, ക്രിസ്തുവിന്റെ സ്നേഹ സ്പർശമായി ഭാരതത്തിന്റെ ഗ്രാമാന്തരങ്ങളിലെത്തിക്കുവാനും അത് മതപരിവർത്തനലാക്കോടെയല്ല എന്നുറപ്പുവരുത്തുവാനുമുതകുന്ന മിഷൻ ദർശനം.** ഇന്നു ഭാരതത്തിൽ ക്രിസ്തുവിന്റെ മിഷനെ വികലമാക്കുന്ന അനേകം മിഷണറി പ്രവണതകളുണ്ട്. രക്തസാക്ഷിത്വപരിവേഷമണിഞ്ഞ് സ്വന്തം സാമ്രാജ്യങ്ങൾ വിശാലമാക്കുന്ന പ്രസ്തുത മിഷനറിപ്രവണതകൾക്കിടയിൽ ഒരു ദേശീയ സഭയുടെ ക്രൈസ്തവ സാക്ഷ്യത്തിന് പ്രത്യേക പ്രസക്തിയുണ്ട്.

3) **കുടുംബങ്ങളിൽ സമാധാന തകർച്ചയ്ക്കും ദുരന്തങ്ങൾക്കും കാരണമാകുന്ന മദ്യപാനം, ദാമ്പത്യ പൊരുത്തക്കുറവ് മുതലായവയ്ക്കെതിരെ ഡീ-അഡീക്ഷൻ കേന്ദ്രങ്ങൾ, കൗൺസലിങ്ങ് കേന്ദ്രങ്ങൾ മുതലായവ കാര്യക്ഷമമായും സൗജന്യമായും പ്രവർത്തിക്കുക.** മറ്റു പല സഭകൾക്കും ഒന്നിൽ കൂടുതൽ ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ ഉള്ളപ്പോൾ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് പരുമലയിൽ അടുത്ത കാലത്താരംഭിച്ച ഏക കേന്ദ്രം ബാലാരിഷ്ടിതകളിലാണെന്നാണറിവ്.

4) **ഇടവകകളുടെ പ്രവർത്തന ശൈലിയിൽ ഒരു പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനമുൻഗണന ഉണ്ടായിരിക്കുക.** ഇന്ന് പൊതുവെ പടർന്നു പിടിച്ചിട്ടുള്ള "കെട്ടിടനിർമ്മാണ ബാധ" ഒഴിപ്പിച്ച്, ഇടവകാംഗങ്ങൾക്കും സ്ഥലവാസികൾക്കും വേണ്ടി പ്രയോജനകരമായ പ്രവർത്തനപദ്ധതികൾ (programmes) സജ്ജീകരിക്കുന്നതിൽ ഇടവക ബജറ്റ് ലക്ഷ്യം വെക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്.

5) **പരിഭാഷയുടെയും, പാതിരിഭാഷയുടെയും നിലവാരത്തിൽ നിന്നുയരുന്ന ഒരു ആരാധനാ പരിഷ്ക്കരണ പദ്ധതി നിലവിൽവരുക.** ആരാധനാ ജീവിതം സജീവമാകാതെ ആത്മീയ ഉണർവ്വുണ്ടാകയില്ല. ആരാധനാ ജീവിതം സജീവമാകണമെങ്കിൽ ജനങ്ങൾക്ക് ആരാധനയുടെ സംതൃപ്തി പകരുന്ന ആരാധനക്രമങ്ങൾ ഉണ്ടാകണം. ഇതിനായി ആവശ്യമായ ഗവേഷണ, ചർച്ച, പഠന, പരീക്ഷണങ്ങൾ നടത്തുവാൻ സഭാദിനത്തിലെ വരുമാനത്തിൽ നിന്ന് വകകണ്ടെത്തുന്നത് ഉചിതമായിരിക്കും.



6) **ആനുകാലികവും ഭവിഷ്യാധിഷ്ഠിതവുമായ പ്രതികരണശേഷി സഭയ്ക്കുണ്ടാകണം.** ദേശീയവും, അന്തർദേശീയവുമായ മേഖലകളിലും, ശാസ്ത്രസാങ്കേതിക, സാമൂഹ്യ, രാഷ്ട്രീയ തലങ്ങളിലും കാണുകയും കേൾക്കുകയും ചെയ്യുന്നവയെ നിരീക്ഷിച്ച് അവയോടുള്ള ക്രിസ്തുവിന്റെ പ്രതികരണം വ്യക്തമാക്കുവാൻ സഭയ്ക്കു കഴിയണം. സഭയുടെ മാധ്യമ ഉപയോഗം ആവശ്യമായിരിക്കുന്നത് ഈ കാര്യത്തിനാണ്. കേസുകൾക്കും, വിധികൾക്കും മാത്രമായി ഇന്ന് മാധ്യമഉപയോഗം പരിമിതപ്പെടുന്നു എന്ന വിമർശനത്തെ അവഗണിച്ചിട്ട് കാര്യമില്ല. മേല്പറഞ്ഞ തരത്തിലുള്ള പ്രതികരണത്തിന് ഒരു സ്ഥിരവും കാര്യക്ഷമവുമായ സംവിധാനത്തെക്കുറിച്ച് ഈ സഭാദിനത്തിലെങ്കിലും ചിന്തിക്കുവാൻ ഇടയാകട്ടെ.

7) **മുഴുസമയ വൈദികശുശ്രൂഷ ആവശ്യമായ ഇടവകേതര പ്രവർത്തനങ്ങൾ (ഉദാ: കൗൺസലിങ്ങ്, വികലാംഗപുനരധിവാസം, കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ്) മുൻഗണനാ ക്രമത്തിൽ നിശ്ചയിച്ച് അതിനായുള്ള പ്രത്യേക പരിശീലനവും പ്രവർത്തന വിശദാംശങ്ങളും പ്രാവർത്തികമാക്കുക.** ഇടവകേതരമായ മുഴുസമയ വൈദിക ശുശ്രൂഷയ്ക്കു തന്നെയായി ഒരു മെത്രാപ്പോലീത്തായും ഡിപ്പാർട്ടുമെന്റും ഉണ്ടാകേണ്ടതാവശ്യമാണ്.

8) **വൈദിക സ്ഥാനികൾക്ക് സഭാതലത്തിൽ ഏകീകൃതമായ സേവനവേതന, സ്ഥലമാറ്റ, റിട്ടയർമെന്റ് വ്യവസ്ഥകൾ രൂപപ്പെടുത്തുകയും കർശനമായി പാലിക്കപ്പെടുകയും ചെയ്യുക.** എല്ലാ സഭാസ്ഥാനികൾക്കും 65 വയസ്സിൽ റിട്ടയർമെന്റ് എന്ന നിർദ്ദേശത്തിന് ഇവിടെ പ്രസക്തിയുള്ളതിനാൽ, അതിന്റെ പ്രായോഗികതയെക്കുറിച്ച് ഗൗരവതരമായി ചർച്ച ചെയ്യേണ്ടതാണ്.

9) **മുഴുസമയസഭാശുശ്രൂഷരംഗങ്ങളിൽ പരമാവധിയുവജനങ്ങളെയും, സ്ത്രീകളെയും, പ്രത്യേകിച്ച് കർമ്മശേഷിയുള്ള വികലാംഗരെയും നിയോഗിക്കുവാനുള്ള തീരുമാനം, അതു നടപ്പിൽ വരുത്തുവാനുള്ള സാമ്പത്തിക സംവിധാനത്തിന്റെ ആസുത്രണവും പ്രാധാന്യം അർഹിക്കുന്നു.**

10) **വിദ്യാഭ്യാസം ആതുര ശുശ്രൂഷ മുതലായ മേഖലകളിൽ പുതിയ പാത വെട്ടിത്തുറക്കുവാൻ സഭയ്ക്കു ചുമതലയുണ്ട്.**പരമ്പരാഗത വിദ്യാഭ്യാസത്തിന്റെയും, പഞ്ചനക്ഷത്ര ആതുരശുശ്രൂഷയുടെയും മേഖലയിൽ ഇനിയും സഭയ്ക്ക് ഒന്നും ചെയ്യാനുണ്ടെന്നു തോന്നുന്നില്ല. സ്വകാര്യ വ്യക്തികളും, സർക്കാരും ഈ പാതയിൽ ബഹുദൂരം മുമ്പോട്ടുപോയി കഴിഞ്ഞു. വിദ്യാഭ്യാസത്തിലും, ആതുരശുശ്രൂഷയിലും ക്രൈസ്തവസഭ മാതൃകയായിരുന്ന ഒരു കാലത്ത്, ഭൂമിയുടെ ഉപ്പ് എന്ന സ്വയം വെറുമയാക്കൽ ആത്മദർശനം സഭയ്ക്കുണ്ടായിരുന്നു. അതു വീണ്ടെടുത്ത്, മേല്പറഞ്ഞ മേഖലകളിൽ പുതിയ പാതകൾ വെട്ടിത്തുറക്കുവാൻ ആവശ്യമായ ചങ്കൂറ്റവും, ഗവേഷണവും, പരീക്ഷണവും സഭയ്ക്കുണ്ടാകണം. പലരെക്കാൾ ഭേദം എന്ന സാന്ത്വനം ഒരു മുഖം കൂടി മാത്രമാണെന്ന കണ്ടെത്തലിന് നൂറ്റാണ്ടുകൾ കാത്തിരിക്കേണ്ടി വരുമോ, എന്തോ?

ഉപസംഹാരമായി ഒന്നു കൂടി കുറിക്കട്ടെ. കടലാസു തീരുമാനങ്ങൾക്ക് പഞ്ഞവും ചാപിള്ള കമ്മറ്റികൾക്ക് കുറവും നമുക്കില്ല. (ഉള്ളതുപറയണമല്ലോ. ഇതുപോലുള്ള എഡിറ്റോറിയൽ ഗീർവാണങ്ങൾക്കും ദാരിദ്ര്യമില്ല.) കാര്യക്ഷമമായ ഒരു പ്രവർത്തനമാർഗ്ഗരേഖയും അതിനെ കർശനമായി അനുഷ്ടിക്കുന്ന ഒരു ഭരണദർശനവും സഭാപ്രവർത്തനത്തിന്റെ എല്ലാ തലങ്ങളിലും ഉണ്ടാകുന്ന ഒരു പ്രഭാതത്തിനായി എന്റെ സഭ, അല്ല നമ്മുടെസഭ, അല്ല ദൈവത്തിന്റെ സഭ (അതു വെറും "സമുദായ"മല്ല) ഉണരട്ടെ.


### മലങ്കരസഭ വരിസംഖ്യ

*ഇന്ത്യയിൽ*

| | |
|---|---|
| ഒറ്റപ്രതി | : 5 രൂപ |
| ഒരു വർഷം | : 60 രൂപ |
| 5 വർഷം | : 300 രൂപ |
| 10 വർഷം | : 600 രൂപ. |

*വിദേശത്തേക്ക്*

| | |
|---|---|
| ഒരു വർഷം | : 15 ഡോളർ (യു.എസ്.) |

### പരസ്യനിരക്കുകൾ

| | |
|---|---|
| Back Page (Colour) | : 10000 |
| Back page (B/W) | : 5000 |
| Front Inside | : 3750 |
| Back Inside | : 3500 |
| Full page | : 3000 |
| Half page | : 1750 |
| Quarter page | : 1250 |
| Minimum | : 750 |
| Favours Block (Stamp Size) | : 300 |

# ഈ വഴി എത്രനാൾ?

ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത

മലങ്കര സഭാകേസ് സംബന്ധിച്ചുള്ള സുപ്രീംകോടതി വിധി ഉണ്ടായത് 1995 ജൂണിലാണ്. ആറു വർഷം തികയാൻ അധികമില്ല. സഭയിലെ ഇരുവിഭാഗങ്ങൾക്കും ന്യായമായി യോജിക്കുവാനുള്ള സാധ്യത നല്കിയ വിധിയായിരുന്നു അത്. 1912-ൽ സ്ഥാപിതമായ കാതോലിക്കേറ്റും 1934-ൽ പാസാക്കപ്പെട്ട സഭാ ഭരണഘടനയും മലങ്കര സഭയ്ക്ക് മൊത്തം ബാധകമായതുവഴി കാതോലിക്കാ വിഭാഗത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടു. പാത്രിയർക്കീസ് വിഭാഗത്തിനും ന്യായമായ പരാതികൾ ഒന്നും തന്നെ ഈ വിധി സംബന്ധിച്ചുണ്ടാകുവാനില്ലായിരുന്നു. പാത്രിയർക്കീസിന് മലങ്കരസഭയിൽ ഭരണഘടനപ്രകാരമുള്ള പദവികളും സ്ഥാനങ്ങളും കോടതി ശരിവയ്ക്കുകയും ഇടവക പള്ളികൾക്ക് അംഗസംഖ്യയുടെ അടിസ്ഥാനത്തിൽ സഭാസമിതികളിൽ പ്രാതിനിധ്യം ലഭിക്കുകയും ചെയ്തു. അതിൽകൂടുതൽ നേട്ടങ്ങൾ പാത്രിയർക്കീസ് പക്ഷത്തിന് ഒരു കാരണവശാലും ലഭിക്കാനില്ലായിരുന്നു. ഇരുവിഭാഗങ്ങളുടെയും അവകാശങ്ങൾ പരിഗണിച്ചു കൊണ്ട് തികച്ചും സംതുലിതമായ ഒരു വിധി പ്രഖ്യാപനമായിരുന്നു 1995 ൽ നടന്നത്. ഈ കോടതി വിധിയിൽ അസംതൃപ്തിയുണ്ടാകുവാൻ ന്യായമായും ഇടയുണ്ടായിരുന്നത് സഭയിലെ സ്ത്രീകളും ദളിതരുമായ അംഗങ്ങൾക്കു മാത്രമായിരുന്നു. സ്ത്രീകൾക്ക് ജനാധിപത്യപരമായ അവകാശങ്ങളും ദളിതർക്ക് ധാർമ്മികവും മാനുഷികവുമായ പരിഗണനകളും സഭാ സംവിധാനത്തിൽ ലഭിക്കാതെ പോയി. ഇക്കാര്യത്തിൽ ഇരുകക്ഷികൾക്കും പക്ഷേ സന്തോഷമല്ലാതെ ദുഃഖമൊട്ടില്ലതാനും!

വിധി പ്രഖ്യാപനത്തെ തുടർന്ന് ആരംഭിച്ചതാണ് സഭൈക്യ ശ്രമങ്ങൾ. കോടതി വിധിയിൽ മലങ്കര അസോസിയേഷൻ ഉടൻ തന്നെ വിളിച്ചു കൂട്ടുന്നതിനുള്ള നിർദ്ദേശവുമുണ്ടായിരുന്നു. എങ്കിലും അസോസിയേഷൻ വിളിച്ചു കൂട്ടുന്നത് ഔപചാരികമായ സഭാ യോജിപ്പിനു ശേഷമായിരിക്കണമെന്ന് പാത്രിയർക്കീസ് വിഭാഗത്തിലെ പ്രതിനിധികളുടെ അഭ്യർത്ഥന പ്രകാരവും പ്രാതിനിധ്യം സംബന്ധിച്ച് സുപ്രീംകോടതി വിധിയിലെ ചില കാര്യങ്ങൾ തീർപ്പ് ലഭിക്കേണ്ടതുണ്ടായിരുന്നതിനാലും അസോസിയേഷൻ വിളിച്ചു കൂട്ടുന്നതിന് സഭാനേതൃത്വം അല്പം സാവകാശം കാണിച്ചു. എന്നാൽ അനുരഞ്ജനയത്നങ്ങളിൽ നിന്ന് പാത്രിയർക്കീസ് വിഭാഗത്തിലെ ചിലർ പിന്മാറിയതോടെ സഭാതലത്തിൽ യോജിക്കാനുള്ള ശ്രമം നിലച്ചു. ആ സാഹചര്യത്തിൽ അസോസിയേഷൻ വിളിച്ചു കൂട്ടാനുള്ള പ്രാരംഭ നടപടികളുമായി സഭാകേന്ദ്രം മുമ്പോട്ടു നീങ്ങി.

ഇക്കാര്യം സംബന്ധിച്ച് എന്തു നിലതിരിവ് പ്രകടമായിത്തുടങ്ങി.

പാത്രിയർക്കീസ് കക്ഷിയുടെ മുഖ്യ അഭിഭാഷകനായിരുന്ന പരാശരൻ നല്കിയ നിയമോപദേശ പ്രകാരം അസോസിയേഷൻ ചേരുന്നതിൽ എങ്ങനെ സഹകരിക്കണം എന്നാലോചിക്കുന്നതിനു പകരം അസോസിയേഷൻ ചേരുന്നതിനെ ഏതെല്ലാം വിധത്തിൽ തടസ്സപ്പെടുത്താമെന്നതായി സഭായോജിപ്പിനു താത്പര്യമില്ലാത്ത സഭൈക്യ വിരുദ്ധരുടെ അന്വേഷണം. ആ സമയം അസോസിയേഷൻ വിളിച്ചുകൂട്ടിയാൽ പാത്രിയർക്കീസുപക്ഷത്തുനിന്നു മിക്ക പള്ളികളും അതിൽ സംബന്ധിക്കുമെന്നു ഉറപ്പായതിനാൽ ഈ വിഭാഗങ്ങൾ തമ്മിൽ ശത്രുത വളർത്തുകയും പാത്രിയർക്കീസ് വിഭാഗത്തെ പുനർസംഘടിപ്പിച്ച് ഒരിക്കലും സഭായോജിപ്പ് സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നതായി അസോസിയേഷൻ പാടെടുക്കണം എന്നറിയുന്നതിനായി പാത്രിയർക്കീസ് വിഭാഗം സുപ്രീംകോടതിയിൽ അവർക്കുവേണ്ടി കേസ് വാദിച്ച അഡ്വ. പരാശരനോട് നിയമോപദേശം ആരാഞ്ഞു. കാതോലിക്ക മലങ്കരസഭയുടെ തലവനായതുകൊണ്ട് അദ്ദേഹത്തിന് മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടാനുള്ള അധികാരവും ഉത്തരവാദിത്വവും ഉണ്ടെന്നും അതിനാൽ എല്ലാവരും അക്കാര്യത്തിൽ സഹകരിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം എഴുതികൊടുത്തു. അതിനു സമ്മതമില്ലാതിരുന്ന പാത്രിയർക്കീസ് കക്ഷിയിലെ ഒരു വിഭാഗം ഉടക്കുകേസുകളുമായി മുമ്പോട്ടു പോകാൻ തീരുമാനിച്ചു. ഈ ഘട്ടം മുതൽ പാത്രിയർക്കീസ് കക്ഷിയിൽ വ്യക്തമായ ചേരിചേരുന്നത് വൈകിക്കുന്നത് സഹായകമാകുമെന്ന് മനസ്സിലാക്കി അതിനുവേണ്ടി സുപ്രീംകോടതിയിൽ പരാതി ബോധിപ്പിച്ചു. അതിലെ പ്രധാന കാര്യങ്ങൾ താഴെ നൽകുന്നു.

1. മലങ്കര അസോസിയേഷൻ വിളിച്ചു കൂട്ടുന്നതിന് സാഹചര്യം സൃഷ്ടിക്കാൻ കൂടുതൽ സമയം അനുവദിക്കണം.

2. അസോസിയേഷൻ വിളിച്ചു കൂട്ടാൻ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവായ്ക്ക് അധികാരമില്ല, കാരണം അദ്ദേഹം മലങ്കരമെത്രാപ്പോലീത്തയാണെന്ന് വിധിയിൽ ഒരിടത്തും പറയുന്നില്ല.

3. മുമ്പ് അസോസിയേഷൻ വിളിച്ചു കൂട്ടിയ നടപടിയിൽ അഴിമതി നടന്നിട്ടുണ്ട്. അതിനാൽ ഇപ്രകാരം വിളിച്ചു കൂട്ടുന്ന അസോസിയേഷനിൽ നിന്ന് നീതി ലഭിക്കുകയില്ല.

4. അസോസിയേഷൻ വിളിച്ചു കൂട്ടുന്നത് ഒരു കമ്മീഷന്റെ ചുമതലയിലായിരിക്കണം.

ഈ പരാതി സമർപ്പിച്ചിട്ടും അസോസിയേഷൻ വിളിച്ചു കൂട്ടുന്നതിന് നിരോധനമൊന്നും ഉണ്ടായില്ല. എന്നിരുന്നാൽ തന്നെയും ഈ വിഷയം സംബന്ധിച്ച് ആക്ഷേപം സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്ന സ്ഥിതിക്ക് അതിന്റെ തീർപ്പിനു വേണ്ടി സഭാനേതൃത്വം കാത്തിരിക്കുകയായിരുന്നു. എന്നാൽ പല കാരണങ്ങളാൽ കേസുവാദം നീണ്ടുപോയി. ഒടുവിൽ കേസെടുത്ത ദിവസം തന്നെ നാലു പരാതികൾ ഒന്നിനു പിന്നാലെ ഒന്നായി തള്ളി. കേസുകൾ എത്ര മാത്രം ബാലിശമായിരുന്നു എന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. അവശേഷിക്കുന്ന രണ്ടു കേസുകൾകൂടി തള്ളുമെന്ന് ഉറപ്പായപ്പോൾ മാർ ദീവന്നാസിയോസിന്റെ അഭിഭാഷകൻ അസുഖമായി കേസുവാദം നീട്ടിവയ്പിച്ചു. പിന്നീട് കേസ് പോസ്റ്റ് ചെയ്തത് കഴിഞ്ഞ മാസം 18ന് ആയിരുന്നു. ആ സമയം മാർ ദീവന്നാസിയോസിനുവേണ്ടി ഹാജരായ അഭിഭാഷകൻ അവശേഷിച്ച കേസുകൾ പിൻവലിക്കുകയും തുടർന്ന് കോടതി കേസുകൾ തള്ളിയതായി പ്രഖ്യാപിക്കുകയും ചെയ്തു. അതോടെ മലങ്കര അസോസിയേഷൻ വിളിച്ചു കൂട്ടുന്നതിനുള്ള നടപടികൾ സഭാ കേന്ദ്രം പുനരാരംഭിച്ചിരിക്കുകയാണ്.

സുപ്രീംകോടതിയിലെ കേസുകൾ പിൻവലിച്ചതിനെക്കുറിച്ച് ദീവന്നാസിയോസ് പക്ഷം നടത്തിയ പ്രസ്താവനകൾ സത്യവിരുദ്ധമാണ്. കേസുകൾ തള്ളിയില്ല. പിൻവലിച്ചതേയുള്ളു. കാതോലിക്ക മലങ്കര മെത്രാപ്പോലീത്തായാണെന്ന് കോടതി അംഗീകരിച്ചിട്ടില്ല. അതുകൊണ്ട് അദ്ദേഹം മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടുന്നതിന് നിയമവിരുദ്ധമാണ്. ഹൈക്കോടതിയിൽ കേസ് കിടക്കുന്നതിനാൽ സുപ്രീംകോടതിയിലേതു പിൻവലിച്ചെന്നേയുള്ളു. ഇങ്ങനെ പോകുന്നു വിശദീകരണങ്ങൾ.

ഈ സാഹചര്യത്തിൽ മാർ ദീവന്നാസ്യോസിന് ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ബാധ്യതയുണ്ട്.

1) കാതോലിക്കായുടെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ചോദ്യം ചെയ്തുകൊണ്ടാണ് സുപ്രീം കോടതിയിൽ പരാതി സമർപ്പിച്ചിരുന്നത്. ഈ തർക്കത്തിന് തീരുമാനം കല്പിക്കുവാൻ കോടതി തയ്യാറായപ്പോൾ പരാതി പിൻവലിച്ചതെന്തിനാണ്? പരാതിയിന്മേൽ കോടതിയുടെ തീർപ്പ് അറിയാൻ പാരാതിക്കാരന് താത്പര്യമില്ലാതെ പോയത് എന്തുകൊണ്ടാണ്? പ്രത്യേകിച്ചും ഫലമറിയാൻ ഒട്ടും കാത്തിരിപ്പ് ആവശ്യമില്ലാതിരുന്നിട്ടുപോലും! വിധി ഗുണകരമാവുകയില്ലെന്ന് ഉറപ്പായതിനാലല്ലേ?

2) സുപ്രീം കോടതിയിലെ കേസുകൾ പിൻവലിച്ചത് ഹൈക്കോടതിയിൽ കേസ് കൊടുത്തതുകൊണ്ടാണെന്നു പറയുന്നു. എന്നാൽ ഹൈക്കോടതിയിലെ കേസാണല്ലോ ആദ്യം കൊടുത്തത്. പിന്നെയെന്തിനാണ് സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തത്? ഹൈക്കോടതിയിലെ കേസ് നടത്തിയാൽ മതിയായിരുന്നല്ലോ.

3) ഹൈക്കോടതിയിലെ കേസും സുപ്രീം കോടതിയിലെ കേസുകളും തമ്മിൽ യാതൊരു സാദൃശ്യവുമില്ല. ഹൈക്കോടതിയിലെ കേസ് വിധി നടത്തിപ്പിന് ഉള്ള (execution petition)താണ്. 1995 ലെ ഏതു വിധിന്യായം നടപ്പാക്കുവാനാണ് മാർ ദീവന്നാസ്യോസിന് താത്പര്യവും തിടുക്കവുമെന്ന് വ്യക്തമാക്കാമോ? മാത്രവുമല്ല സാധാരണഗതിയിൽ നടത്തിപ്പ് പരാതി നൽകുന്നത് കേസിൽ കാതോലിക്കായുടെ തെരഞ്ഞെടുപ്പും വാഴ്ചയും കോടതി അസന്നിഗ്ധമായി ശരിവച്ചിട്ടുണ്ട്. ആ നിലക്ക് അദ്ദേഹം മലങ്കര സഭയുടെ ഭരണത്തലവ (execution head) നാണ്. വിധി നടത്തിപ്പിന് കോടതിയെ സമീപിക്കുന്നെങ്കിൽ ന്യായമായും അദ്ദഹമല്ലേ അതു ചെയ്യേണ്ടത്? അതോ status quo പ്രകാരം മാത്രം ഭരണത്തിൽ തുടരാൻ അനുവാദം കിട്ടിയ വ്യക്തിയോ? സാമാന്യ ബുദ്ധിയുള്ളവർക്ക് മനസ്സിലാകുന്ന കാര്യമല്ലേ ഇത്?

4) ഇവിടെ കോടതി ഇടപെട്ട് നടത്തിയെടുക്കേണ്ട വിധിന്യായമെന്താണ്? അസോസിയേഷൻ വിളിച്ച് ഭരണക്രമീകരണം ചെയ്യുകയാണ് ഈ കേസിലെ വിധി നടപ്പാക്കൽ. ഇതിൽ കോടതിക്ക് എന്തു പങ്കാണുള്ളത്? 1995 ലെ വിധിയിൽ തന്നെ മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടാൻ സഭാധ്യക്ഷനോട് കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിലുപരി നടത്തിപ്പുകാര്യത്തിൽ കോടതിക്ക് എന്താണ് ചെയ്യുവാനുള്ളത്?

ഹൈക്കോടതിയിൽ വിധി നടത്താൻ അന്യായം കൊടുക്കുകയും പിന്നീട് സുപ്രീം കോടതിയിൽ അസോസിയേഷൻ വിളിച്ചു കൂട്ടുന്നതിനെതിരെ പരാതിപ്പെടുകയും കേസ് കേൾക്കുന്ന സമയമായപ്പോൾ പിൻവലിക്കുകയും, തങ്ങൾ കീഴ്ക്കോടതിയിലേക്ക് പോകാനാണ് കേസ് പിൻവലിച്ചതെന്നു പ്രസ്താവന നടത്തുകയുമെല്ലാം കാട്ടിക്കൂട്ടുന്ന കക്ഷിനേതൃത്വത്തിന് സാരമായ എന്തോ പന്തികേടുണ്ടെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഏതായാലും ഇതെല്ലാം ജനവഞ്ചനയുടെ വിവിധ ഘട്ടങ്ങളെന്നു സഭാംഗങ്ങൾ മനസ്സിലാക്കണം.

ഇനി അന്വേഷിക്കേണ്ടത് ഇവർ പറയുന്നതുപോലെ ഇപ്പോഴത്തെ കാതോലിക്ക പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവയ്ക്ക് മലങ്കര മെത്രാപ്പോലീത്ത സ്ഥാനം ഇല്ലെന്ന് സുപ്രീംകോടതിവിധിയിൽ പറയുന്നുണ്ടോ എന്നതാണ്, ഇക്കാര്യത്തിൽ പ്രസ്തുത ആരോപണം ഉന്നയിക്കുന്നവർക്കു പോലും ബോധ്യമില്ല. അതുകൊണ്ടാണല്ലോ ഈ വിഷയം സംബന്ധിച്ച കേസ് സുപ്രീം കോടതി പരിഗണനക്കെടുത്തപ്പോൾ പിൻവലിച്ചതു തന്നെ. എന്നിരുന്നാലും ഇത് സംബന്ധമായ ചില കാര്യങ്ങൾ ഇവിടെ വിശദമാക്കേണ്ടതുണ്ട്.

1. ഇപ്പോഴത്തെ കാതോലിക്കാ ബാവയുടെ തെരഞ്ഞെടുപ്പും വാഴിക്കലും കോടതി അംഗീകരിച്ചതായി പറയുന്നു. അദ്ദേഹത്തെ തെരഞ്ഞെടുത്ത് കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തായുമായിട്ടാണ്. അസോസിയേഷൻ അജണ്ട പരിശോധിക്കുന്ന ഏതൊരാൾക്കും ഇക്കാര്യം വ്യക്തമാകും.

2. ഇവിടെ മലങ്കര മെത്രാപ്പോലീത്ത ഉള്ള സമയത്താണ് മറ്റൊരാളെ ആദ്യത്തെ കാതോലിക്കയായി വാഴിച്ചത്. 1934-ൽ മലങ്കര മെത്രാപ്പോലീത്തയായിരുന്ന വട്ടശേരിൽ മാർ ദീവന്നാസിയോസിനുശേഷം എന്നും കാതോലിക്ക-മലങ്കര മെത്രാപ്പോലീത്ത സ്ഥാനങ്ങൾ ഒരാൾക്കു തന്നെയായിരുന്നു.

ശേഷം 21-ാംപേജിൽ

പ്രതിമാസചിന്തകൾ

# ആരാണ് ജീവിത വിജയം നേടുന്നവർ?

*ഗുരുജി*

ജീവിതത്തിൽ വിജയം ആഗ്രഹിക്കാത്തവരായി ആരാണു ഉള്ളത്? മാതാപിതാക്കളും ഗുരുജനങ്ങളും ആദ്ധ്യാത്മീക പ്രവർത്തകരും എല്ലാം ചെറുപ്പം മുതലേ കുട്ടികളെ ഉപദേശിക്കുന്നത് ജീവിതത്തിൽ വിജയം നേടാൻ പരിശ്രമിക്കണമെന്നാണ്. ശ്രദ്ധേയമായ ഒരു തത്വശാസ്ത്രമാണിത്. പക്ഷേ ആരാണ് യഥാർത്ഥത്തിൽ ജീവിത വിജയം നേടുന്നവർ? ജീവിത വിജയത്തെക്കുറിച്ച് നാം ഇന്നു ധരിച്ചു വച്ചിരിക്കുന്ന നിർവചനങ്ങൾ പരിശോധിച്ചാൽ, വ്യക്തമായ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നവർ, ധനം സമ്പാദിക്കുന്നവർ, പ്രശസ്തി ആർജ്ജിക്കുന്നവർ, അറിവും അധികാരവും ഉള്ളവർ ഒക്കെ ജീവിതത്തിൽ വിജയിച്ചവരായി നാം വിലയിരുത്തുന്നു. അവരുടെ അദ്ധ്വാനത്തിന്റെ ഫലം അവർ ആസ്വദിക്കുന്നു. നല്ല ജീവിതം നയിക്കുന്നു. സാമ്പത്തിക സുരക്ഷിതത്വവും ജീവിത ഭദ്രതയും അവർ നേടുന്നു. അവരിൽ പലരും അറിയപ്പെടുന്ന നേതാക്കളോ, പൊതു ജനാഭിപ്രായം രൂപീകരിക്കുന്നവരോ, ചരിത്രത്തിന്റെ ഗതിയെ തുരന്ന് നിയന്ത്രിക്കുന്നവരോ ആണ്. അവരുടെ മോഡലുകൾ അനുകരിക്കപ്പെടുന്നു. ആരാധകവൃന്ദം അവർക്കും ചുറ്റും കൂടുന്നു. അവരുടെ നേട്ടങ്ങൾ മറ്റുള്ളവർക്കു പ്രചോദനം നൽകുന്നു. എന്തു ചെയ്യുന്നു വെന്നും എങ്ങോട്ടു പോകുന്നുവെന്നും അവർക്ക് നന്നായി അറിയാം. ലക്ഷ്യപ്രാപ്തിക്കു വേണ്ടി ആത്മവിശ്വാസത്തോടെ അവർ മുന്നോട്ടു കുതിക്കുന്നു.

ഈ പൊതു സ്വഭാവങ്ങളുടെ ഉടമകളാണെങ്കിലും പരാജിതരുടെ പട്ടികയിൽ സ്ഥാനം പിടിച്ച പല കഥാപാത്രങ്ങളും വേദപുസ്തകത്തിലുണ്ട്. നല്ല ജീവിതം നയിച്ചു. പക്ഷേ ജീവിതം മുഴുവൻ കഷ്ടതയുടെയും ദുഃഖത്തിന്റെയും പാനപാത്രം മാത്രം ഏറ്റുവാങ്ങേണ്ടിവന്നവർ. അത്തരക്കാരിലൊരാളായിരുന്നു യിരെമ്യാ പ്രവാചകൻ. 40 വർഷത്തോളം ദൈവത്തിന്റെ വക്താവായി യഹൂദയിൽ പ്രസംഗിച്ചു നടന്നു. പക്ഷേ ആരും ചെവി കൊണ്ടില്ല. സാമ്പത്തികമോ, ഭൗതികമായോ ഒരു നേട്ടവും കൈവരിച്ചില്ല. ദരിദ്രനായി ജീവിച്ചു എന്നു മാത്രമല്ല, തന്റെ പ്രവചനങ്ങൾ സാക്ഷാത്ക്കരിക്കാൻ ദുർഘടമായ പാതയിലൂടെ മാത്രം സഞ്ചരിക്കേണ്ടി വന്നു. കൈപ്പേറിയ അനുഭവങ്ങൾ ഏറ്റു വാങ്ങി. യിരെമ്യാവിന്റെ പ്രവചനം കേട്ട ഒരു പുരോഹിതൻ ഒരിക്കൽ അവനെ അടിച്ചു. അധികാരികൾ ജയിലിലടച്ചു. ആമത്തിലിട്ടു തന്റെ ഇഷ്ടത്തിനു വിപരീതമായി ഈജിപ്തിലേക്കു നാടു കടത്തപ്പെട്ടു.


*ദൈവത്തെ സേവിക്കുന്നവർക്കെല്ലാം ഭൗതിക സുരക്ഷിതത്വവും ക്ലേശരഹിതമായ ഇഹലോക ജീവിതവും ഗാരന്റി ചെയ്യപ്പെടുന്നില്ല. രണ്ട്, ജീവിത വിജയത്തെക്കുറിച്ച് ഈ ലോകത്തിലെ ഭൂരിപക്ഷാഭിപ്രായം ദൈവത്തിന്റെ ഹിതമായിരിക്കണമെന്നില്ല.*


എല്ലാവരും അവനെ പരിഹസിച്ചു. സുഹൃത്തുക്കളും, അയൽക്കാരും, കേൾവിക്കാരും മാത്രമല്ല, സ്വന്തം കുടുംബക്കാരും യിരെമ്യാവിനെ ഉപേക്ഷിച്ചു.

ജീവിതം മുഴുവൻ തനിച്ചായി. "ഞാൻ സഹിച്ചു. തളർന്നു വയ്യാതായി" (20:19) എന്നൊരിക്കൽ വിലപിച്ചു. കഷ്ടതയും സങ്കടവും സഹിക്കാതായപ്പോൾ "നീ എന്തിനെനിക്കു ജന്മം നൽകി" എന്നു പോലും ദൈവത്തോടു ചോദിച്ചു. ജീവിത ഭാരം താങ്ങാനാവാതാകുമ്പോൾ നമ്മിൽ പലരും സ്വയം ചോദിച്ചു പോകുന്ന അതേ ചോദ്യം. ദൈവത്തിന്റെ കോപം ഏറ്റുവാങ്ങാൻ കാത്തിരിക്കുന്നതന്റെ രാജ്യത്തിന്റെ വിധിയെ ഓർത്ത് ഏകാന്തനായി വിലപിച്ചു. "വിലാപത്തിന്റെ പ്രവാചകൻ" (weeping prophet) എന്ന അപര നാമത്തിൽ യിരെമ്യാവെന്നറിയപ്പെടുന്നു. ചുരുക്കത്തിൽ, ലോകത്തിന്റെ മാനദണ്ഡങ്ങൾ വച്ചു അളന്നാൽ യിരെമ്യാവിന്റെ ജീവിതം തികഞ്ഞ പരാജയമായിരുന്നു.

രണ്ട് സുപ്രധാന തത്വങ്ങളാണ് യിരമ്യാവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്. ഒന്ന്, ദൈവത്തെ സേവിക്കുന്നവർക്കെല്ലാം ഭൗതിക സുരക്ഷിതത്വവും ക്ലേശരഹിതമായ ഇഹലോക ജീവിതവും ഗാരന്റി ചെയ്യപ്പെടുന്നില്ല. രണ്ട്, ജീവിത വിജയത്തെക്കുറിച്ച് ഈ ലോകത്തിലെ ഭൂരിപക്ഷാഭിപ്രായം ദൈവത്തിന്റെ ഹിതമായിരിക്കണമെന്നില്ല.

പക്ഷേ, ദൈവത്തിന്റെ ദൃഷ്ടിയിൽ യിരമ്യാവ് ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ വിജയമായി നിലകൊള്ളുന്നു. ദൈവത്തിന്റെ വിളിയോടു ഉള്ള നമ്മുടെ അനുസരണവും വിശ്വസ്തതയുമാണ് ജീവിതത്തെ വിലയിരുത്താൻ ദൈവം ഉപയോഗിക്കുന്ന അളവുകോൽ. എല്ലാ പ്രതിബന്ധങ്ങളെയും വ്യക്തി പരമായ കഷ്ടനഷ്ടങ്ങളെയും തൃണവൽഗണിച്ച് ഏറ്റവും വിശ്വസ്തതയോടെ ദൈവവചനം യെരിമ്യാവ് ഉദ്ഘോഷിച്ചു. തന്റെ വിളിയോടദ്ദേഹം വിശ്വസ്തത പുലർത്തി. യിരമ്യാവിന്റെ പുസ്തകം തുടങ്ങുന്നതു തന്നെ, ജാതികൾക്കു പ്രവാചകനാകാനുള്ള ദൈവവിളിയെ സൂചിപ്പിച്ചുകൊണ്ടാണ്. "നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു" (യിരെമ്യാ 1:4) എന്നാണ് ദൈവം യിരമ്യാവിനോടു പറഞ്ഞത്. അങ്ങനെ, ഓരോരുത്തരുടെയും സൃഷ്ടിയിലൂടെ ദൈവത്തിന് ചില ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കാനുണ്ട്. ചിലരെ ചില പ്രത്യേക വേലക്കായി നിയമിച്ചിരിക്കുന്നു വെന്നു മാത്രം. "അവൻ ചിലരെ അപ്പോസ്തോലന്മാരായും, ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകന്മാരായും, ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കളായും നിയമിച്ചിരിക്കുന്നു." (എഫെസ്യർ 4:11) ഈ ദൗത്യം പൂർത്തികരിക്കാനുള്ള കഴിവും അവർക്ക് നൽകിയിരിക്കുന്നു.

സൃഷ്ടിയിലെ ദൈവോദ്ദേശ്യം മനസ്സിലാക്കി അതു വിശ്വസ്തതയോടെ നിറവേറ്റുന്നവരാണ് യഥാർത്ഥത്തിൽ ജീവിതത്തിൽ വിജയിക്കുന്നത് "നിങ്ങളെ വിളിച്ചി ☞☞

☞☞ രിക്കുന്ന വിളിയോടു യോഗ്യമാം വണ്ണം ജീവിക്കാൻ" എന്ന് (എഫെസ്യർ 4:1) വി. പൗലൂസ് ആഹ്വാനം ചെയ്യുന്നു. നിങ്ങൾ ഒരദ്ധ്യാപകനോ, ബിസ്സിനസുകാരനോ, കലാകാരനോ, വീട്ടമ്മയോ, എന്തുമാകട്ടെ, നിങ്ങളുടെ സൃഷ്ടിയിലൂടെ ദൈവം ആഗ്രഹിച്ച ലക്ഷ്യം മനസ്സിലാക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ? പ്രസ്തുത വിളിക്കു യോഗ്യമാം വണ്ണം പൂർണ്ണ വിനയത്തോടും, സൗമ്യതയോടും, ദീർഘക്ഷമയോടും (എഫെസ്യർ 4:2) അതു പ്രാവർത്തികമാക്കി ദൈവദൃഷ്ടിയിൽ വിജയിക്കാൻ സ്വയം സമർപ്പിച്ചിട്ടുണ്ടോ?

ഇപ്രകാരം ദൈവോദേശ്യം മനസ്സിലാക്കി സ്വയം സമർപ്പിച്ച ഒരു വിജയ ഗാഥയാണ് പോൾ ജെ. മേയറുടേത്. അമേരിക്കയിലെ Success Motivation Institute (SMI) ന്റെ ഡയറക്ടറായ ഈ കോടീശ്വരൻ അനേകർക്ക് വിജയമന്ത്രം ചൊല്ലിക്കൊടുത്ത് ജീവിത വിജയത്തിന്റെ പാന്ഥാവിലൂടെ നടത്തുന്നു.

ആ കഥ അടുത്തതിൽ

സഭാദിനചിന്തകൾ

# നിങ്ങൾ ഈ ചെറിയവർക്കു ചെയ്യുന്നതൊക്കെയും......

*ഈയെൻകെ*

രോഗം ആർക്ക് എപ്പോൾ എങ്ങനെ ഉണ്ടാകുന്നു എന്നതിനേക്കുറിച്ചോ, ശാരീരിക വൈകല്യവും മാനസിക വൈകല്യവും എങ്ങനെ സംഭവിക്കുന്നു എന്നതിനേക്കുറിച്ചോ, രോഗം ദൈവശിക്ഷയാണ്; പാപഫലമാണ്; സാത്താന്റെ പരീക്ഷയാണ് തുടങ്ങിയ വിവിധ അഭിപ്രായങ്ങളുടെ യാഥാർത്ഥ്യങ്ങളേക്കുറിച്ചോ ചിന്തിക്കുവാനല്ല ഇവിടെ തുനിയുന്നത്. എന്നാൽ ജാതി ഭേതമില്ലാതെ വർണ്ണ വർഗ്ഗ വ്യത്യാസം കൂടാതെ ദൈവസൃഷ്ടികളായ മനുഷ്യ സസ്യ ജന്തുജീവ ജാലങ്ങൾക്കെല്ലാം എപ്പോൾ വേണമെങ്കിലും രോഗം ബാധിക്കാം എന്നു മാത്രം ഓർത്തുകൊണ്ട് ചില ആവശ്യങ്ങളും അഭിപ്രായങ്ങളും അറിയിക്കട്ടെ.

1. നമ്മുടെ ഓർത്തഡോക്സ് സഭയിൽ മാരകമായ രോഗം ബാധിച്ചു കഴിയുന്നവരും ശാരീരിക വൈകല്യം നിമിത്തം കിടക്കയിൽ കഴിയുന്നവരും മന്ദബുദ്ധികളായവരും അന്ധരായവരും വികലാംഗരായവരുമായി എത്ര പേരുണ്ടാകും? സഭയിൽ ഇതിനേക്കുറിച്ച് എന്തെങ്കിലും ആധികാരികമായ കണക്കുണ്ടോ? ഇല്ലെങ്കിൽ അതിനായി ഒരു ആത്മാർത്ഥ ശ്രമം നടത്തിക്കൂടേ......

2. ഇങ്ങനെ കണ്ടെത്തുന്ന സഭാമക്കൾക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടത് സഭയുടെ കർത്തവ്യമാകുന്നു. പ്രത്യേകിച്ച് ചികിത്സാ സഹായം ഇപ്പോൾ നിലവിലുള്ള SAF വിപുലീകരിച്ച് ഉചിതമെങ്കിൽ ഭദ്രാസനങ്ങളുടെ ചുമതലയിൽ ഒരു അക്ഷയനിധി സ്വരൂപിച്ച് (സ്വദേശത്തും വിദേശത്തും ഉള്ള സഭാ മക്കൾ ഈ നല്ല കാര്യത്തിന് ആത്മാർത്ഥമായ സഹകരണം നൽകും എന്നത് തീർച്ചാണ്) അർഹതപ്പെട്ടവരെ കണ്ടെത്തി സഹായിക്കുവാൻ കഴിയണം.

3. വിദ്യാസമ്പന്നരായ വികലാംഗകർക്ക് സഭയുടെ സ്ഥാപനങ്ങളിൽ തൊഴിൽ കൊടുക്കുന്നതും സ്വയം തൊഴിൽ ചെയ്ത് ജീവിക്കുവാൻ പ്രാപ്തിയുള്ളവരെ സഹായിക്കേണ്ടതും അർഹതപ്പെട്ടവർക്കു പെൻഷൻ നൽകി അവർക്ക് ആശ്വാസം നൽകേണ്ടതും സഭയുടെ കർത്തവ്യങ്ങളാണ്.

4. ജീവിതത്തിരക്കിനിടയിൽ ഒട്ടും തിരക്കില്ലാതെ കിടക്കയിൽ കഴിയുന്നവർ, വീൽചെയറിൽ കഴിയുന്നവർ, ഒരു പക്ഷെ, ജനലിൽകൂടി മാത്രം ലോകത്തെ കണ്ടുകൊണ്ടിരിക്കുന്ന കുറച്ചു മനുഷ്യരെങ്കിലും നമ്മുടെ സഭയിലും കാണും. പരസ്പരം കണ്ടു മുട്ടാത്തവർ അന്യോന്യം പ്രാർത്ഥനയിൽ കാണുവാൻ തക്കവണ്ണം ഒരു പ്രാർത്ഥനാ വലയം സൃഷ്ടിക്കാൻ സാധിച്ചാൽ പ്രാർത്ഥനയിലൂടെ മാനസികമായ ഉത്തേജനം കൈവരിക്കുവാൻ ഇവർക്കു കഴിയും എല്ലാവരുടെയും ഒരേ സമയത്തുള്ള പ്രാർത്ഥന മരണത്തെ കാത്തു കഴിയുന്നവർക്കും രോഗത്തിൽ നിരാശപൂണ്ടിരിക്കുന്നവർക്കും സാന്ത്വനമരുളും.

5. പരസ്പരം കത്തുകളിലൂടെ ആശയ വിനിമയം നടത്തി സുഖദുഃഖങ്ങൾ പങ്കുവെക്കുവാനുള്ള ഒരു സൗകര്യം ഒരുക്കിക്കൊടുത്താൻ അവർക്ക് എന്തൊരു സന്തോഷമായിരിക്കും അതിനായി സൗഹൃദപംക്തി എന്ന ആശയം മുന്നിൽ കണ്ട് മലങ്കര സഭാ മാസികയിലെ അല്പം സ്ഥലം വിനിയോഗിക്കുമെങ്കിൽ നല്ലതായിരുന്നു.

ഈ ആവശ്യങ്ങൾ വെറും സഹായാഭ്യർത്ഥനയായി കാണാതെ. വികലാംഗരും രോഗികളും സഭയുടെ മക്കളാണ് എന്ന സത്യം ഉൾക്കൊണ്ടുകൊണ്ട് സഭ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സഭയുടേയും കുടുംബങ്ങളുടെയും വ്യക്തികളുടെയും ബലഹീനവശം മനസ്സിലാക്കി തട്ടിയെടുക്കാനും അതിക്രമിച്ച് കയറാനും തക്കം പാർക്കുന്ന ശക്തികളെ പിന്തിരിപ്പിക്കാനും അവയുടെ ആകർഷണത്തിൽ വീഴാതിരിക്കാനും സഭാമക്കളെ ശക്തരാക്കേണ്ടിയിരിക്കുന്നു.

ഈ ആവശ്യങ്ങളുടെ ഗുണദോഷഫലങ്ങളേക്കുറിച്ച് ചിന്തിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സഭയുടെ ഉത്തരവാദിത്തപ്പെട്ടവരോട് അപേക്ഷിക്കുന്നു. വായനക്കാരും പ്രതികരിക്കുമല്ലോ.

കൂട്ടിവായിക്കാൻ..... അപ്പോൾ പത്രോസ്, വെള്ളിയും പൊന്നും എനിക്കില്ല. എനിക്കുള്ളത് നിനക്കു തരുന്നു നസ്രായനായ യേശു ക്രിസ്തുവിന്റെ നാമത്തിൽ നടക്ക എന്നു പറഞ്ഞ് അവനെ വലങ്കൈ പിടിച്ച് എഴുന്നേൽപ്പിച്ചു (അപ്പോ. 3:6,7). അപ്പോസ്തലന്മാരുടെ പ്രവർത്തനങ്ങളിൽ ഈ സംഭവം തിളങ്ങിനില്ക്കുന്നു. ഈ അനുഭവത്തെ ഓർമ്മിച്ചു കൊണ്ട് സ്വർണ്ണ വെള്ളിയാഴ്ച എന്ന പേരിൽ നാം ആചരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട് എന്നാണ് തോന്നുന്നത്. പക്ഷേ.........

# ബാലസഭ

കഥ

## നടവഴികൾ.....

നീണ്ട പടികൾ ഓടിക്കയറി ഒടുവിൽ മുകളിൽ മുത്തുകൾ പതിപ്പിച്ച കുഞ്ഞു ഫ്രോക്കുമിട്ട് ഒരു മാലാഖയെപ്പോലെ അലീന തിരിഞ്ഞു നിന്നു.

"ഇതാ നിന്റെ ബാഗ്" പപ്പ കൈനീട്ടി

ബാഗുവാങ്ങി പാപ്പായ്ക്ക് മുത്തം കൊടുത്ത് അലീന രണ്ടു ബിയിലേക്കു നടന്നു. ഇളവെയിലിൽ കുരുന്നുകൾ കുരവയിട്ട് കളിക്കുന്നു. ഗ്രാമത്തിലെ ഏക എൽ.പി. സ്ക്കൂളായതിനാൽ കുട്ടികൾ വേണ്ടുമോളമുണ്ട്. വരാന്തയിലൂടെ നടന്ന അലീന ക്ലാസ്സിലെത്തി ഡസ്കിൽ ബാഗു വച്ച് തിരിഞ്ഞു നോക്കി. പുറകിലെ ബഞ്ചിൽ എന്നു മിടാറുള്ള പുള്ളിയുടുപ്പണിഞ്ഞ കൂട്ടുകാരി സീത തലകുനിച്ചിരിക്കുന്നു.

"ഏയ് സീതമ്മാ നോക്കിക്കേ" അലീന വിളിച്ചു മുഖമുയർത്തി നോക്കിയ സീതമ്മ അവളുടെ നിറഞ്ഞ കണ്ണിലൂടെ കണ്ടു. അലീനയുടെ കൈയ്യിൽ രണ്ട് കമ്പു മിഠായികൾ. സീതയുടെ ചുവന്ന കണ്ണുകൾ കണ്ട അലീന ചോദിച്ചു.

"എന്തുപറ്റി സീതമ്മാ?"

സീതയുടെ കണ്ണീർ മണികൾ മുത്തുകൾ പോലെ ചിതറി വീണു ചുമലിളക്കി എങ്ങലൊതുക്കി സീതമ്മ പറഞ്ഞു.

"അപ്പായെ കൊണ്ടുപോയി..... ഇന്നലെരാത്രി.... പിടിച്ചുകെട്ടി....."

അലീന നെറ്റി ചുളിച്ചു. സീതമ്മയുടെ അപ്പാ ഒരു മദ്യപാനിയാണെന്ന് കേട്ടിട്ടുണ്ട്. മദ്യപിച്ചു കഴിഞ്ഞ് ലക്കുകെട്ട് അമ്മായെ തല്ലുമെന്നും പറഞ്ഞിട്ടുണ്ട് അപ്പായെ പിടിച്ചു കെട്ടിക്കൊണ്ടു പോകാൻ എന്താണുണ്ടായത്?

"എവിടെയാണ് സീതമ്മാ അപ്പായെ കൊണ്ടുപോയത്?"

"ആശുത്രീല് കുടിയന്മാരുടെ ആശുത്രീല്"

"ങ്ഹാ അവിടെപ്പോയി കുടി നിർത്തുമ്പം ഇങ്ങു വരിലേ, നീ കരയാതെ ഇതാ നോക്കൂ...."

അലീന അവളുടെ കുഞ്ഞു കൈകളിൽ സീതമ്മയുടെ നനഞ്ഞ മുഖമുയർത്തി രണ്ടു മിഠായികളും അവളുടെ കൈയിലേല്പിച്ചു. അവളുടെ അടുത്തിരുന്നു ആശ്വസിപ്പിച്ചു. അലീനയുടെ ഏങ്ങലടികൾ പതുക്കെ അലിഞ്ഞില്ലാതെയായി.

ബെല്ലടിച്ചു. ക്ലാസ്സുകൾ തുടങ്ങി ഉന്മേഷവതിയായി കാണപ്പെട്ടിരുന്ന സീത ഇന്ന് അലസയായിരുന്നു. അലീനയാകട്ടെ സീതമ്മയുടെ അപ്പായെക്കുറിച്ചുള്ള ചിന്തകളിലും അലീന പപ്പയെക്കുറിച്ചു ഓർത്തുപോയി. സർക്കാരോഫീസിൽ ജോലിയുള്ള സ്ക്കൂളിൽ തന്നെ ദിവസവും കൊണ്ടു വിടുന്ന സ്നേഹനിധിയായ പപ്പ. ചിന്തകളെ ഉണർത്തി ഉച്ചമണി മുഴങ്ങി.

സ്ക്കൂൾ വളപ്പിലെ പുളിഞ്ചുവട്ടിൽ നിന്നു കൊണ്ട് ഇടവഴി കടക്കുന്നവരെ നോക്കി അലീന താൻ നിർബന്ധിച്ചു സീതമ്മയ്ക്കു കൊടുത്ത ടിഫിനെപ്പറ്റി ഓർത്തു. അവൾ കഴിച്ചു കാണും. ഇടവഴി കയറി വന്ന ഇളം കാറ്റ് അവളുടെ മുടിയിഴകളെ തഴുകിയപ്പോൾ അലീന തിരിഞ്ഞു നോക്കി അതാ പുള്ളിയുടിപ്പിട്ട് പൈപ്പിനരികെ കുനിഞ്ഞ് നിന്ന് കൈകഴുകുന്ന സീതമ്മ.

അലീനയുടെ വയറു നിറഞ്ഞു.

തോമസ് പി.

## എഡിറ്ററുടെ സന്ദേശം.....

മലങ്കര സഭാ മാസികയിൽ കുട്ടികൾക്കായി ബാലസഭ എന്ന പംക്തി ആരംഭിക്കുക്കുകയാണ്. വളർച്ചയുടെ പാതയിൽ പ്രകാശം പരത്തുന്ന വിഷയങ്ങളാണ് ഇതിലുൾപ്പെടുത്തുക. കുട്ടികളുടെ രചനകൾ കൂടി ഉൾപ്പെടുത്തി ഇതിനെ കൂടുതൽ പ്രയോജനകരമാക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. നിങ്ങളുടെ ഉത്തമ സഖിയായി ഈ പുറം വിളങ്ങട്ടെ എന്നാശംസിക്കുന്നു. സ്നേഹത്തിന്റെ ഉത്തമ മാതൃകയായിരുന്ന നമ്മുടെ കർത്താവിന്റെ ഇഷ്ടന്മാരായിരുന്നു ശിശുക്കളും ശിശു തുല്യരും. ആ ദൈവ സ്നേഹത്തെ അനുഭവിച്ചും, പങ്കുവെച്ചും നമുക്കും വളരാം, ഈ സ്നേഹത്തെ പ്രകാശിപ്പിക്കാം ബാലസഭയുടെ വർണ്ണങ്ങളിലേക്ക് എല്ലാ കൂട്ടുകാർക്കും സ്വാഗതം നിങ്ങളുടെ രചനകൾ പ്രതീക്ഷിച്ചു കൊണ്ട് സ്നേഹപൂർവ്വം....

## ബുദ്ധിമാൻ




## വചന പാത്രം....

"വേനൽക്കാലത്തു സൂക്ഷിച്ചു വയ്ക്കുന്നവൻ ബുദ്ധിമാൻ സദൃശ്യ. 10:5"





# ഒരു തിരിഞ്ഞുനോട്ടം

സി.യു.മാത്യു, കൊച്ചുപുരയ്ക്കൽ


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കഴിഞ്ഞ ഒരു നൂറ്റാണ്ടു കാലങ്ങളിലേക്കുള്ള തിരിഞ്ഞു നോട്ടം അതിന്റെ നാനാമുഖമായ വളർച്ചയ്ക്ക് അനിവാര്യമാണെന്നു കരുതുന്നു.

ഈ കാലയളവിൽ രണ്ട് മൂന്ന് വൻ നിയമയുദ്ധങ്ങൾക്ക് സഭ സാക്ഷ്യം വഹിക്കേണ്ടിവന്നു അത് പുറമെയുള്ള ശത്രുക്കളോടല്ലാ പിന്നെയോ സ്വന്തം സഹോദരങ്ങളോടാണെന്നു പറയുന്നതിൽ ഖേദം ഉണ്ട്. ഒന്നാമത്തേത് സഭയുടെ വളർച്ചയയ്ക്കും പുരോഗതിക്കും വിദേശ മേധാവിത്വം തികച്ചും തടസ്സമാണെന്ന് അനുഭവിച്ചറിഞ്ഞ ധീരയോദ്ധാവും സഭാ സ്നേഹിയുമായ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടത്തിയ പോരാട്ടമായിരുന്നു അതിന്റെ എതിർചേരിയിൽ വിദേശ മേധാവിത്വത്തോടു കൂറുണ്ടായിരുന്ന അക്കരെ സി.ജെ. കുര്യനും (കൊച്ചുപുരയ്ക്കൽ) കോനാട്ടു മാത്തൻ മല്പാനും മുതൽ പേരായിരുന്നു അതിന്റെ പര്യവസാനം വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസിനും കൂട്ടർക്കും അനുകൂലമായിരുന്നു വന്ദ്യ തിരുമേനിയെ മലങ്കര മെത്രാപ്പോലീത്തായായി തിരുവതാംകൂർ ഹൈക്കോടതി അംഗീകരിച്ചു വിദേശ മേധാവിത്വത്തിന്റെ ഫലമായി ഉണ്ടായമുടക്ക് അസാധുവും സാധാരണ നീതിയ്ക്ക് വിരുദ്ധവുമാണെന്നുള്ള തീർപ്പു കല്പിച്ചുകൊണ്ടാണ് അവസാനിച്ചത് ഇതാണ് വട്ടിപ്പണക്കേസ്സ് എന്നറിഞ്ഞിരുന്നത്.

അടുത്ത നിയമ യുദ്ധം വട്ടശ്ശേരിൽ തിരുമേനിയുടെ ദേഹവിയോഗത്തെ തുടർന്ന് 1934 ൽ കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ യോഗത്തെയും അതിലെ തീരുമാനങ്ങളെയും ചൊല്ലിയുള്ള പോരാട്ടമായിരുന്നു അതിനുവേണ്ടി എതിർ ചേരി (പാത്രിയർക്കീസ് പക്ഷം) തൃപ്പൂണിത്തറ കരിങ്ങാച്ചിറ പള്ളിയിൽ ഒരു ബദൽ അസോസിയേഷൻ കൂടുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും അത് സ്ഥിരീകരിച്ച് കിട്ടുവാൻ ഒരു സിവിൽ കേസ് കോട്ടയം ജില്ലാ കോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തു. എന്നാൽ അതിൽ അവർ ജില്ലാക്കോടതിയിൽ പരാജയപ്പെട്ടു അതിനു ശേഷം ഹൈക്കോടതിയിൽ അപ്പീൽ നൽകി വിജയിച്ചതിനെതിരെ കാതോലിക്കാ കക്ഷി സുപ്രീംകോടതിയിൽ അപ്പീൽ നൽകിയതിൽ അവിടെ 1934 ലെ മലങ്കര അസോസിയേഷൻ നിയമപ്രകാരം കൂടിയതും തീരുമാനങ്ങൾ സാധുവാണെന്ന് അവസാനമായി വിധിച്ചു. അങ്ങനെ ആയുദ്ധവും അവസാനിച്ചുയെങ്കിലും 12 വർഷങ്ങൾക്കുശേഷം വിദേശ മേധാവിത്വം മലങ്കര സഭയ്ക്ക് ഒഴിച്ചു കൂടാൻ പാടില്ലാത്തതാണെന്നുള്ള വിശ്വാസത്തോടെ ഇടക്കാല സമാധാനത്തിനു ശേഷം അടുത്ത യുദ്ധത്തിന് 1971-ൽ തുടക്കം കുറിച്ചു. വേദവിപരീതം പ. പാത്രിയർക്കീസ് പ്രഖ്യാപിച്ചതിനുശേഷം മലങ്കര സഭയുടെ അംഗീകാരം ഇല്ലാത്ത വരെ മെത്രാന്മാരായി സഭയിൽ വാഴിച്ചു. അങ്ങിനെ ഉണ്ടായ വ്യവഹാരം 1995 ലെ സുപ്രീം കോടതി വിധി മൂലം പരിഹരിക്കപ്പെട്ടു. സ്ഥാമോഹികളും സഭയുടെ സ്വാതന്ത്ര്യത്തെ നിഹനിക്കുന്നവരും തുടരെ തുടരെ കൊടുത്ത അപേക്ഷകളിൻമേൽ 2001 ജനുവരി 18-ന് വീണ്ടും വിധി എഴുതിയിരിക്കുകയാണ്. ഈ യുദ്ധങ്ങൾ കൊണ്ട് എന്തു സാധിച്ചു എന്ന് ന്യായമായ ചോദ്യം ഉണ്ടാകും അതിന് ചുവടെ ചേർക്കുന്ന ഫലങ്ങളാണ് ലഭിച്ചത്. 1) അന്ത്യോഖ്യാ പാത്രിയർക്കീസിന് ഇഷ്ടം പോലെ മലങ്കരയുടെ പരമമായ സ്ഥാനം വഹിക്കുന്നവരെ മുടക്കുവാനോ ശിക്ഷിക്കുവാനോ കഴിയുകയില്ല. 2) റോയൽ കോടതി വിധികൊണ്ട് പാത്രിയർക്കീസിനുണ്ടായിരുന്ന ആത്മീയ മേൽനോട്ടം സഭാ ഭരണഘടനയ്ക്ക് വിധേയമായി നിയമിക്കപ്പെട്ടു. ആദിമകാലത്ത് മലങ്കര സഭയുടെ അദ്ധ്യക്ഷനായിരുന്ന മലങ്കരയിലെ മെത്രാപ്പോലീത്തായ്ക്കുണ്ടായിരുന്ന രാജകീയ അംഗീകാരം ഇന്ന് ബഹു. സുപ്രീം കോടതി വിധി മൂലം ലഭിച്ചിരുന്നു ഒരു സഭയ്ക്കും ഇതുപോലെ അംഗീകരിക്കപ്പെട്ട ഒരു ഭരണഘടന ഉണ്ടെന്നു തോന്നുന്നില്ല ഇതാണ് സമുദായക്കേസ് വിധിയുടെ അന്തഃസത്ത ഇവിടെ ഇനിയും എന്ത് എന്നൊരു ചോദ്യം അവശേഷിക്കുന്നു. പരാജിതരായവർ സുപ്രീം കോടതി വിധി അംഗീകരിയ്ക്കാൻ പൂർണ്ണമായും ബാധ്യസ്ഥരാണെങ്കിലും അവരുടെ നീക്കങ്ങളും തന്ത്രങ്ങളും വിദേശമേധാവിത്വത്തിന്റെ മറവിൽ സഭയിൽ അസ്വസ്തകളും വ്യവഹാരങ്ങളും നടത്തി സ്ഥാനമാനങ്ങൾ നേടുന്നതിനുള്ളതാണെന്ന് സ്പഷ്ടമാണ്. പുത്തൻ കുരിശ് സമ്മേളനവും അതേ തുടർന്നുള്ള കാര്യങ്ങളും അടുത്തയുദ്ധത്തിന് തിരി കൊളുത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ മലങ്കര സഭാ സ്നേഹികൾ സഭയുടെ ലക്ഷ്യവും സ്ഥാനവും ചരിത്രവും കഴിഞ്ഞകാലങ്ങളിൽ ഉണ്ടായ സംഭവങ്ങളെയും യഥാവിധി പഠിച്ച് കാര്യങ്ങൾ മനസ്സിലാക്കി ജാഗ്രതയോടു കൂടി പ്രവർത്തിക്കണമെന്നതാണ് എല്ലാവരുടെയും കടമ. യുദ്ധങ്ങൾ മൂലം എപ്പോഴും വിനാശങ്ങളാണ് ഉണ്ടാകാറുള്ളത് സാമ്പത്തിക ഞെരുക്കം പ്രവർത്തനങ്ങൾക്ക് മാന്ദ്യം എന്നതാണ് അവയിൽ പ്രാധാനമായിട്ടുള്ളത്. കഴിഞ്ഞ 25 വർഷത്തിനുള്ളിൽ ഈ സഭ ചെലവാക്കിയിട്ടുള്ള ഭീമമായ സമ്പത്ത് സഭയുടെ പുരോഗമനപരമായ പലപ്രവർത്തനങ്ങളെയും മുരടിപ്പിച്ചു

ശേഷം 26-ാം പേജിൽ

# പ്രവർത്തനങ്ങൾക്ക് പിന്തുണ - മുഖ്യമന്ത്രി ദിഗ്‌വിജയ്സിംഗ്



*മദ്ധ്യപ്രദേശ് മുഖ്യമന്ത്രി ശ്രീ. ദിഗ്‌വിജയ്സിംഗ്, ഡോ. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്ത ഭോപ്പാൽ കത്തീഡ്രൽ വികാരി ഫാ. ഷാജി മുകടിയിൽ ട്രസ്റ്റി വി. എം. കോശി സെക്രട്ടറി കെ. സി. വർഗീസ്, ഡി. ജോർജ്ജ് വർഗീസ്, ശ്രീ. ജോൺ വർഗീസ്, ശ്രീ. റോയി വർഗീസ്.*

**ഭോ**പ്പാൽ: കൽക്കട്ടാ ഭദ്രാസന മെത്രാപ്പോലീത്താ അഭി. സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനിയുടെ ജീവകാരുണ്യപരമായ എല്ലാ പ്രവർത്തനങ്ങളെയും മദ്ധ്യപ്രദേശ് മുഖ്യമന്ത്രി ദിഗ്‌വിജയ്സിംഗ് ശ്ലാഘിക്കുകയും എല്ലാ പ്രവർത്തനങ്ങൾക്കും ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുള്ള സർവ്വ പിന്തുണയും വാഗ്ദാനം ചെയ്യുകയും ചെയ്തു.

ഡിസംബർ 25-ാം തീയതി തേവോദോസ്യേസ് തിരുമേനിയുമായി നടന്ന കൂടിക്കാഴ്ചയിലാണ് മുഖ്യമന്ത്രി പിന്തുണ അറിയിച്ചത്. മദ്ധ്യപ്രദേശിൽ പാവങ്ങളുടെ ഉദ്ധാരണത്തിനായിട്ടുള്ള തിരുമേനിയുടെ പ്രവർത്തനങ്ങൾ മുഖ്യമന്ത്രിയെ വളരെയധികം സന്തോഷിപ്പിച്ചു. മക്കോഡിയ മിഷന്റെ പ്രവർത്തനങ്ങൾ ഗവൺമെന്റ് തലത്തിൽ പ്രശംസ പിടിച്ചു പറ്റികൊണ്ടിരിക്കുകയാണ്. വില്ലേജുകളിൽ സ്ക്കൂൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം മുഖ്യമന്ത്രി വാഗ്ദാനം ചെയ്തു.

## മക്കോഡിയാമിഷൻ പ്രവർത്തനങ്ങൾ:-

*1) നാല്പത് വില്ലേജുകളിലും ബാലവാടികൾ പ്രവർത്തിപ്പിച്ച് കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നു.*

*2) മക്കോഡിയ കേന്ദ്രമാക്കി ക്ലിനിക്കും, ഗ്രാമങ്ങൾതോറും മൊബൈൽ ക്ലിനിക്കും സൗജന്യമായി പ്രവർത്തിക്കുന്നു.*

*3) 25, 30 പേരടങ്ങുന്ന ഗ്രൂപ്പിനെ തിരിച്ച് അവർക്ക് ശുചിത്വം, ആരോഗ്യകരമായ ജീവിതം തുടങ്ങിയവയെപറ്റി ബോധവൽക്കരണ ക്ലാസ്സെടുക്കുന്നു.*

*4) സ്ത്രീകൾക്ക് - ഗർഭകാലത്ത് എടുക്കേണ്ട മുൻകരുതലുകളും കഴിക്കേണ്ട പോഷകാഹാരങ്ങളും, ആരോഗ്യ ശിശുജനനത്തിന്റെ ആവശ്യകതയും പറ്റി ബോധവൽക്കരണം നടത്തുന്നു.*

*5) അഞ്ച് വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്ക് പോഷകാഹാരങ്ങൾ അടങ്ങിയ ഭക്ഷണങ്ങൾ ആഴ്ചതോറും വിതരണം ചെയ്യുന്നു.*

*6) ഗ്രൂപ്പുകളായ ആളുകളുടെ ഇടയിൽ ഒരു സെവിംഗ് സ്ക്കീം നടത്തുന്നു. എല്ലാവരിൽ നിന്നും രണ്ട് രൂപ ശേഖരിച്ച് അവരിലൊരാൾ സൂക്ഷിക്കുകയും, അടിയന്തരാവശ്യങ്ങളിൽ ഈ തുക ചിലവാക്കുകയും ചെയ്യുന്നു. ഇത് ഇവരിൽ വളരെയധികം പ്രയോജനം ചെയ്യുന്നുണ്ട്.*

# മലങ്കര അസോസിയേഷൻ പത്തനംതിട്ടയിൽ

കോട്ടയം: മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം ഏപ്രിൽ 4-ന് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് അങ്കണത്തിൽ കൂടുന്നതിനും പ. കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന മാനേജിംഗ് കമ്മറ്റി യോഗം തീരുമാനിച്ചു.

സുപ്രീം കോടതി വിധിയനുസരിച്ച് യോഗം കൂടി മാനേജിംഗ് കമ്മറ്റിയെ തിരഞ്ഞെടുക്കുകയാണ് പ്രധാന അജണ്ട. അസോസിയേഷൻ പ്രതിനിധികളായി ഓരോ പള്ളികളിൽ നിന്നും 97-ൽ തന്നെ അംഗങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ പേരുവിവരം കോട്ടയം കാതോലിക്കേറ്റ് ഓഫീസിലും ഭദ്രാസന കേന്ദ്രങ്ങളിലും അസോസിയേഷൻ യോഗസ്ഥലത്തും പ്രദർശിപ്പിച്ചിട്ടുണ്ട്.

അസോസിയേഷൻ യോഗത്തിനു മേനേജിംഗ് കമ്മറ്റി തിരഞ്ഞെടുപ്പിനു മുന്നോടിയായി ഭദ്രാസന പൊതുയോഗം എല്ലാ ഭദ്രാസനങ്ങളിലും കൂടി അതാതു ഭദ്രാസനങ്ങളിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ നോമിനേഷൻ അംഗീകരിക്കും. അതനുസരിച്ചായിരിക്കും മാനേജിംഗ് കമ്മറ്റി അംഗങ്ങളെ അസോസിയേഷൻ ☞☞

☞☞ തിരഞ്ഞെടുക്കുന്നത്. അസോസിയേഷൻ യോഗസ്ഥലത്തിന് തുമ്പമൺ ഭദ്രാസനാധിപന്മാരായിരുന്ന പുത്തൻ കാവിൽ മാർ പീലക്സീനോസ്, ദാനിയേൽ മാർ പീലക്സീനോസ്, എന്നിവരെ അനുസ്മരിച്ചുകൊണ്ട് ആ പീലക്സീനോസ് നഗർ എന്ന് ആണ് പേരു നൽകിയിരിക്കുന്നത്.



# ബോംബെയിൽ ഓർത്തഡോക്സ് സഭയ്ക്ക് ഒരു ദേവാലയം കൂടി കൂദാശ ചെയ്തു

താനെ: ബോംബെയിലുള്ള 16-ാമത്തെ ദേവാലയ ജൂബിലി ഉൽഘാടനവും, ഫെബ്രു. 2,3, തീയതികളിൽ



*താനെ- സെന്റ് സ്റ്റീഫൻ ഓർത്തഡോക്സ് പള്ളിയുടെ കൂദാശയോടനുബന്ധിച്ച് ഇടവക ജൂബിലി ഉൽഘാടന യോഗത്തിൽ ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനി ആശംസാപ്രസംഗം നടത്തുന്നു. ഫാ പി. ജെ. ജെംസ് (ഭദ്രാസന സെക്രട്ടറി) ഫാ. ജോജൻ എം ജോൺ (മാർത്തോമ്മാ സഭ) ഡോ. സ്റ്റീഫൻ ആൽഫ്രഡ്, മാർ തോമസ് ഇലവിനാൽ (സീറോമലബാർ - കല്യാണൻ രൂപതാ ബിഷപ്പ്) തോമസ് മാർ അത്താനാസിയോസ് അദ്ധ്യക്ഷൻ ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പോലീത്താ എന്നവർ വേദിയിൽ*

മായ താനാ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശയും ഇടവകയുടെ രജത ചെങ്ങന്നൂർ ഭദ്രാസനാധിപനും പ. എപ്പിസ്കോപ്പൽ സുന്നഹദോസു സെക്രട്ടറിയുമായ അഭി. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിലും ബോംബെ ഭദ്രാസന അസിസ്റ്റ്. മെത്രാപ്പോലീത്താ - ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയുടെ സഹകാർമ്മികത്വത്തിലും നടത്തുകയുണ്ടായി.

സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് അഭി. ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ കൂദാശയുടെ ഒന്നാം ഘട്ടം നിർവ്വഹിച്ചു. 3-ന് രാവിലെ 7 മണിക്ക് പ്രഭാത നമസ്ക്കാരത്തെ തുടർന്ന് തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും, അഭി. കൂറിലോസ് തിരുമേനിയുടെ സഹകാർമ്മികത്വത്തിലും കൂദാശയുടെ രണ്ടാം ഘട്ടവും ശേഷം കുർബ്ബാനയും അർപ്പിച്ചു.

തുടർന്നു നടന്നപൊതുസമ്മേളനത്തിൽ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരുന്നു. സീറോ മലബാർ സഭയുടെ കല്ല്യാൺ രൂപതാദ്ധ്യക്ഷൻ അഭി. തോമസ് ഇലവിനാൽ തിരുമേനി ഗീവറുഗീസ് മാർ കൂറിലോസ് തിരുമേനി, ഇവർ അനുഗ്രഹ പ്രഭാഷണങ്ങൾ നടത്തുകയും, റവ. ഫാ. ജേക്കബ് ഒറവയ്ക്കൽ (മലങ്കര കത്തോലിക്കസഭ) റവ. ജോജൻ എം. ജോൺ (മാർത്തോമ്മാ സഭ) ഡോ. സ്റ്റീഫൻ ആൽഫ്രഡ് (എം. ഡി. ലോക്ക് ഹോസ്പിറ്റൽ) ഇവർ ആശംസാ പ്രസംഗങ്ങൾ നടത്തുകയും ചെയ്തു. ഫാ. യൗനാൻ മുളമൂട്ടിൽ സ്വാഗതവും മി. ബെന്നി ഫിലിപ്പ് കൃതജ്ഞതയും പ്രകാശിപ്പിച്ചു.

# പാമ്പാക്കുട ചെറിയ പള്ളിയിൽ ധ്യാനമന്ദിരം ഉൽഘാടനം ചെയ്തു

പാമ്പാക്കുട: മലങ്കരസഭയുടെ കാതോലിക്കാ മാത്രമല്ല മലങ്കര മെത്രാപ്പോലീത്തായും താനാണെന്നകാര്യം നിഷേധിക്കുവാൻ സദ്ബുദ്ധിയുള്ള ഒരുവനും കഴിയുകയില്ലെന്ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രസ്താവിച്ചു.

ഓർത്തഡോക്സ് സഭയുടെ കണ്ടനാടു ഭദ്രാസനാഘോഷത്തിന്റെയും മുറിമറ്റത്തിൽ പൗലൂസ് പ്രഥമൻ കാതോലിക്ക ബാവായുടെ സ്മാരകമായി അദ്ദേഹത്തിന്റെ കബറിടം സ്ഥിതിചെയ്യുന്ന പാമ്പാക്കുട ചെറിയ പള്ളിയിൽ പണി കഴിപ്പിച്ച ധ്യാനമന്ദിര സമുച്ചയത്തിന്റെ കൂദാശയും ഉൽഘാടനവും നിർവഹിക്കുന്ന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു തിരുമേനി.

തന്റെ മുൻഗാമികളായിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ മുതൽ തുടർന്നുള്ളവരെ മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായുമായിട്ടാണ് മലങ്കര അസോസിയേഷൻ തെരഞ്ഞെടുത്തു വാഴിച്ചിട്ടുള്ളത്. പ.ഔഗേൻ പ്രഥമൻ ബാവാ, പ. മാത്യൂസ് പ്രഥമൻ ബാവാ എന്നിവരേയും തന്നെയും മലങ്കര മെത്രാപ്പോലീത്തായായും കാതോലിക്കയായുമായിട്ടാണ് തെരഞ്ഞെടുത്തത്. മലങ്കര അസോസിയേഷൻ 3500 പേരുള്ള ഒരു വലിയ പാർലമെന്റാണ്. ഈ പാർലമെന്റിന്റെ റിപ്പോർട്ട് 1958-ൽ നടന്ന വിധിയും 1995 ൽ നടന്ന വിധിയും പ്രഖ്യാപിച്ച ഇൻഡ്യയുടെ പരമോന്നത നീതി പീഠമായ സുപ്രീംകോടതിയിൽ സമർപ്പിച്ചു എതിർപ്പില്ലാതെ പാസ്സാക്കിയിട്ടുള്ളതാണെന്നും ഇതു അംഗീകരിക്കുകയില്ലെന്നും പറയുവാൻ കുബുദ്ധികൾക്കു മാത്രമേ കഴിയൂ എന്നും പ. ബാവ പ്രസ്താവിച്ചു. കൂനൻ കുരിശു സത്യത്തിന്റെ അന്തസ്സത്തയെ ഈ സഭ വീണ്ടും ഉയർത്തിപ്പിടിച്ചിരിക്കയാണ്.

കൗൺസലറുടെ പംക്തി

# പരീക്ഷയ്ക്കു പഠിക്കുന്ന കുട്ടികളോടെ എങ്ങനെ പെരുമാറണം?

ഫാ. ഒ. തോമസ്

*ചോദ്യം. പരീക്ഷ എഴുതുവാൻ ഒരുങ്ങുന്ന കുട്ടികൾ പല വിധമായ സമ്മർദ്ദങ്ങൾ അനുഭവിക്കുന്നുണ്ട്. അവരോട് മാതാപിതാക്കൾ എങ്ങനെ ഇടപെടണമെന്ന് വിശദമായി ഈ പംക്തിയിൽ എഴുതിയാൽ കൊള്ളാം.*

*അരുൺ, അനില ,മാവേലിക്കര*

*ഉത്തരം:* പരീക്ഷ മാതാപിതാക്കൾക്കും കുട്ടികൾക്കും ഒരുപോലെ ടെൻഷൻ വർദ്ധിപ്പിക്കുന്നതായിരിക്കുന്ന ഈ കാല ഘട്ടത്തിൽ, ആരോഗ്യകരമായ ഒരു സമീപനം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എല്ലാവർക്കും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിൽ മാതാപിതാക്കളുടെ പ്രത്യേകമായ ശ്രദ്ധയ്ക്കുവേണ്ടി ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാം.

കുട്ടികളെ അവരുടെ കഴിവുകളെ വികസിപ്പിക്കാൻ ശ്രമിക്കുമ്പോൾ, അത് വിപരീതമായി ബാധിക്കാതിരിക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. അതായത് പരീക്ഷയെക്കുറിച്ച് ആവശ്യത്തിലധികം വെപ്രാളപ്പെടുന്ന ഒരു കുട്ടിയിൽ വീണ്ടും ആധി ഉണ്ടാകുന്ന രീതിയിൽ മാതാപിതാക്കൾ ഗുണദോഷിക്കാൻ ശ്രമിക്കരുത്. അത്തരം കുട്ടികളിൽ ആധികുറയ്ക്കുന്ന നിലയിലാണ് മാതാപിതാക്കൾ ഇടപെടേണ്ടത്. എന്നാൽ അലസരായി ഒട്ടും അദ്ധ്വാനിക്കാൻ മനസ്സില്ലാത്ത കുട്ടികളെ വേണ്ട വിധത്തിൽ ബോധവൽക്കരിക്കാനും പഠനത്തിൽ താല്പര്യം ഉളവാക്കാനും ബോധപൂർവ്വം ശ്രമിക്കേണ്ടതാണ്. ചുരുക്കത്തിൽ ഓരോ കുട്ടിയുടേയും ബലവും ബലഹീനതയും മനസ്സിലാക്കി വ്യത്യസ്തമായി തന്നെ ഇടപെടുവാൻ മുതിർന്നവർക്കു കഴിയണം.

മാതാപിതാക്കളുടെ ആഗ്രഹങ്ങൾക്കനുസരിച്ച് മാർക്കു വാങ്ങിക്കുവാൻ കുട്ടിയെ നിർബന്ധിക്കുന്നതിനു പകരം, കുട്ടിയ്ക്കുള്ള കഴിവുകളെ പരമാവധി വികസിപ്പിക്കുവാനാണ് സഹായിക്കേണ്ടത്. അല്ലാഞ്ഞാൽ കഴിവു കൂടുതലുള്ള കുട്ടിയ്ക്ക് കാര്യമായ ആഗ്രഹങ്ങൾ ഇല്ലാത്ത മാതാപിതാക്കളിൽ നിന്ന് പ്രോത്സാഹനം ലഭിക്കാതിരിക്കുകയും, കഴിവ് കുറഞ്ഞ കുട്ടിയേക്കുറിച്ച് യാഥാർത്ഥ്യമല്ലാത്ത ആഗ്രഹങ്ങൾ വെച്ചു പുലർത്തി നിരന്തരം പീഡനത്തിന്റെ രീതിയിലേക്കു പ്രോത്സാഹനം എത്തിച്ചേരുകയും ചെയ്യും. ഇതു രണ്ടും കുട്ടികൾക്ക് പ്രയോജനം ചെയ്യുകയില്ല.

പരീക്ഷ അടുക്കുന്ന സന്ദർഭങ്ങളിൽ കുട്ടികൾ പരമാവധി പഠിക്കുന്നതിനുള്ള സൗകര്യം ഒരുക്കിക്കൊടുക്കണം. ശതമാനക്കണക്കുകൾ അവരിൽ കൂടുതൽ ആധി സൃഷ്ടിച്ചാൽ പഠിക്കാനുള്ള കഴിവിനെ വിപരീതമായി ബാധിക്കും. നിരന്തരം കലഹിക്കുന്ന വീട് കുട്ടികളുടെ പഠനത്തിന് സഹായകമാവുകയില്ല. അതുപോലെ, പരീക്ഷയില്ലാത്ത കുട്ടികളും, മുതിർന്നവരും കൂടുതൽ ഉല്ലാസങ്ങളിലേക്കു കടക്കുകയും പരീക്ഷക്കാരെ മാത്രം മുരടിച്ച പഠിത്തത്തിലേക്ക് വേർതിരിക്കുന്ന രീതിയും നല്ലതല്ല. പഠിക്കുന്നവർക്ക് അനുകൂലമായി മറ്റു കുടുംബാംഗങ്ങളും തങ്ങളുടെ രീതിയിൽ മാറ്റം വരുത്തണം.

ഓരോ കുട്ടിയും പഠനത്തിന് സൗകര്യമായ ഒരു ചിട്ടയും ശീലവും വളർത്തിയെടുക്കട്ടെ. മറ്റു പലരിലും പരീക്ഷിച്ചു കണ്ടു വിജയിച്ച വഴികൾ അവരെ അറിയിക്കാമെങ്കിലും അതൊന്നും അടിച്ചേൽപ്പിക്കരുത്.

ഒട്ടും വിശ്രമമില്ലാതെ പഠിക്കാൻ കുട്ടികൾ മുതിർന്നാലും അവരെ അതിൽ നിന്ന് പിൻതിരിപ്പിക്കണം. ഇടയ്ക്കിടെ ശരീത്തിനും, മനസ്സിനും വിശ്രമം കൊടുത്തില്ലെങ്കിൽ അത് ഗ്രഹണശക്തിയെ പ്രതികൂലമായി ബാധിക്കും. അതിനാൽ ഇടവേളകൾ വിശ്രമത്തിനായും നീക്കി വച്ചിരിക്കണം.

പഠിക്കാൻ മിടുക്കുള്ള കുട്ടികളുമായി താരതമ്യം ചെയ്ത് മാത്സര്യം വർദ്ധിപ്പിക്കുന്നത് പ്രയോജനം ചെയ്യണമെന്നില്ല. മറിച്ച്, കുട്ടി ആയിരിക്കുന്ന നിലയിൽ അംഗീകരിച്ചുകൊണ്ട് ആത്മ വിശ്വാസവും, ധൈര്യവും വർദ്ധിപ്പിക്കുവാൻ മാത്രം പിതാക്കൾ ശ്രമിക്കണം. എൻട്രൻസ്, പരീക്ഷ എഴുതുന്ന കുട്ടികളിലും ഇതല്ലെങ്കിൽ വേറെയും ജീവിതത്തിന് വഴികളുണ്ടെന്നുള്ള തിരിച്ചറിവും വിശ്വാസവും കൂടുതൽ ധൈര്യം നൽകും. നേരെ മറിച്ച് ഈ ഒരു വഴിയേ ഉള്ളു എന്ന് ചിന്തിക്കാൻ തുടങ്ങിയാൽ ആധിയും ഉത്കണ്ഠയും വർദ്ധിക്കാനാണ് സാദ്ധ്യത.

അമിതഭക്ഷണവും, പോഷകം തീരെയില്ലാത്ത ഭക്ഷണവും പഠിക്കുന്ന കുട്ടികൾക്ക് നല്ലതല്ല. ഇതിനിടയിൽ നിൽക്കുന്ന അരോഗ്യകരമായ ഭക്ഷണരീതി കുടുംബങ്ങളിൽ പുലർത്തുവാൻ മാത്രം പിതാക്കൾ ശ്രദ്ധിക്കണം. ദൈവാശ്രയ ബോധം എപ്പോഴും ജീവിത വിജയത്തിനാവശ്യമാണ്. അത് പരീക്ഷകളിൽ മാത്രമായി ഒരുക്കരുത്. ദൈനം ദിന ജീവിതം ദൈവത്തോടുള്ള ബന്ധത്തിലായിരിപ്പാൻ പരിശീലിപ്പിക്കുന്നതാണ് ഏറെനന്ന്. കുട്ടികളുടെ പരീക്ഷയെ പ്രതി. പ്രത്യേകം ഉപവസിക്കുകയും, കഠിന നേർച്ചകൾ നേരുകയും കൂടുതൽ പ്രാർത്ഥിക്കുകയും ഒക്കെ ചെയ്യുന്ന രീതികൾ വർദ്ധിച്ചും വരുന്നുണ്ട്. തങ്ങളുടെ ആഗ്രഹം നിവർത്തിച്ചു കിട്ടിയാൽ ഇതിലൊക്കെ സന്തോഷം തോന്നാം. എന്നാൽ സാധിക്കാതെ പോയാൽ പ്രാർത്ഥിച്ചിട്ടും ഫലമില്ല എന്ന നിലയിലേക്കു കുട്ടികൾ എത്തിച്ചേരും. അത് അവരുടെ ആത്മീയ വീക്ഷണത്തെ വികലമാക്കുകയും ചെയ്യും. ദൈവത്തിന്റെ ഇഷ്ടത്തിനു സമർപ്പിക്കുന്ന ഒരു ആത്മീയത വളർത്തിയെടുക്കാനല്ലാതെ, പരീക്ഷ പാസ്സാകാനേ, ഉയർന്ന മാർക്കു വാങ്ങിക്കാനോ ഉള്ള ഉപാധിയായോ ആത്മീയ ജീവിതത്തെ പരിമിതപ്പെടുത്തരുത്. പരീക്ഷയേക്കാളും വലുതാണ് ജീവിതം എന്ന വിശാലമായ തത്വം ഉൾക്കൊണ്ട് കുട്ടികൾക്ക് ലഭിച്ചിട്ടുള്ള കഴിവുകളെ കഠിനാദ്ധ്വാനം ചെയ്ത് വളർത്തുവാനുള്ള ഉദ്യമങ്ങളെ പ്രോത്സാഹിക്കയായിരിക്കണം മാതാപിതാക്കൾ ചെയ്യേണ്ടത്.




പഠനവേദി

പരിസ്ഥിതിയുടെ ആത്മീയത IX

# പരമാധികാരത്തിന്റെ പൊരുൾ

*പ്രൊഫ. കെ.പി.ജോയി*

ദൈവം തന്റെ "സ്വരൂപത്തിലും സാദൃശ്യത്തിലും" (ഉല്പ. 1:26) മനുഷ്യനെ സൃഷ്ടിച്ചതുകൊണ്ടും, "സകല ചരാചരങ്ങളുടെമേലും വാഴുവിൻ" (ഉല്പ. 1:28) എന്നവരോടു കല്പിച്ചതുകൊണ്ടും സൃഷ്ടിയുടെ തുടക്കം മുതലേ അദ്വിതീയവും, ദൈവികവുമായ ഒരു പദവിയാണ് ദൈവം മനുഷ്യനു നല്കിയത്. "നീ അവനെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു. നിന്റെ കൈകളുടെ പ്രവർത്തികൾക്ക് നീ അവനെ അധിപതിയാക്കി, സകലത്തെയും അവന്റെ കാൽക്കീഴിലാക്കിയിരിക്കുന്നു." (സങ്കീ. 5:6) എന്ന് സങ്കീർത്തനക്കാരനും ഉദ്ഘോഷിക്കുന്നു. പരിസ്ഥിതിയെക്കുറിച്ചുള്ള ദൈവശാസ്ത്രത്തിൽ ഏറ്റവും അധികം തെറ്റിധരിക്കപ്പെട്ടിട്ടുള്ള വാക്യങ്ങളാണിവ. സൃഷ്ടിയുടെമേൽ മനുഷ്യർക്കു നൽകിയിരിക്കുന്നു വാഴുക, അധിപതിയാകുക, കാൽക്കീഴിലാക്കുക എന്നീ കല്പനകളുടെ അടിസ്ഥാനത്തിൽ വേദപുസ്തകം പരിസ്ഥിതിനാശത്തിനു കൂട്ടുനിൽക്കുന്നു എന്നു കുറ്റപ്പെടുത്തുന്ന പരിസ്ഥിതി ചിന്തകരുണ്ട്. 'ലിൻ വൈറ്റിനെ പോലുള്ള പണ്ഡിതന്മാർ, ഏറ്റവും അധികം മനുഷ്യ കേന്ദ്രീകൃതമായ ലോക വീക്ഷണം വെച്ചു പുലർത്തുന്നത് ക്രിസ്തുമതമാണെന്നും (Anthropocentric Religion) വേദപുസ്തകത്തിലെ പരമാധികാരം (Dominion) എന്ന കല്പനയുടെ ദുർവ്യാഖ്യാനമാണ് ഇന്നത്തെ പരിസ്ഥിതിക തകർച്ചയുടെ മുഖ്യകാരണമെന്നും അഭിപ്രായപ്പെടുന്നു. പ്രകൃതിയെ ചവുട്ടിമെതിക്കുന്നതിനുള്ള അധീശാധികാരമല്ല, മറിച്ച് പ്രകൃതിയോടുള്ള ബന്ധത്തിൽ മനുഷ്യന്റെ പങ്കാളിത്വമാണിത് സൂചിപ്പിക്കുന്നതെന്ന് ആധുനിക പരിസ്ഥിതിശാസ്ത്രജ്ഞന്മാരും വേദശാസ്ത്ര പണ്ഡിതന്മാരും വ്യാഖ്യാനിക്കുന്നു. (Teilhard de Chardin (1881-1955) Paul Tillich (1886-1965), Paul Taylor, (1980's) J. Moltman, Thomas Berry (1980), Michael Fox, Paulose Mar Gregorios, John B.Cobb, Douglas John Hall, David G. Hall Man, John Paul II, (1990's)




**ഏത് അർത്ഥത്തിലാണ് മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടത്?** അരൂപിയായ ഈശ്വരന് ഭൗതികശരീരം ഇല്ലാത്തതുകൊണ്ട് തീർച്ചയായും മനുഷ്യനെ തന്റെ ഭൗതികരൂപത്തിലും സാദൃശ്യത്തിലുമാണ് സൃഷ്ടിച്ചത് എന്നു കരുതുവാൻ നിവൃത്തിയില്ല. മറിച്ചു നമ്മുടെ സംപൂർണ്ണ സത്തയിലൂടെ ദൈവീക മഹത്വം പ്രതിബിംബിക്കുകയാണു ചെയ്യുന്നത്.[2] ഈ അഖിലാണ്ഡത്തിന്റെ തന്നെ പരമോന്നത സൃഷ്ടാവായ ദൈവവുമായി പൂർണ്ണമായി സാദൃശ്യപ്പെട്ടിരിക്കാൻ മനുഷ്യനെങ്ങനെ കഴിയും? നമ്മളിൽ അർപ്പിച്ചിരിക്കുന്ന ചിന്താശക്തി, സ്വർവൈഭവം, സ്നേഹം, ക്ഷമാശീല, ദയ, വിശ്വാസം, സ്വയംനിർണ്ണയശക്തി എന്നീ ദൈവിക സ്വഭാവങ്ങളിലൂടെ ദൈവമഹത്വത്തിന്റെ പങ്കാളികളാവുകയാണ് മനുഷ്യൻ ചെയ്യുന്നത്. ദൈവീകമായ ഈ വിശിഷ്ട സ്വഭാവങ്ങൾ നാം പങ്കിടുന്നതുകൊണ്ട് നമ്മുടെ അസ്തിത്വത്തിന് ഒരു സ്വയം ശ്രേഷ്ഠതയും (self worth) ദൈവം കല്പിച്ചു തന്നിട്ടുണ്ട്. അതായത്, പ്രകൃതിയേക്കാൾ കൂടുതൽ മനുഷ്യന് ദൈവവുമായിട്ടാണ് സാദൃശ്യം എന്നർത്ഥം. അതുകൊണ്ട് മനുഷ്യന്റെ യാഥാർത്ഥ മൂല്യം സ്ഥിതി ചെയ്യുന്നത് അവന്റെ ഭൗതിക നേട്ടങ്ങളുടെയോ, ആസ്തിയുടേയോ, ആകാര സൗന്ദര്യത്തിന്റെയോ, പൊതുജനപ്രീതിയുടേയോ അടിസ്ഥാനത്തിലല്ല, പിന്നെയോ ദൈവം തന്റെ തനതായ ദൈവീക സ്വഭാവ സാദൃശ്യത്തിൽ അവനെ സൃഷ്ടിച്ച് തേജസ്സും ബഹുമാനവും അണിയിച്ചതുകൊണ്ടാണ്. ഈ സ്വയം ശ്രേഷ്ടത ഉപയോഗിച്ച് നമ്മുടെ പരിസ്ഥിതിയുടെ ആരോഗ്യകരമായ നിലനിൽപ്പിനുവേണ്ട സേവനങ്ങൾ നൽകുന്നതിനും, സഹസൃഷ്ടികളെ അവയുടെ പൂർണ്ണതയിലേക്ക് നയിക്കുന്നതിലും ദൈവത്തിന്റെ സഹകാരികളായി നിലകൊള്ളാൻ മനുഷ്യന് പ്രത്യേക കടമ ഉണ്ടെന്നും വ്യക്തം. പ്രകൃതിയുടെ കാര്യ

1. Lynn White: The Historical Roots of Our Ecological Crisis in I.G. Barbour (ed.) Western Man and Environmental Ethics, Attitudes towards Nature and Theology, London 1973, 18-30 and in Science 155 (1967).
2. J.F.A. Sawyer 'The Meaning of *Imago Die* in Genesis 1-11, in the Journal of Theological Studies 25 (1974) and Life Application Bible (1991) P.7
3. Luke Poothrukayil 'Christian Response to Ecological Challenges', OIRS Publication, Vadavathoor, 1996.

വിചാരകത്വവും (Stewardship) സഹസൃഷ്ടി പരിപോഷണത്തിന് ദൈവവുമായുള്ള പങ്കാളിത്വവും (cocreation) എന്ന പുതിയ സുവിശേഷം നൽകുകയാണ് സഭകളുടെ ഉത്തരവാദിത്വം. വിനാശത്തിന്റെയും മരണത്തിന്റെയും പ്രവാചകന്മാരായല്ല ജീവന്റെ കർത്താക്കളും പരിചാരകരും ആകുക എന്ന വെല്ലുവിളി സ്വീകരിക്കണം. അങ്ങനെ:-

1. ഭൂമിയുടെ മേൽ മനുഷ്യന് നൽകിയിരിക്കുന്ന അധീശാധികാരം, ദൈവവുമായുള്ള നമ്മുടെ അദ്വിതീയ ബന്ധത്തിലധിഷ്ഠിതമാണ്. സൃഷ്ടി കർമ്മത്തിൽ തന്നെ പടിപടിയായുള്ള ഒരു ശ്രേണിവല്കരണം ദൈവം ഉണ്ടാക്കിയിട്ടുണ്ട്. സർവ്വചരാചരങ്ങളുടെയും മുകളിൽ എന്നാൽ ദൈവത്തേക്കാൾ അല്പം മാത്രം താഴെയുള്ള ഒരിടമാണ് മനുഷ്യനു നൽകിയിരിക്കുന്നത്. ഒരു വശത്ത് നാം പ്രകൃതിയുടെ ഭാഗമായതുകൊണ്ട് മറ്റ് ജൈവ-അജൈവ ഘടകങ്ങളുമായി താദാത്മ്യപ്പെടുകയും, മറുവശത്ത് ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട്, വിശിഷ്ട സ്വഭാവങ്ങളും മേലധികാരവും ലഭിച്ചതിനാൽ പ്രകൃതിയിൽ നിന്നു വിഭിന്നമായി നിലനിൽക്കുകയും ചെയ്യുന്ന വൈരുദ്ധ്യം കാണാം. ജീവശാസ്ത്ര പരമായി നാം മറ്റു ജീവികളെപ്പോലെ ശ്വസിക്കുകയും, ഭക്ഷിക്കുകയും, ചലിക്കുകയും, പ്രത്യുദ്പാദനം നടത്തുകയും ചെയ്യുന്നു. അതേ സമയം ദൈവീകമായ പരമാധികാരത്തിൽ മുദ്ര നമ്മുടെ മേൽ പതിച്ചിരിക്കുന്നതുകൊണ്ട് നാം ഉയർന്ന നിലയിലുള്ള ഒരനുഭവം ആസ്വദിക്കുകയും ചെയ്യുന്നു. ചിന്തിക്കാനും, തെരഞ്ഞെടുക്കാനും, സൃഷ്ടിക്കാനും, സ്നേഹിക്കാനും, പ്രാർത്ഥിക്കാനും, ആധിപത്യം പുലർത്താനും ഒക്കെയുള്ള കഴിവ് സൃഷ്ടാവിൽ ആശ്രയപ്പെട്ടുകൊണ്ട് വിനിയോഗിക്കാനുള്ള ഒരുടമ്പടിയാണ് ഡൊമിനിയൻ (Dominion)[5]. ഈ വ്യവസ്ഥ പ്രകാരമാണ് ആകാശത്തിലെ പറവകളെയും ഭൂമിയിലെ സകല ചരാചരങ്ങളെയും, സമുദ്രത്തിലെ സകല മത്സ്യങ്ങളെയും നിങ്ങളെ ഏല്പിച്ചിരിക്കുന്നു എന്ന് നോഹയോടരുളി ചെയ്ത് (ഉല്പ. 9:12) ധാർമ്മികമായ ഒരു മേഴ്കേയ്മയെ മാത്രമാണ് ഇത് സൂചിപ്പിക്കുന്നത്. (a moral dominion which makes it an act of stewardship)

2. രണ്ടാമതായി മനുഷ്യനു നൽകിയിരിക്കുന്ന ഈ പരമാധികാരം, പ്രകൃതിയിലെ ആവാസവ്യവസ്ഥ ക്രമങ്ങളെ മാറ്റി മറിക്കുന്നതിനോ, പുനസൃഷ്ടി നടത്തുന്നതിനോ അല്ല, മറിച്ച് സകലത്തെയും പൂർണ്ണതയിലെത്തിക്കുന്നതിന് സൃഷ്ടാവുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനാണെന്നു വ്യക്തമാകുന്നു. മനുഷ്യൻ ഭൂമിയിൽ സന്താനപുഷ്ടി ഉള്ളവരായി പെറ്റു പെരുകി നിറഞ്ഞ്, "വാഴുവിൻ" എന്ന് കല്പിച്ചയയ്ക്കുന്നതിന് മുമ്പ് തന്നെ "പാഴായും ശൂന്യമായും കിടന്ന ഭൂമിയെ-വിത്തുള്ള സസ്യങ്ങളും ഫലം കായ്ക്കുന്ന വൃക്ഷങ്ങളും മുളച്ചു വരത്തക്കവണ്ണം" (ഉല്പ. 1:11) ഉല്പാദനക്ഷമതയുള്ളതാക്കി മണ്ണിനെ ഒരുക്കുകയും ചെയ്യുന്നതിനായി ഉല്പത്തി ഒന്നാം അദ്ധ്യായത്തിൽ വ്യക്തമാക്കുന്നു. നിലം ഒരുക്കൽ, ജലസേചനം, വിഭിന്ന വിളകളുടെ കൃഷിപര്യയനം, നല്ല വിത്തു തെരഞ്ഞെടുക്കൽ എന്നീ പ്രക്രിയയിലൂടെ ഭൂമിയെ കൂടുതൽ ഫലപുഷ്ടമാക്കാൻ മനുഷ്യനു കഴിയുമെങ്കിലും ആരംഭം മുതലേ ദൈവം വ്യവസ്ഥ ചെയ്ത ഫലസമൃദ്ധിയുടെ നിയമങ്ങളുമായി മനുഷ്യൻ സഹകരിക്കുകയാണ് വേണ്ടത്. മനുഷ്യനു നൽകുന്നതിനു മുമ്പേ ഭൂമിയെ ഫലപുഷ്ടമാകത്തക്കവണ്ണം ഒരുക്കിയില്ലായിരുന്നുവെങ്കിൽ പ്രകൃതിയുടെ മേൽ ആധിപത്യം നടത്തുന്നതിനു നൽകിയ അവകാശം അർത്ഥശൂന്യമാകുമായിരുന്നു. ദൈവവുമായി സഹകരിക്കാതെ മനുഷ്യനു നൽകിയ പരമാധികാരം പ്രാവർത്തികമാക്കാൻ സാധിക്കുമായിരുന്നില്ല എന്നർത്ഥം. ഇന്നു സംഭവിച്ചരിക്കുന്നത? ആധുനികയന്ത്രവത്കൃത കൃഷി സമ്പ്രദായവും, അത്യുത്പാദന സങ്കരവിത്തുകളും, അമിതമായ രാസവള-കീടനാശിനി പ്രയോഗവും മണ്ണിന്റെ ഘടനയെ തന്നെ മാറ്റി മറിച്ചിരിക്കുന്നു. ഹരിതവിപ്ലവത്തിലൂടെ പ്രകൃതി നിയമങ്ങൾ മറികടന്നതിന്റെ ഫലമായി മണ്ണ് മരിച്ചു. മരുവല്കരണത്തിന്റെ വ്യാപ്തിവർദ്ധിച്ചു.




3. ഭൂമിയുടെമേൽ മനുഷ്യനു നൽകിയ പരാധികാരം സ്രഷ്ടാവ് മനുഷ്യനെ ഏല്പിച്ച ഒരു നിയോഗം (delegated power) മാത്രമാണ്.[4] മറ്റൊരർത്ഥത്തിൽ, ഇതവന്റെ അവകാശമല്ല; ഒരു ആനുകൂല്യം മാത്രം. (not by right but by favour). അതായത് മനുഷ്യന് ലഭിച്ചിരിക്കുന്ന ഈ വലിയ പദവി സ്വയം ആർജിച്ചതോ സ്വന്തം പ്രയത്നത്താൽ നേടിയെടുത്തതോ അല്ല, പിന്നെയോ സകല സൃഷ്ടികളുടേയും ഉടയവൻ, സഹസൃഷ്ടികളെ മുഴുവൻ സംരക്ഷിക്കുവാൻ മനുഷ്യനെ ഏല്പിച്ച ഉത്തരവാദിത്വമുള്ള ഒരു കാര്യവിചാരകത്വം (responsible stewardship) മാത്രമാണ്. കാരണം ഭൂമി മനുഷ്യന്റേതല്ല ഭൂമിയുടെ സ്ഥിര ഉടമസ്ഥാവകാശം ദൈവത്തിന്റേതാണ് ലേവ്യപുസ്തകത്തിലും അടിവരയിട്ട് രേഖപ്പെടുത്തിയിരിക്കുന്നതായി നാം കണ്ടു കഴിഞ്ഞു. ഭൂമി നിത്യാവകാശമായി വിൽക്കരുത്. കാരണം ഭൂമി എന്റേതാണ് (ലേവ്യ 25:23). ഭൂമി ദൈവത്തിന്റേതാകയാൽ ഭൂമിയെ കൈകാര്യം ചെയ്യുന്നത് ഒരു ആത്മീയ ശുശ്രൂഷ എന്നവിധം ആയിരിക്കണം. അങ്ങനെ അടക്കി വാഴുക (to subdue and rule) എന്ന് ദൈവം അരുളി ചെയ്തതിനെ പിടിച്ചടക്കി നശിപ്പിക്കാനല്ല പിന്നെയോ മനുഷ്യനും പ്രകൃതിയുമായി ഇഴുകിചേർന്ന് ദൈവനിയോഗം നടപ്പിലാക്കുന്നതിനാണ്.

യഹൂദന്മാരുടെ ബൈബിൾ വ്യാഖ്യാനഗ്രന്ഥങ്ങളിൽ ഇതു സംബന്ധിച്ച പാരിസ്ഥിതിക കാഴ്ചപ്പാട് ശ്രദ്ധേയമാണ്. പ്രസിദ്ധ ബൈബിൾ വ്യാഖ്യാതാക്കളായ റാഷിയെപ്പോലുള്ളവർ രസകരമായ മറ്റൊരർത്ഥവും പരമാധികാരം (Dominion) എന്ന വാക്കിന് നൽകിയിട്ടുണ്ട്. 'Dominion' നു പകരമായി ഉപയോഗിക്കുന്ന ഹീബ്രു വാക്കിന് പരമാധികാരം എന്നു മാത്രമല്ല അധോഗമനം (descending) എന്ന മറ്റൊരർത്ഥവും ഉണ്ടെന്നദ്ദേഹം വ്യാഖ്യാനിക്കുന്നു അതുകൊണ്ട്, മറ്റു ജന്തുക്കളെക്കാൾ മനുഷ്യൻ യോഗ്യനെങ്കിൽ മാത്രമേ അവയുടെ മേൽ അധീശാധികാരം സ്ഥാപിക്കാൻ കഴിയു എന്നും അയോഗ്യനെങ്കിൽ അവയെക്കാൾ താഴ്ന്ന സ്ഥാനമേ മനുഷ്യനു ഉണ്ടാവു എന്നും, അപ്പോൾ അവ മനുഷ്യനെ ഭരിച്ചുകൊള്ളുമെന്നും അദ്ദേഹം സമർത്ഥിക്കുന്നു. മറ്റൊരർത്ഥത്തിൽ ഹില്ലേൽ അവിഡാൻ വാദിക്കുന്നതുപോലെ, മനുഷ്യന് മറ്റു ജന്തുക്കളിന്മേലുള്ള മേൽക്കോയ്മ അവയെ ദുരപയോഗം ചെയ്കയില്ല എന്ന വ്യവസ്ഥയിൽ ദൈവം നൽകിയ അനുവാദം മാത്രമാകുന്നു. ഈ പ്രമാണം പാലിക്കുന്നതിന് മനുഷ്യൻ അയോഗ്യനെങ്കിൽ സൃഷ്ടാവ് അവനെ ജന്തുക്കളെക്കാൾ താഴ്ന്ന നിലയിലേക്ക് തള്ളിയിടുമത്രെ. R. Chanina, R. Jakob എന്നിവരും ഇതേ അഭിപ്രായം സ്വീകരിച്ചിരിക്കുന്നു. (He who is in his image 'rule' and if not 'sink')

പ്രസിദ്ധ ഇറ്റാലിയൻ ചരിത്രകാരനും, വേദശാസ്ത്രപണ്ഡിതനുമായ Umberto Cassuto (1883–1951) യുടെ അഭിപ്രായത്തിൽ, ഉല്പത്തി 1:26–28–ൽ സകലജീവജാലങ്ങളുമായും വാഴുക എന്ന് കല്പിച്ചതിന്റെ അർത്ഥം മനുഷ്യന്റെ ഉപജീവനത്തിനു ജന്തുക്കളെകൊണ്ട് ജോലി എടുക്കുമ്പോൾ മാത്രം അവയെ ഭരിക്കുന്നതിനുള്ള അവകാശം മാത്രമാണെന്നും, സ്വാഭാവികമായും സസ്യഭുക്കായി സൃഷ്ടിക്കപ്പെട്ട മനുഷ്യന് അവയെ കൊന്നു തിന്നുന്നതിനുള്ള സ്വാതന്ത്ര്യമില്ല എന്നാണ്. ഏദൻതോട്ടത്തിൽ ആദാമിന് ഒരു ജന്തുവിനെയും കൊന്ന് മാംസം കഴിക്കുന്നതിനുള്ള അവകാശം നൽകിയിരുന്നില്ല. എല്ലാത്തിനും സസ്യാഹാരമാണ് വിധിച്ചിരുന്നത് എന്നത് ശ്രദ്ധേയമാണ്.

മനുഷ്യനു മാത്രമായി നൽകിയ വിശിഷ്ട കഴിവുകളുടെ ഉദ്ദേശം ഈ ഉത്തരവാദിത്വം സാമർത്ഥ്യത്തോടെ നിർവ്വഹിക്കുന്നതിനാണെന്ന വ്യക്തം. പരമാധികാരത്തിന്റെ ഈ ധാർമ്മിക വശം മനസ്സിലാക്കിയെങ്കിൽ മാത്രമെ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്താനാവു. "നന്മതിന്മകലെക്കുറിച്ചുള്ള അറിവിൻ വൃക്ഷത്തിൽ ഫലം തിന്നരുത്" (ഉല്പ. 2:17) എന്നു കല്പിച്ചത് ഒരു പ്രതിരൂപാത്മക പ്രയോഗമായി (symbolic) കാണണം പ്രകൃതിയുടെമേലുള്ള മനുഷ്യന്റെ സ്വാധീനത്തിൽ പാലിക്കേണ്ട നിയന്ത്രണത്തെയാണിത് സൂചിപ്പിക്കുന്നത്.

തുടരും.....

4. A. Naess, 'Ecology, Community and Life style', Cambridge, 1989
5. Hillel Avidan, 'Caring for the Creation: A Jewish Perspective', SIDIC, Vo. XXII-3 (1989), 2-4
6. Augustine Thottakara, (Ed.) 'Eco-Spirituality: Perspectives from World Religions', CIIS, Rome, 1995.

# ബൈബിൾ പദപ്രശ്നം I

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | | 2 | 3 | 6 | | | 4 |
| | 5 | | | 8 | | | |
| | | | | | 9 | | 12 |
| 7 | | 11 | | | 10 | | |
| | 13 | | | 14 | | | |
| | 15 | | 16 | | | | |
| | 17 | | | | | | |
| 18 | | | | | | | 19 |

## വലത്തോട്ട്

1. പഴയനിയമ പുസ്തകങ്ങൾ ആദ്യം എഴുതിയ ഭാഷ. (3)
3. ബൈബിളിലെ അവസാനത്തെ പുസ്തകം എഴുതിയത് ആര്? (4)
8. ദൈവത്തിന്റെ ഭവനം എന്നർത്ഥം വരുന്ന പദം (3)
9. അഭിഷിക്തൻ എന്നർത്ഥം വരുന്ന പദം (2)
10. പഴയനിയമത്തിലെ ഒരു പ്രവാചകി (2)
13. ദൈവത്തെ കണ്ടതുകൊണ്ട് നാം മരിച്ചു പോകും എന്നു പറഞ്ഞത് ആര്? (3)
14. സുഖാർ പട്ടണത്തിലെ കിണർ കുഴിപ്പിച്ചത് ആര്? (3)
15. ബൈബിളിന്റെ മൂലഭാഷകളിൽ ഒന്ന് (2)
16. ഏറ്റവും ഒടുവിലായി എഴുതിയ സുവിശേഷം (4)
17. ബൈബിളിലെ പുസ്തകങ്ങളെ അദ്ധ്യായങ്ങളായി തിരിച്ചത് ആര്? (7)
18. അദ്ധ്യായങ്ങളെ വാക്യങ്ങളായി തിരിച്ചത് ആര്? (7)
19. നോഹയുടെ പുത്രന്മാരിൽ ഒരാൾ (1)

## താഴോട്ട്

1) ബാല്യക്കാരനുവേണ്ടി പ്രാർത്ഥിച്ചവൻ (3)
2) പുതിയ നിയമ പുസ്തകങ്ങൾ ആദ്യം എഴുതിയ ഭാഷ (3)
3) അവസാനം മരിച്ച അപ്പസ്തോലൻ (4)
4) ഒടുക്കത്തെ ആദാം. (4)
5) ഒടുക്കത്തെ ശത്രു. (3)
6) സേലാ അവസാനം പ്രയോഗിച്ചിരിക്കുന്ന പുസ്തകം (4)
7) ഹാലേലുയ്യാ അവസാനം പ്രയോഗിച്ചിരിക്കുന്ന പുസ്തകം (4)
11) മനുഷ്യൻ നിർമ്മിച്ച ആദ്യത്തെ പട്ടണത്തിന്റെ പേര്? (3)
12) കർത്താവിന്റെ വിശുദ്ധ മന്ദിരത്തിന്റെ മൂലക്കല്ല് (4)

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം**


**ജോർജി പി. മാത്യു**
**പാലനിൽക്കുന്നതിൽ**
**കല്ലിശ്ശേരി പി.ഒ.**
**ചെങ്ങന്നൂർ 689124**

# മലങ്കര കത്തോലിക്കാ സഭാ മഹാജൂബിലി - പുനരൈക്യ സപ്തതി: ചില അനുബന്ധ ചിന്തകൾ

**ഫാ. ഡോ. ജോൺ പണിക്കർ**

**2000**-ാം ആണ്ട് ഡിസംബർ 28-ാം തീയതി തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ വെച്ച് റോമൻ കത്തോലിക്കാ സഭാവിശ്വാസികളുടെ ഒരു മഹാ സമ്മേളനം നടക്കുകയുണ്ടായി. 1930 സെപ്റ്റംബർ 20-ന് മലങ്കര ഓർത്തഡോക്സ് സഭയുടെ മെത്രാനായിരുന്ന ഗീവർഗ്ഗീസ് മാർ ഈവാനിയോസും കൂട്ടരും റോമാ സഭയോട് ചേർന്നതിന്റെ എഴുപതാം വാർഷീക സമ്മേളനമായിരുന്നു അത്. സമ്മേളനത്തിലും അതിനു മുന്നോടിയായി നടന്ന റാലിയിലും അതിനോടനുബന്ധിച്ചു വന്ന പത്ര വാർത്തകളിലും പ്രസിദ്ധീകരിച്ചു പുറത്തിറക്കിയ സ്മരണികയിലും ഒക്കെ പ്രതിഫലിക്കുന്ന ചില ആശയങ്ങൾ നമ്മുടെ സജീവ ശ്രദ്ധ അർഹിക്കുന്നു.

1. പുനരൈക്യം, സാർവ്വത്രീക കൂട്ടായ്മ എന്നീ പദങ്ങളുടെ അർത്ഥം:

സപ്തതി സമ്മേളനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കപ്പെട്ട ലേഖനങ്ങളിൽ കാണപ്പെട്ട രണ്ട് പ്രധാന വാക്കുകളാണ് പുനരൈക്യവും സാർവ്വത്രീക കൂട്ടായ്മയും. ഇത് സംബന്ധിച്ച് എഴുതിവന്നിരിക്കുന്ന ചില വാചകങ്ങൾ ഇവിടെ ഉദ്ധരിക്കാം. ലോകത്തിലുള്ള മറ്റെല്ലാ സഭകളേയും പോലെ തന്നെ ഭാരത സഭയും ക്രിസ്താബ്ദത്തിന്റെ ആദ്യ ദശകങ്ങളിൽ സാർവത്രീക സഭയോടും അപ്പോസ്തോലിക സിംഹാസനത്തോടും ബന്ധം പുലർത്തിയിരുന്നു. ഭൂമിശാസ്ത്ര പരമായ പ്രത്യേകത റോമുമായിട്ടുള്ള നിരന്തര സമ്പർക്കത്തെ പരിമിതപ്പെടുത്തി. പകരം പേർഷ്യായിലെ കൽദായ സഭയുമായുള്ള ബന്ധത്തിലൂടെയാണ് മലങ്കരസഭ റോമുമായി ബന്ധം നിലനിർത്തിയിരുന്നത്. പൗരസ്ത്യ സഭകളെല്ലാം അംഗീകരിക്കുന്ന നിഖ്യാ സുന്നഹദോസിന്റെ തീരുമാനങ്ങളിൽ റോമിലെ റിശ് പാത്രിയർക്കീസ് മറ്റുള്ള പാത്രിയർക്കീസുമാരിൽ പ്രധാനിയാണെന്ന് പ്രഖ്യാപിക്കുന്നു. പതിനാറാം നൂറ്റാണ്ട് വരെ ഇങ്ങനെ തുടർന്ന് വന്നു. (മലയാള മനോരമ, 2000 ഡിസംബർ 28 വ്യാഴം, പേജ് 7) ഈ വാചകങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്ന ചില ആശയങ്ങൾ അല്പം കൂടി വ്യക്തമാക്കുന്നത് നല്ലതാണെന്ന് തോന്നുന്നു.

1. റോമിലെ സഭ സാർവ്വത്രീക സഭയാണ് അവിടെയാണ് അപ്പോസ്തോലിക സിംഹാസനമുള്ളത്. നിഖ്യാ സുന്നഹദോസ് തീരുമാനപ്രകാരം റോമിലെ റിശ് പാത്രിയാർക്കീസ് മറ്റുള്ളവരേക്കാൾ പ്രധാനിയാണ്.

2. ലോകത്തിലുള്ള എല്ലാ സഭകളും ഈ സഭയോട് ബന്ധം പുലർത്തിയിരിരുന്നു.

3. പതിനാറാം നൂറ്റാണ്ട് വരെ ഭാരത സഭയും റോമിലെ സാർവ്വത്രീക സഭയോട് ബന്ധപ്പെട്ടിരുന്നു.

4. ഭാരത സഭയ്ക്ക് നേരിട്ട് ബന്ധപ്പെടാൻ കഴിയാത്തത് കൊണ്ട് പേർഷ്യയിലെ കൽദായ സഭ വഴിയാണ് ഈ ബന്ധം നിലനിർത്തിയിരുന്നത്.

ഇവയുടെ വിശകലനത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് ഭാരത സഭയുടെ ചരിത്രത്തെ സമർത്ഥിച്ചിരിക്കുന്നത് കൂടി ഉദ്ധരിക്കേണ്ടിയിരിക്കുന്നു. 1653-ൽ നടന്ന ചരിത്ര പ്രസിദ്ധമായ കൂനൻ കുരിശ് സത്യം അതുവരെ അവിഭക്തമായിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളെ 'പഴയകൂർ' എന്നും 'പുതിയകൂർ' എന്നും രണ്ടായി നെടുകെ പിളർന്നു. വൈതരണികൾ ഏറെയുണ്ടായിട്ടും റോമിലെ സാർവത്രീക സഭയുടെ കൂട്ടായ്മയിൽ ഒതുങ്ങി നിന്നവരാണ് പഴയ കൂർ വിഭാഗം.

സാർവത്രീക കൂട്ടായ്മ വിട്ടുപുതിയ രീതികൾ സ്വീകരിച്ചവർ എന്ന അർത്ഥത്തിലാണ് പുത്തൻ കൂർ എന്ന് മറു വിഭാഗത്തെ വിളിക്കാൻ ഇടയായത്. നഷ്ടപ്പെട്ടു പോയ സാർവത്രീക കൂട്ടായ്മ പുനഃസ്ഥാപിക്കുവാൻ പുത്തൻ കൂർ ഭാഗത്തിന്റെ നായകൻമാർ പലരും നടത്തിയ നിരന്തരമായ പരിശ്രമങ്ങൾ 1930-ൽ മാർ ഈവാനിയോസും കൂട്ടരും റോമാസഭയിൽ ചേർന്നതോടെ സാക്ഷാൽക്കരിക്കപ്പെട്ട സംഭവമാണ് "പുനരൈക്യം" (പുനരൈക്യ സപ്തതി സ്മരണികയിലും പത്രങ്ങളിലും ഇത് പ്രസിദ്ധികരിച്ചിട്ടുള്ളതാണ്.)

പൗരസ്ത്യ ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്ന ചിന്താഗതികളിൽ നിന്ന് വളരെ വിഭിന്നമായിരിക്കുന്ന അഭിപ്രായ പ്രകടനങ്ങളാണിവയെല്ലാം എന്ന് ഒറ്റനോട്ടത്തിൽ തന്നെ സഭാ വിശ്വാസികൾക്ക് മനസ്സിലാക്കാവുന്നതേയുള്ളു. ഏകവും വിശുദ്ധവും കാതോലികവും അപ്പോസ്തോലികവുമായ സഭയുടെ സ്ഥാപകൻ യേശുക്രിസ്തുവാണ്. യെരുശലേമിൽ കർത്താവ് സ്ഥാപിച്ച സഭയെ അപ്പോസ്തോലൻമാരും അവരുടെ പിൻഗാമിയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി നട്ടു വളർത്തി. കർത്താവ് സ്ഥാപിച്ച സഭയിൽ പന്ത്രണ്ടു ശ്ലീഹന്മാർക്കും സിംഹാസനങ്ങൾ നൽകിയിട്ടുണ്ട്. (മത്താ. 19:28; ലൂക്കോ. 22:30) പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു (യോഹ. 20:21) എന്ന് കർത്താവ് അപ്പോസ്തോലീക ഗണത്തോടാണ് കൽപ്പിക്കുന്നത്. വി. പത്രോസ് ശ്ലീഹായ്ക്ക് മാത്രമാണ് അപ്പോസ്തോലിക സിംഹാസനമുള്ളതെന്ന് വേദപുസ്തകം രേഖപ്പെടുത്തിന്നില്ല. എന്നാൽ മറ്റു പതിനൊന്നു പേർക്കു കൊടുത്തത് തന്നെ പത്രോസിനോട് മാത്രമായി പറയുന്ന ചില സന്ദർഭങ്ങൾ വേദപുസ്തകത്തിലുണ്ട്. അതിനെല്ലാം പ്രത്യേക കാരണങ്ങളും ഉള്ളതായി വേദപുസ്തകത്തിൽ നിന്നു തന്നെ വ്യക്തമാക്കാവുന്നതാണ്.

"എവിടെ എപ്പിസ്കോപ്പായുണ്ടോ എവിടെ സഭയുണ്ട്" എന്ന് അപ്പോസ്തോലിക പിതാവായ വി. ഇഗ്നാത്തിയോസ് പറയുന്നു. എപ്പിസ്കോപ്പായ്ക്ക് പത്രോസിനും മറ്റ് അപ്പോസ്തോലന്മാർക്കും ലഭിച്ച നൽവരങ്ങളും അധികാരങ്ങളും ദൈവീകമായി ലഭിക്കുന്നു. സത്യവിശ്വാസികളായ എപ്പിസ്കോപ്പൻമാർ പ്രതിനിധാനം ചെയ്യുന്ന വി. കുർബ്ബാന അർപ്പിക്കുന്ന സഭ സാർവത്രീക സഭയാണ്. അല്ലാതെ റോമിലോ മറ്റേതെങ്കിലും ഒരു സ്ഥലത്തോ ഉള്ള സഭ മാത്രമാണ് സാർവത്രീക സഭയെന്നും അവിടെ മാത്രമേ അപ്പോസ്തോലിക സിംഹാസനമുള്ളുവെന്നും റോമിലെ സഭയോട് ചേരുന്നതാണ് സാർവത്രീക സഭയോടുള്ള കൂട്ടായ്മയെന്നും പറയുന്നത് വേദപുസ്തക സത്യത്തിനോ മനുഷ്യയുക്തിക്കോ നിരക്കാത്തതാണ്.

പാത്രിയർക്കീസ്, കാതോലിക്ക തുടങ്ങിയ സ്ഥാനങ്ങളും പദവികളും വളർന്ന് പന്തലിച്ച സഭയിൽ പിന്നീടുണ്ടായ ക്രമീകരണങ്ങളാണ്. ഈ ക്രമീകരണങ്ങൾ ഉണ്ടായ കാലഘട്ടത്തിലും ഒരാൾ മറ്റൊരാളെക്കാൾ വലിയവനോ ചെറിയവനോ ആയി കണക്കാക്കപ്പെട്ടിട്ടില്ല. വി. കുർബ്ബാന സംസർഗ്ഗത്തിലൂടെ സാർവ്വത്രീക സ്വഭാവം ഉൾക്കൊള്ളുന്ന പ്രാദേശിക സഭകൾ എല്ലാം തന്നെ പരസ്പര ബന്ധം സ്ഥാപിച്ചുകൊണ്ട് ഏകവും വിശുദ്ധവും കാതോലികവും അപ്പോസ്തോലികവുമായി നിലകൊള്ളുന്നു. ഇവിടെ ലോകത്തിലുള്ള എല്ലാ സഭകളും റോമിലെ സാർവ്വത്രീക സഭയോട് ബന്ധം പുലർത്തി എന്നു പറയുന്നതിനേക്കാൾ ഉപരി ക്രിസ്താബ്ദത്തിന്റെ ആദ്യ നൂറ്റാണ്ടുകളിൽ എല്ലാ പ്രദേശങ്ങളിലുമുള്ള സഭകൾ പരസ്പരം ബന്ധം പുലർത്തി എന്നു പറയുന്നതാണ് യുക്തിയായിട്ടുള്ളതും ചരിത്രപരമായ സത്യവും.

> **വി. കുർബ്ബാന സംസർഗ്ഗത്തിലൂടെ സാർവ്വത്രീക സ്വഭാവം ഉൾക്കൊള്ളുന്ന പ്രാദേശിക സഭകൾ എല്ലാം തന്നെ പരസ്പര ബന്ധം സ്ഥാപിച്ചു കൊണ്ട് ഏകവും വിശുദ്ധവും കാതോലികവും അപ്പോസ്തോലികവുമായി നിലകൊള്ളുന്നു.**

എ.ഡി. 325-ലെ നിഖ്യാ സുന്നഹദോസിനെ എല്ലാ പൗരസ്ത്യ സഭകളും അംഗീകരിക്കുന്നു എന്നാൽ അവിടെ വച്ച് റോമിലെ പാത്രിയർക്കീസിനെ റിശ് (തലവൻ) ആക്കി എന്നുപറയുന്നത് പൗരസ്ത്യ സഭകൾ അംഗീകരിക്കുകയില്ല. ഒരു പൊതു സുന്നഹദോസിനു വേണ്ടി കൂടി വരുന്ന സാഹചര്യത്തിൽ ഓരോ സഭയുടേയും സ്ഥാനം എപ്രകാരമായിരിക്കണമെന്ന് നിശ്ചയിച്ചപ്പോൾ റോമാ ചക്രവർത്തിയുടെ ആസ്ഥാനമായതുകൊണ്ട് റോമിലെ മെത്രാന് മുൻഗണനക്രമത്തിൽ ഒന്നാമത്തെ സ്ഥാനം നൽകി. അതുകൊണ്ട് റോമിലെ മെത്രാനോ അദ്ദേഹത്തിന്റെ സിംഹാസനമോ ബാക്കിയുള്ള മെത്രാന്മാരുടെയും സിംഹാസനങ്ങളുടെയും തലയാണ് (റിശ്) എന്ന് ധരിക്കുന്നത് സഭാപാരമ്പര്യത്തിനും ചരിത്രത്തിനും നിരക്കുന്നതല്ല.

എല്ലാ പ്രാദേശികസഭകളും ഒരുമിച്ച് നിന്ന് വി. കുർബ്ബാന സംസർഗം ഉണ്ടായിരുന്ന ചരിത്രം ഏ.ഡി. 431 വരെ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നുള്ളത് ഏവർക്കും അംഗീകരിക്കാവുന്ന വസ്തുതയാണ്. ഏ.ഡി. 431-ന് ശേഷം ഉണ്ടാകുന്ന ആദ്യവിഭജനം നെസ്തോറിയസിന്റെ പഠിപ്പിക്കലുകൾ സ്വീകരിച്ച പേർഷ്യൻ സഭയും അതിനെ എതിർത്ത മറ്റു സഭകളും തമ്മിലായിരുന്നു. 11-ാം നൂറ്റാണ്ടായപ്പോഴേക്കും പൗരസ്ത്യ സഭകൾ മൂന്ന് തട്ടുകളായി മാറി. 1) പേർഷ്യൻ സഭയിലെ 'നെസ്തോറിയ' സഭ; 2) ഈജിപ്ത്, സിറിയ, എത്യോപ്യ, അർമീനിയ എന്നിവിടങ്ങളിലെ പുരാതനസഭകൾ. ഇവ ഏ.ഡി. 451-ൽ കൽക്കദൂന്യായിൽ കൂടിയ സുന്നഹദോസിനെ എതിർത്ത സഭകളാണ്. 3) കുസ്തന്തീനോസ് പോലീസിലെ സഭ ഇത് കൽക്കദോന്യ സുന്നഹദോസിനെ അംഗീകരിക്കുന്ന സഭയാണ്. പതിനൊന്നാം നൂറ്റാണ്ടിൽ ഈ മൂന്ന് ഗ്രൂപ്പിൽപ്പെട്ട സഭകളും റോമിലെ സഭയും തമ്മിൽ അന്യോന്യം പൂർണ്ണമായും വേർപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഈ പരിപൂർണ്ണവേർപ്പെടലിനു ശേഷം പലസമയങ്ങളിലായി റോമൻ കത്തോലിക്കാ കച്ചവടക്കാരും "മിഷണറിമാരും" പൗരസ്ത്യദേശങ്ങളിലേക്ക് വന്നു. വിവിധ മാർഗ്ഗങ്ങളിലൂടെ പൗരസ്ത്യ സഭാംഗങ്ങളായ വിശ്വാസികളെ അടർത്തിമാറ്റി റോമാസഭയുടെ നുകത്തിൽ കീഴിലാക്കി അവരുടെ തനിമ നഷ്ടപ്പെടുത്തിയ യൂണിയാറ്റു പ്രക്രീയയാണ് പുനരൈക്യം എന്ന് അറിയപ്പെടുന്നത്. അന്ത്യോഖ്യായിലെ സുറിയാനി സഭയിൽ നിന്നും അടർത്തിമാറ്റപ്പെട്ട് റോമാ സഭയുടെ നുകത്തിൽ കീഴിലായ യൂണിയാറ്റു സമൂഹത്തിന്റെ ഇപ്പോഴത്തെ തലവനാണ് ഈ അടുത്തകാലത്ത് മലങ്കര കത്തോലിക്കാ സപ്തതി ആഘോഷം ഉത്ഘാടനം ചെയ്യുവാനെത്തിയ മാർ ഇഗ്നാത്തിയോസ് മൂസാ ദാവീദ്. "കക്ഷി വഴക്കു കൊണ്ട് കലുഷിതമായിരിക്കുന്ന പുത്തൻ കൂർ സഭാന്തരീക്ഷത്തിൽ റോമിലെ റിശു പാത്രിയർക്കീസിന്റെ അധികാരത്തോട് ഐക്യപ്പെട്ടു നിൽക്കുന്ന അന്ത്യോഖ്യൻ കത്തോലിക്കാ പാത്രിയർക്കീസിന്റെ സാന്നിദ്ധ്യം ഏറെ പ്രസക്തമാണ്." എന്ന കാര്യം പത്രത്തിലും സപ്തതി സ്മരണികയിലും അടിച്ചു വന്നത് മലങ്കര സഭയുടെ മക്കൾ വളരെ ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യേണ്ട ഒരു വസ്തുതയാണ്. ഈ വാചകത്തിൽ ഒളിഞ്ഞിരിക്കുന്ന അപകടം വ്യക്തമാക്കേണ്ട കാര്യമില്ല.

തുടരും....

# ST. GREGORIOS ORTHODOX CHURCH SHARJAH

## അപേക്ഷകൾ ക്ഷണിക്കുന്നു

മരുഭൂമിയിലെ പരുമലയായി വിശേഷിപ്പിക്കുന്ന **ഷാർജാ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക** കഴിഞ്ഞ രണ്ടു ദശാബ്ദത്തിലേറെയായി നടത്തിവരുന്ന ആതുരസേവനം ഈ വർഷവും നടത്തുവാൻ ആഗ്രഹിക്കുന്നു. നിർധനരും നിരാലംബരും ആയവരിൽ നിന്ന് ജാതിമത ഭേദമന്യേ താഴെ പറയുന്ന വിഭാഗങ്ങളിലേക്കായി അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷയോടൊപ്പം അതതു വിഭാഗത്തിനനുസൃതമായി ആവശ്യപ്പെട്ടിരിക്കുന്ന ഡോക്കുമെന്റും ഉണ്ടായിരിക്കേണ്ടതാണ്.

**1. വിദ്യാഭ്യാസം, 2. ചികിത്സാസഹായം, 3. വിവാഹം, 4. പൊതുസഹായം.**

ആഗസ്റ്റ് 31-ാം തീയതിക്കകം അപേക്ഷകൾ ലഭിച്ചിരിക്കേണ്ടതാണ്. ബന്ധപ്പെട്ട ഡോക്കുമെന്റ് ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കപ്പെടുന്നതല്ല. അപേക്ഷ അയക്കേണ്ട വിലാസം:-

**REV. FR. JOHN DANIEL**
**ST. GREGORIOS ORTHODOX CHURCH**
**P.O. BOX 2229, SHARJAH U.A.E.**

**അപേക്ഷകൾക്കൊപ്പം ഉണ്ടായിരിക്കേണ്ടതായ ഡോക്കുമെന്റ്:-**

**1. വിദ്യാഭ്യാസം:-**

a. അപേക്ഷകന്റെ വാസസ്ഥലത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെ ശുപാർശകത്ത്.

b. വിദ്യാഭ്യാസം ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും പഠിച്ചുകൊണ്ടിരിക്കുന്നു എന്ന സാക്ഷ്യപത്രം അഥവാ അഡ്മിഷൻ കാർഡ്.

c. ഏറ്റവും ഒടുവിൽ വിജയിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പി.

**2. ചികിത്സാ സഹായം:-**

a. അപേക്ഷകന്റെ വാസസ്ഥലത്തുള്ള പള്ളി വികാരിയുടെ ശുപാർശകത്ത്.

b. ചികിത്സിക്കുന്ന ഡോക്ടറിന്റെ ട്രീറ്റ്മെന്റ് സർട്ടിഫിക്കറ്റ്

**3. വിവാഹ സഹായം:-**

a. വിവാഹ നിശ്ചയം നടന്നതിന്റെ തെളിവ്.

b. അപേക്ഷകന്റെ വാസസ്ഥലത്തുള്ള ഓർത്തഡോക്സ് പള്ളി വികാരിയുടെ ശുപാർശകത്ത്.

**4. പൊതുസഹായം:-**

അപേക്ഷകന്റെ വാസസ്ഥലത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെ ശുപാർശകത്ത്.

*7-ാം പേജിൽ നിന്നു തുടർച്ച.....*

അതുകൊണ്ട് ഇപ്പോഴത്തെ കാതോലിക്കാ ബാവ മലങ്കര മത്രാപ്പോലീത്ത അല്ലെന്ന് സ്ഥാപിക്കുവാനാവില്ല.

3. സുപ്രീംകോടതിവിധിയിൽ ഇപ്പോഴത്തെ കാതോലിക്കാ ബാവ മലങ്കര മെത്രാപ്പോലീത്തായും കൂടിയാണെന്ന് പ്രത്യേകം പറഞ്ഞിട്ടില്ല. പരി. ഗീവർഗീസ് ദ്വിതീയൻ തുടങ്ങി ഇതിനുമുമ്പുണ്ടായിരുന്ന കാതോലിക്കമാരുടെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തെപ്പറ്റി ആർക്കും തർക്കമില്ല. എന്നാൽ അവരുടെ കാര്യത്തിലും മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ചേർത്തല്ല കേസു വിധികളിൽ പരാമർശമുള്ളത്. അതുകൊണ്ട് ഇപ്പോഴത്തെ കാതോലിക്കാ ബാവായുടെ കാര്യത്തിൽ മാത്രമുള്ള ഈ തർക്കം തർക്കത്തിനു വേണ്ടി മാത്രമുള്ളതാണെന്ന് ആർക്കും വ്യക്തമാകും.

4. ഇപ്പോഴത്തെ കാതോലിക്കാബാവ മലങ്കര മെത്രാപ്പോലീത്ത അല്ലെങ്കിൽ 1995 ലെ സുപ്രീം കോടതി വിധി മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടാൻ നിർദ്ദേശിച്ച സ്ഥിതിക്ക് ആരാണ് വിളിച്ചുകൂട്ടേണ്ടത്? ആ നിലയ്ക്കാണ് അഡ്വ. പരാശരന് കാതോലിക്കാ ബാവയ്ക്ക് അസോസിയേഷൻ വിളിച്ചു കൂട്ടാൻ അധികാരമുണ്ടെന്ന് നിയമോപദേശം നല്കിയത്.

5. ഇപ്പോഴത്തെ കാതോലിക്കയെ മലങ്കര മെത്രാപ്പോലീത്തയായിട്ട് കോടതി അംഗീകരിച്ചിട്ടുണ്ടോ എന്നതിന്റെ സത്യം അറിയാനുള്ള ആഗ്രഹം കൊണ്ടായിരുന്നു ഈ കേസ് കൊടുത്തിരിക്കുന്നതെങ്കിൽ അഞ്ചു വർഷങ്ങൾക്കുശേഷം വാദം കേൾക്കാൻ കോടതി തയ്യാറായപ്പോൾ അതു പിൻവലിക്കേണ്ടതില്ലായിരുന്നു. മാർ ദിവന്നാസ്യോസിന്റെ സത്യസന്ധതയും ആത്മാർത്ഥതയും ചോദ്യം ചെയ്യുകയാണ് ഈ നടപടികൾ.

ഇനി നിയമത്തോടും കോടതി വിധിയോടുമുള്ള മാർ ദീവന്നാസ്യോസിന്റെ അനാദരവിന്റെ ചരിത്രത്തിലേക്ക് കടക്കാം.

1. 1934-ലെ സഭാ ഭരണഘടന അംഗീകരിച്ച് അതിനോട് വിധേയത്വം രേഖാമൂലം കോടതിയിൽ സമർപ്പിച്ചിട്ടുള്ള ദേഹമാണ് മാർ ദീവന്നാസ്യോസ്. അതിനുശേഷമാണ് ഭരണഘടനാലംഘനം തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്നത്. ഒന്നുകിൽ അംഗീകരിച്ച ഭരണഘടനയുടെ ചട്ടക്കൂട്ടിൽ നിന്നു കൊണ്ട് ഭദ്രാസന ഭരണം നടത്തണം. അല്ലെങ്കിൽ ഭരണഘടന നിരാകരിച്ച് സഭവിടണം.

2. അങ്കമാലി മെത്രാപ്പോലീത്ത ആയി മാത്രം സ്റ്റാറ്റസ്കോയുള്ള മാർ ദീവന്നാസ്യോസിന് ഇന്ന് ഏതെല്ലാം ഭദ്രാസനങ്ങളുടെ ഭരണച്ചുമതല ഇല്ല എന്നു പറയുന്നതാവും എളുപ്പം!അത്രമാത്രം ഭദ്രാസനങ്ങളുടെ അധിപനാണ് ഇദ്ദേഹം. താൻ അംഗീകരിച്ചിരിക്കുന്ന സഭാഭരണഘടനയിലെ ഏതു വകുപ്പിൽ പ്രകാരമാണ് ഈ ഭരണഭാരമെല്ലാം ഏറ്റെടുത്തിരിക്കുന്നതെന്ന് അദ്ദേഹം വെളിപ്പെടുത്തേണ്ടതാണ്.

3. 1934 ഭരണഘടന ബാധകമയിരിക്കെ പാത്രിയർക്കീസ് കക്ഷിയുടെ പ്രത്യേക പള്ളി പ്രതിപുരുഷയോഗം വിളിച്ചുകൂട്ടി നിയുക്ത മെത്രാനെ തെരഞ്ഞെടുക്കുകയും നിയുക്ത ശ്രേഷ്ട കാതോലിക്കയായി സ്വയം തെരഞ്ഞെടുപ്പിക്കുകയും ചെയ്തതിന് വല്ല നിയമ പിൻബലവുമുണ്ടോ?

4. കഴിഞ്ഞ വർഷം സഭാഭരണഘടനക്ക് കടകവിരുദ്ധമായി മാർ ദീവന്നാസ്യോസ് വിളിച്ചുകൂട്ടിയ പ്രതിനിധിയോഗത്തിൽ തെരഞ്ഞെടുത്ത ഭരണസമിതികൾ അനധികൃതമാണ് എന്ന കോടതി വിധിക്കെതിരെ അപ്പീൽ പോലും കൊടുത്തിട്ടില്ല. എന്നിട്ടും അവയെല്ലാം ഭരണസമിതികൾ എന്ന പേരിൽ തന്നെ നില നില്ക്കുന്നു.

5. അടുത്ത കാലത്ത് അന്ത്യോഖ്യാ പാത്രിയർക്കീസിനെകൊണ്ട് മലങ്കര സഭാകാര്യങ്ങളിൽ അനധികൃതമായി കൈകടത്തിക്കുകയും, കല്പനകൾ പുറപ്പെടുവിക്കുകയും മേൽപട്ടക്കാരെ വാഴിക്കുകയുമെല്ലാം ചെയ്യുന്നു.

**മാർ ദീവന്നാസിയോസിന്റെ പ്രവർത്തനശൈലിയും ഉദ്ദേശ്യവും ഇപ്രകാരം സംഗ്രഹിക്കാം.** കോടതി വിധിപ്രകാരം സ്റ്റാറ്റസ്കോ ആനുകൂലം ലഭിക്കുന്നതിനായി 1934 ലെ ഭരണഘടന അംഗീകരിക്കുന്നതായി എഴുതിക്കൊടുത്തശേഷം അതു ലംഘിച്ചുകൊണ്ട് മുമ്പോട്ടുപോവുക. ഔദ്യോഗിക സഭാനേതൃത്വത്തിന്റെ പ്രവർത്തനങ്ങളെ ഉടക്കു കേസുകൾ കൊടുത്ത് തടസ്സപ്പെടുത്തുക. കീഴ്കോടതികളിൽനിന്ന് മേൽകോടതികളിലേക്കും തിരികെയും കേസുകൾ നീക്കുക. ഒപ്പം തന്നെ അവ കോടതിയുടെ പരിഗണനക്ക് വരുന്ന സമയം പിൻവലിച്ച് ദോഷകരമായി വിധി ഉണ്ടാകാതെ സൂക്ഷിക്കുക. സാമാന്യ ജനങ്ങളുടെ അന്ത്യോഖ്യാ ഭക്തിയും പ്രാദേശിക ചിന്തയും ആളിപ്പടർത്തി അവരെ പള്ളികയ്യേറ്റങ്ങൾക്കും അക്രമങ്ങൾക്കും പ്രേരിപ്പിച്ച് കക്ഷിവിരോധം രൂക്ഷമാക്കുക. പാത്രിയർക്കീസിന്റെ കീഴിലാണ് എന്ന് നാടുനീളെ പറയുക. തനിക്ക് ഹിതകരമല്ലാത്ത കാര്യത്തിൽ പാത്രിയർക്കീസിനെ ധിക്കരിക്കുക (വടക്കൻ പറവൂർ പള്ളിയിൽ പാത്രിയർക്കീസുബാവായുടെ കല്പനയ്ക്കെതിരെ കോടതിയിൽ പോയിരിക്കുന്നു.) മലങ്കര സഭയ്ക്ക് ഒരിക്കലും ഉൾക്കൊള്ളാൻ കഴിയാത്ത വ്യക്തികളെ യോഗ്യത നോക്കാതെയും വ്യവസ്ഥാപിത തെരഞ്ഞെടുപ്പ് കൂടാതെയും വൈദികരും മേൽപ്പട്ടക്കാരുമാക്കി അനധികൃതമായി പള്ളികളിൽ പ്രവേശിപ്പിച്ച് ക്രമസമാധാനനില തകർത്ത് സഭായോജിപ്പ് അസാദ്ധ്യമാക്കുക. അടിസ്ഥാനരഹിതവും അബദ്ധജടിലവുമായ പ്രസ്താവനകൾ പത്രമാസികകൾ വഴി നിരന്തരം പരസ്യപ്പെടുത്തുക. തീർത്ഥയാത്രകൾ, തിരുശേഷിപ്പു സ്ഥാപനം, സ്വീകരണച്ചടങ്ങുകൾ, ആഘോഷപരിപാടികൾ മുതലായവ സംഘടിപ്പിച്ച് നിരന്തരം ദൃശ്യശ്രാവ്യ മാധ്യമങ്ങളിൽ നിറഞ്ഞുനില്ക്കുക, ഓരോ ഇടവകയിലും തടിമിടുക്കും റൗഡിത്തരവും മാത്രം കൈമുതലുള്ളവരെ തേടിപ്പിടിച്ച് പ്രീണിപ്പിച്ച് ഭരണതലത്തിലെത്തിച്ച് മുതൽ പിടിക്കാരാക്കി തനിക്കുവേണ്ടി ഓശാന പാടിക്കുക. എന്തിന്, മലങ്കരസഭയിൽ നിന്ന് ഒരു തുണ്ടെങ്കിലും അറുത്തെടുത്ത് പുരാതയ യാക്കോബായ സഭയാക്കി അതിന്റെ പരമാദ്ധ്യക്ഷനാവുക. ഈ ശ്രമത്തിനെതിരെ മലങ്കര സഭയിലെ ഓരോ അംഗവും ജാഗ്രത പാലിക്കേണ്ടതാണ്. ജനങ്ങളെ സ്വന്തം ആധിപത്യത്തിൽ കീഴിൽ വിശ്വാസത്തിന്റെ പേരു പറഞ്ഞ് ഒന്നിപ്പിച്ചു നിറുത്താനും ഇടവകപള്ളികൾ കൈവിട്ടുപോകുന്നതനുസരിച്ച് പുതിയ പള്ളികൾ വച്ച് മാറാനും തക്കവിധം കക്ഷിവിരോധം ഉജ്ജ്വലിപ്പിച്ച് സഭാധിപനാവുകയാണ് മാർ ദീവന്നാസ്യോസിന്റെ ലക്ഷ്യമെന്ന് ഇനിയും ജനം തിരിച്ചറിയേണ്ടിയിരിക്കുന്നു.

◆




# ഞായർ ദിന ചിന്തകൾ

ഫാ. ജോസഫ് സാമുവേൽ കറുകയിൽ

**മാർച്ച് 18**
**നോമ്പിലെ നാലാം ഞായർ**
**കനാന്യാസ്ത്രീയുടെ മകൾക്കു സൗഖ്യം.**
**വി. മത്തായി 15:21–31**

കർതൃ സന്നിധിയിലേക്ക് കടന്നു വന്ന പുറജാതിക്കാരി സ്ത്രീ മനോവേദനയുമായി കടന്നു വന്ന് സമാധാനത്തോടെ മടങ്ങിപ്പോകുന്ന ചിത്രമാണ് ഇന്നത്തെ വായനാഭാഗം.

**1.ദൈവ കരുണയ്ക്കായി യാചിക്കുന്ന സ്ത്രീ.**

യേശുവേ, ദാവീദു പുത്രാ എന്നോടു കരുണ തോന്നണമേ എന്നു ഹൃദയം നൊന്തു വിളിക്കുന്ന ഒരു സ്ത്രീയെയാണിവിടെ കാണുന്നത്. ഹൃദയത്തിൽ നിന്നുള്ള ഒരു പ്രാർത്ഥനയാണിത്. ഇത് വെറും അധരവ്യായാമം അല്ല. കർത്താവേ കരുണ ചെയ്യണമേ എന്ന കുറിയേലായിസ്സോൻ പ്രാർത്ഥനയാണിത്. നാം പ്രാർത്ഥിക്കുന്നതെന്താണ് പലപ്പോഴും നാം നമ്മെ അറിയാത്തതിനാലും നമ്മുടെ പ്രാർത്ഥനകൾ എന്താണെന്ന് ആരാധനാ സമൂഹത്തിന് വ്യാഖ്യാനിച്ചു നൽകുന്നില്ലാത്തതിനാലും പലപ്പോഴും പ്രാർത്ഥനകൾ വെറും അധരവ്യായാമമായിമാറുന്നു.

**2. മകളുടെ ഭൂതോപദ്രവമാണ് അവളുടെ പ്രശ്നം.**

അനേകമക്കൾ ഇന്ന് ഭൂതോപദ്രവത്തിന് അഥവാ പൈശാചിക ചിന്തകൾക്കും പൈശാചിക പ്രവർത്തനങ്ങൾക്കും അടിമകളാണ്. മക്കളില്ലാത്തവർക്ക് അതിൽ ദുഃഖമുണ്ടെങ്കിലും അതിലുപരി മക്കൾ ഉള്ള മാതാപിതാക്കൾ മക്കളുടെ സ്വഭാവ വൈകൃതങ്ങളാൽ ആകുലചിത്തരാണ്. അതിനു പരിഹാര മാർഗ്ഗം ഒന്നുമാത്രം. മക്കളെ ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിക്കുന്ന മാതാപിതാക്കളാണിന്നാവശ്യം.

**3. നിലവിളക്കു മറുപടി പറയാത്ത യേശു**

അവൾ നിലവിളിച്ചു യേശു മറുപടി ഒന്നും പറഞ്ഞില്ല. നമ്മുടെ പ്രാർത്ഥനകളും കർത്താവു കേൾക്കുന്നില്ല എന്നോ, മറുപടി തരുന്നില്ല എന്നോ ഒക്കെ നമുക്ക് പരാതികൾ ഉണ്ടാകാറുണ്ട്. ചില പ്രാർത്ഥനകൾക്ക് ഉടനെ മറുപടി ലഭിക്കുന്നില്ല. ചിലതിന് നാം ചോദിക്കുന്ന മറുപടിയാവില്ല ലഭിക്കുന്നത്. ചിലപ്പോൾ നമ്മുടെ വിശ്വാസവും പ്രതീക്ഷയും എത്രമാത്രം എന്നു പരിശോധിച്ച ശേഷം മറുപടി ലഭിക്കുന്നു. അബ്രഹാമിന്റെയും, ഇയ്യോബിന്റെയും, പൗലൂസിന്റെയും മറ്റും പ്രാർത്ഥനയും ലഭിച്ച മറുപടികളും നോക്കുക. പൗലൂസിന്റെ അസുഖം മാറ്റിയില്ല. പക്ഷെ ദൈവകൃപ നൽകി. അബ്രഹാമിന് കത്തി ബാലന്റെ മേൽവക്കുന്ന സമയം വരെ മറുപടി കിട്ടിയില്ല. ഇയ്യോബിന്റെ വിശ്വാസവും പ്രതീക്ഷയും അവസാനം വരെ കാണാൻ കാത്തു. ഒടുവിൽ എല്ലാം ഇരട്ടി നൽകി.

**4. അമ്മയുടെ വലിയ വിശ്വാസം മൂലം മകൾക്കു സൗഖ്യം നൽകി**

ഈ സംഭവത്തിൽ വേദനയോടെ കരഞ്ഞതും നിലവിളിച്ചതും നായ്ക്കുട്ടിയെന്നുള്ള വിളികേട്ടതുമെല്ലാം അമ്മയാണ്. എന്നാൽ അവളുടെ വലിയ വിശ്വാസം മൂലം മകളുടെ ദൂതോപദ്രവം മാറുന്നു. മാതാപിതാക്കളുടെ വിശ്വാസത്തോടെയുള്ള പ്രാർത്ഥന മക്കൾക്കു പ്രയോജനപ്രദം ഇതാണ് മദ്ധ്യസ്ഥത. യേശു പറഞ്ഞു യറുസലേം പുത്രമാരെ എന്നെ ചൊല്ലി കരയേണ്ടാ. നിങ്ങളെയും നിങ്ങളുടെ സന്തതികളെയും ചൊല്ലി കരവിൻ മക്കളെ ചൊല്ലി കരയുന്ന മാതാപിതാക്കൾ ഇന്ന് സഭയുടെ ആവശ്യം.

**മാർച്ച് 25**
**നോമ്പിലെ അഞ്ചാം ഞായർ**
**കൂനിയുടെ സൗഖ്യം**
**ലൂക്കോസ് 13:10–17**

രണ്ടു പ്രത്യേകതകൾ ഉള്ള ദിവസമാണ്. നോമ്പിലെ അഞ്ചാം ഞായറാഴ്ചയെന്നതും, മാർച്ച് 25–ാം തീയതി വി. ദൈവമാതാവിന്റെ വചനിപ്പുപെരുന്നാൾ ദിവസം കൂടിയാണ്. വി. മറിയത്തോട് ദൈവദൂതൻ സംസാരിക്കുകയും ദൈവഹിതത്തിനായി പരി. മറിയം ഏല്പിച്ചു കൊടുക്കുകയും ചെയ്യുന്നു. ആരാധനയിൽ സംബന്ധിച്ച് ചോദിച്ചതിലുപരി അനുഗ്രഹം നേടുന്ന മറ്റൊരു സ്ത്രീയുടെ അനുഭവം പഠിക്കുന്ന ആഴ്ചകൂടിയാണിന്ന്. കൂനിയായ സ്ത്രീയെ ശ്രദ്ധിക്കാം.

**1. പിറുപിറുക്കാതെ ആരാധനയ്ക്കു പോകുന്ന സ്ത്രീ.**

യേശുക്രിസ്തുവിന്റെ കാലത്ത് ആരാധനാ നടന്നിരുന്നത് പ്രധാനമായും രണ്ടു കേന്ദ്രങ്ങളിലാണ്. യഹൂദന്മാർ ആരാധിക്കുന്ന യെറുസലം ദേവാലയവും, ശാബതുനാളുകൾ തോറും ആരാധനക്കു കൂടുന്ന സംഘാലയങ്ങളും. അവൻ ശബ്ബതിൽ ഉപദേശിച്ചത് സംഘാലയത്തിലാണ്. അതായത് പള്ളി. അവിടെ യേശു ഉപദേശിച്ചുകൊണ്ടിരുന്നു. 18 കൊല്ലമായി കൂനിയായിട്ടും പിറുപിറുക്കാതെ ആരാധനയിൽ സംബന്ധിക്കുന്ന ഒരു സ്ത്രീയെ ഇവിടെ കാണാം. അവളുടെ കൂനിനെക്കുറിച്ചോ, അസുഖത്തെക്കുറിച്ചോ പരിഭവം കൂടാതെ സ്ഥിരമായി ആരാധനയിൽ സംബന്ധിക്കുന്നു. ചെറിയ ഒരു അസുഖം ഉണ്ടായാൽ നാം മുടക്കുന്നത് ആരാധനയാണ്. അഥവാ പ്രാർത്ഥനയാണ് എന്നകാര്യം ഓർക്കുക. നാം എവിടെ നിൽക്കുന്നു? ഇവളുടെ ആരാധനാ താത്പര്യം എവിടെ എന്നു കാണുക.

**2. ആരാധിക്കുന്നവന്റെ ഹൃദയം കാണുന്ന ദൈവം.**

കർത്താവേ എനിക്കു കൂനാണേ, ഇവ നിവർത്തണേ എന്ന പ്രാർത്ഥനയൊന്നും ഇവിടെ ഇവൾ ചെയ്യുന്നില്ല. പക്ഷെ ആരാധിക്കുന മനുഷ്യന്റെ ശാരീരികവും മാനസികവും ആയ ആവശ്യങ്ങൾ അറിഞ്ഞ് ദൈവം അടുത്തു വിളിച്ച് സഹായിക്കുന്നു. പ്രത്യേക ആവശ്യങ്ങൾ ഒന്നും പറയാതെ തന്നെ ഹൃദയനുറുക്കത്തോടെ ആരാധിക്കുന്നവനെ ദൈവം കാണുന്നു. പ്രാർത്ഥനയിൽ നാം പലതും ചോദിക്കുന്നു. പക്ഷെ സ്വന്ത ആവശ്യങ്ങൾ പറയാതിരിക്കുന്ന ഒരവസ്ഥ പ്രാർത്ഥനയ്ക്കുണ്ട്.






അതാണിവിടെ കാണുന്നത്. ഉറക്കെ പ്രാർത്ഥിക്കണമെന്നോ, ആവശ്യങ്ങൾ നിരത്തണമെന്നോ ഇല്ലാത്ത ഒരു അവസ്ഥ അതാണ് ആരാധനയുടെ ശ്രേഷ്ഠമായ അവസ്ഥ.

**3. യേശു അടുക്കെ വിളിച്ചാൽ ബന്ധനങ്ങൾ അഴിയും**

ആരാധിക്കുവാൻ ചെന്ന സ്ത്രീയുടെ അവസ്ഥ കണ്ട കർത്താവ് അവളെ അടുക്കൽ വിളിച്ചു അവളുടെ രോഗബന്ധനത്തെ അഴിച്ചു അവളെ സ്വതന്ത്രയാക്കി. പൈശാചിക ബന്ധനങ്ങൾ, രോഗബന്ധനങ്ങൾ എന്നിവ ആരാധനയിൽ അഴിയുന്നു.

**4. പുരുഷാരത്തിനു സന്തോഷം. കപട ഭക്തിക്കു സങ്കടം.**

പള്ളി പ്രമാണികൾ പുരുഷാരത്തോടു കയർത്തു. ശബ്ബതിൽ സൗഖ്യ പ്രാപ്തിക്കായി പാടില്ല കാരണം അന്നു വേലയൊന്നും ചെയ്യരുതെന്ന കല്പനയുണ്ടല്ലോ. യേശു മറുചോദ്യം ചോദിച്ചപ്പോൾ അവരുടെ വാക്കുകളിലെ പൊള്ളത്തരവും അക്ഷരത്തിലല്ല ആത്മാവിനത്രെ പ്രാധാന്യം എന്ന സത്യം വെളിപ്പെടുത്തലും ഉണ്ടായപ്പോൾ അവർക്കു ലജ്ജയും പുരുഷാരത്തിനു സന്തോഷവും നേരിട്ടു.

**ഏപ്രിൽ 1**
**നോമ്പിലെ ആറാം ഞായർ**
**കുരുടനു സൗഖ്യം**
**വി. യോഹന്നാൻ 9:1–41**

പിറവിയിലെ കുരുടനായ ഒരു മനുഷ്യനു യേശു സൗഖ്യം കൊടുക്കുന്നതും അതിനെ തുടർന്ന് യഹൂദ പ്രമാണികൾ നടത്തുന്ന വാദകോലാഹലങ്ങളും കുരുടന്റെ സാക്ഷ്യവും വെളിവാക്കുന്നതാണ് ഇന്നത്തെ വേദവായന.

വി. സഭാദിനം കൂടിയാണ് ഈ ഞായറാഴ്ച.

കർത്താവിന്റെ രക്ഷാകരവേല പൂർത്തിയാക്കുവാൻ ദൈവം ആക്കിവെച്ചിരിക്കുന്ന സ്വർഗ്ഗീയ സംവിധാനമാണ് സഭ. സഭാദിനത്തിൽ നമ്മുടെ ദൗത്യത്തിലേക്ക് പൂർണ്ണമായി മടങ്ങിയെത്താം. പരീശന്മാരെപ്പോലെ ഏതിനും കുറവും കുറ്റവും മാത്രം അന്വേഷിച്ച് അക്ഷരങ്ങളിൽ തൂങ്ങി ആത്മാവു നഷ്ടപ്പെട്ട നിർജ്ജീവാവസ്ഥയിലേക്കു പോകാതെ നമ്മുടെ അകകണ്ണുകൾ തുറന്ന് കാണ്ടതിനെ ശരിയായി കാണുവാനും കണ്ടതിനെ സാക്ഷിക്കുവാനും പ്രതികൂലതകളുടെ നടുവിൽ തകരാത്ത സാക്ഷ്യത്തോടെ നിൽക്കുവാനും ഈ നാൾ പ്രതിജ്ഞയെടുക്കാം. ഇന്നത്തെ വേദഭാഗത്തേക്കു വരാം.

**1. പ്രശ്നങ്ങൾ അവനവന്റെ പാപഫലം ആകണമെന്നില്ല.**

പിറവിക്കുരുടനെ ചൂണ്ടിക്കാട്ടി ശിഷ്യന്മാർ ചോദിക്കുന്നു. ഗുരോ ഇവൻ കുരുടനായി പിറന്നതെന്തുകൊണ്ട്? ആരാണതിനുത്തരവാദികൾ ഇവനോ? ഇവന്റെ മാതാപിതാക്കളോ? ഒരുവൻ ചെയ്യുന്ന തെറ്റുകൾ കൊണ്ടാണ് അവൻ ദുഃഖങ്ങൾ അനുഭവിക്കുന്നതെന്ന ചിന്ത അന്ന് പ്രബലമായിരുന്നു. അതുകൊണ്ടാണ് ഇയ്യോബിന്റെ സ്നേഹിതർ ഇയ്യോബിനോട് സംസാരിക്കുന്നത് നിന്റെ അകൃത്യങ്ങളാണ് നിന്റെ ഈ ദുഃസ്ഥിതിക്കു കാരണമെന്ന്. പ്രവർത്തികളും അനുഭവങ്ങളും തമ്മിൽ ബന്ധമുണ്ടാകാം. പക്ഷെ എല്ലാ വേദനകളും അവനവന്റെ പാപഫലം കൊണ്ടാകണവെന്നില്ല. യേശുവിന്റെ മറുപടി ശ്രദ്ധിക്കുക. ഇവനോ, ഇവന്റെ മാതാപിതാക്കളോ ചെയ്ത തെറ്റുകൊണ്ടല്ല, ദൈവനാമം മഹത്വപ്പെടുത്തുന്നതിനാണിത് എന്നാണ്. തുടർന്നുള്ള സംഭവങ്ങൾ കാണുമ്പോൾ അവ മനസ്സിലാകും.

**2. യേശു മരുന്ന് ഉപയോഗിക്കുന്നു.**

പിറവിക്കുരുടന് കർത്താവ് സൗഖ്യം കൊടുക്കുന്നു. നിനക്കു സൗഖ്യം വരട്ടെ എന്ന് കല്പിച്ചാൽ സൗഖ്യം വരും. പക്ഷെ ഇവിടെ യേശു ചേറുകുഴച്ച് കണ്ണിൽ പുരട്ടിയശേഷം ശീലോഹാമിൽ കഴുകുവാൻ ആവശ്യപ്പെടുന്നു. അപ്പോൾ സൗഖ്യം പ്രാപിച്ചു. മനുഷ്യന് കർത്താവ് മരുന്നുണ്ടാക്കി സൗഖ്യം കൊടുക്കുന്ന ചിത്രം ഇവിടെ കാണാം. തന്നെയുമല്ല, മനുഷ്യനെ മെനഞ്ഞത് മണ്ണുകൊണ്ടാണല്ലോ. ഇവിടെ വൈകല്യം തീർക്കുവാനും സൃഷ്ടാവ് മണ്ണു തന്നെ ഉപയോഗിക്കുന്നു.

**3. സത്യം പറയുന്നവരെ പള്ളിഭ്രഷ്ടരാക്കുവാൻ പറഞ്ഞൊത്ത യഹൂദർ.**

കുരുടനു സൗഖ്യം ലഭിച്ചതിനെ തുടർന്നുണ്ടായ വാദകോലാഹലങ്ങളുടെ വലിയ ഒരു ചിത്രം ഇവിടെ കാണാം. യേശു നൽകിയ സൗഖ്യത്തെ വിവിധ വിധത്തിൽ വ്യാഖ്യാനിക്കുന്നു. വ്യാഖ്യാനികളിൽത്തന്നെ ഭിന്നത ഉണ്ടാകുന്നു. അവന്റെ മാതാപിതാക്കളെ ചോദ്യം ചെയ്യുന്നു. യേശുവിനെ ക്രിസ്തു എന്ന് ഏറ്റു പറയുന്നവനെ പള്ളിഭ്രഷ്ടരാക്കണം എന്ന് നേരത്തെ പറഞ്ഞൊത്തിരുന്നു. വിധി നേരത്തേ എഴുതിയശേഷം തെളിവുകൾ അന്വേഷിക്കുന്നവർ. പക്ഷെ മാതാപിതാക്കൾ ഇവിടെ കൊടുക്കുന്ന മറുപടി അവന് പ്രായമുണ്ടല്ലോ അവനോടു ചോദിക്ക എന്നാണ്. അവിടെ അവരെ പിടിക്കുവാൻ കഴിഞ്ഞില്ല. വിധി എഴുതിയ ശേഷം തെളിവുകൾ തെരയുന്നത് നീതിയല്ല. സഭാദിനത്തിൽ നാം കാണേണ്ടത് എങ്ങനെ ഒരുവനെ പള്ളിഭ്രഷ്ടനാക്കാം എന്നല്ല, എങ്ങനെ ഒരുവനെ സഭയോട് അടുപ്പിക്കാനാവും എന്നാണ്. അതിന് പരീശകണ്ണുള്ളവർക്ക് ആകില്ല. അങ്ങനെയാകയാൽ ഒരു കൂട്ടം പരീശരുടെ കൂമ്പാരം മാത്രമാകും സഭ.

**4. അനുഭവം അറിവിനേക്കാൾ വലുത്.**

യേശു ദൈവമോ, പ്രവാചകനോ, അവൻ ആര്? അവൻ ചെയ്ത അത്ഭുതം ന്യായപ്രമാണപ്രകാരമോ? ഇതൊന്നും കുരുടനായിരുന്നവന് പ്രശ്നമല്ല. അവൻ ഈ വാദങ്ങളിൽ കക്ഷിചേരാനാഗ്രഹവുമില്ല. പക്ഷെ അവന്റെ സാക്ഷ്യം അഥവാ അനുഭവം ഒന്നു ഞാനറിയുന്നു. "മുമ്പേ കുരുടനായിരുന്നു. ഇപ്പോൾ കാണുന്നു" അവന്റെ ഈ സാക്ഷ്യത്തിനു മുമ്പിൽ സകല അറിവുകളും അലിഞ്ഞു പോകുന്നു. ദൈവത്തെക്കുറിച്ചുള്ള അറിവുകളും ന്യായങ്ങളും കൊണ്ട് ദൈവത്തെ അറിയാനാവില്ല. യഹോവ നല്ലവൻ എന്ന് രുചിച്ചറയുക.

**ഏപ്രിൽ 8**
**നോമ്പിലെ ഏഴാം ഞായർ**
**ഊശാനാ.**
**വി. യോഹന്നാൻ 12:12–19**
**(വി. മർക്കോസ് 11:1–11)**

ഊശാന ഞായറാഴ്ചയാണല്ലോ ഇന്ന്.

## ഞായർദിന ചിന്തകൾ

ഊശാന ശുശ്രൂഷ പഴകി ദ്രവിച്ച ഒരു സംഭവത്തിന്റെ ആവർത്തനമോ അനുകരണോ അല്ല. കർത്താവിന്റെ യറുസലേമിലെക്കുള്ള യാത്രയുടെ ദിവസമാണ് ഊശാനഞായറായി ഇന്ന് ആഘോഷിക്കുന്നത്

**1. ഇത് ഒരു പ്രവചന നിവർത്തിയാണ്.**

കാലങ്ങൾക്കു മുമ്പ് സഖര്യാപ്രവാചകൻ പ്രവചിച്ചു. സീയോൻ പുത്രിയേ ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക. യെരുശലേം പുത്രിയേ, ആർപ്പിടുക. ഇതാ നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു. അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതക്കുട്ടിയുടെ പുറത്തു കയറിവരുന്നു. അവൻ നീതി ലഭിക്കാതെ പോയ നീതിമാനാണ്. ജയശാലിയെങ്കിലും പരാജിതനെപ്പോലെ നിന്നവനാണ് വലിയവനെങ്കിലും താഴ്മ ധരിച്ചവനാണ്. പ്രവചന പൂർത്തി ഇന്ന് അരങ്ങേറുന്നു.

**2. കഴുതയെയും യജമാനന് ആവശ്യം.**

യജമാനൻ ആവശ്യപ്പെട്ടാൽ ഏതു കഴുതയും അവന്റെ സന്നിധിയിൽ എത്തും. ഉടമസ്ഥൻ ചോദിച്ചാൽ പറയുക കർത്താവിന് ഇവയെ ആവശ്യമുണ്ട്. ലോകത്തിലെ സകലത്തിന്റെയും ഉടമസ്ഥൻ അവനാണ്. നാമൊക്കെ ഇവിടുത്തെ വേലക്കാരും കാര്യസ്ഥരും മാത്രം. ആദിയിൽ ദൈവം മനുഷ്യനെ തോട്ടത്തിലാക്കിയത് തോട്ടം സൂക്ഷിപ്പാനും തോട്ടത്തിൽ വേല ചെയ്യുവാനുമാണ്. ഉടമസ്ഥാവകാശം ഇല്ല. അതിനാൽ കഴുതയും കുതിരയും ധനവും മനുഷ്യനുമെല്ലാം അവന്റെ വക. അവൻ ചോദിച്ചാൽ വിട്ടു കൊടുക്കുക മാത്രമെ സാധ്യമാകയുള്ളു. മാന്യതയില്ലാത്ത കഴുതയെയും യജമാനന് ആവശ്യമാണ്.

**3. ഇതൊരു ശക്തി പ്രകടനമായിരുന്നില്ല പിന്നെയോ ഭക്തി പ്രകടനമായിരുന്നു.**

ജനത്തെ ക്രമീകരിക്കുന്നതും കൂലിക്കു വിളിച്ചു ചേർത്തതും ആയ ഒരു ശക്തി പ്രകടനമായിരുന്നില്ല ഓശാനയിലേത്. ജനം തനിയെ കൂടിയതാണ്. താനേ വിരിയുന്ന പൂക്കൾക്ക് സൗരഭ്യം കൂടും തല്ലിവിരിയിക്കുന്ന പൂക്കൾക്ക് അതുണ്ടാവില്ല. സമർപ്പണത്തിന്റെ പ്രതീകമായി വഴിയിൽ വസ്ത്രങ്ങൾ വിരിച്ചു. കൈകളിൽ കുരുത്തോലകൾ ഏന്തി. വായ്കളിൽ ഹോശന്നാ അഥവാ സ്തുതിഗീതങ്ങൾ പാടിയുള്ള ഭക്തിയുടെ ശക്തമായ പ്രകടനം ഓശാനായിൽ ആരും പിടിച്ചു നിർത്താതെ അവനെ സ്തുതിക്കാം.

**4. സ്വർഗ്ഗീയ സീയോൻ യാത്രയുടെ നിഴലാണ് ഓശാനാ.**

നാം സീയോനിലേക്കുള്ള യാത്രക്കാരാകയാൽ കർത്താവിന്റെ എതിരേൽപിനായി കാത്തിരിക്കുന്ന യാത്രക്കാരാകയാൽ അനുതാപത്തോടെ, സമർപ്പണത്തോടെ, കൈകളിൽ കുരുത്തോലകളുമായി വായിൽ സ്തുതിഗീതങ്ങളോട അവനെ എതിരേൽക്കാൻ ഒരുങ്ങാം. ജീവിതം ഒരു മോക്ഷയാത്രയാണെന്ന സത്യം വിസ്മരിക്കരുത്. ഇത് വെറും ഒരു ഉല്ലാസ യാത്രയായി കാണരുത്.

**5. യേശുവിനെ വഹിക്കുന്ന കഴുതയ്ക്കും മാന്യതയുണ്ട്.**

യേശു കയറിയ കഴുതയ്ക്ക നടക്കുവാൻ വഴിയിൽ വസ്ത്രം വിരിച്ചു. കഴുതയ്ക്കും മാന്യത ലഭിച്ച ദിവസമാണിന്ന്. പക്ഷെ ഓർത്തുകൊൾക അവൻ പുറത്തുള്ളതിനാൽ ലഭിച്ച മാന്യതയാണിത്. യേശു കൂടെയുള്ളവൻ കഴുതയാണെങ്കിലും അവൻ ശ്രേഷ്ഠൻ. യേശുകൂടെയില്ലാത്തവൻ കുതിരയായാലും ഭോഷൻ. ദൈവം നമ്മുടെ മേൽവാഹനമേറുവാൻ തന്നെ വിനയപ്പെടാം.

**ഏപ്രിൽ 15**
**ഉയർപ്പു ഞായർ**
**വി. മത്തായി 28:1-20**

ആഴ്ച വട്ടത്തിന്റെ ഒന്നാം നാൾ കല്ലറയിൽ ചെന്ന മഗ്ദലക്കാരി മറിയ യേശു ഉയർത്ത വിവരം കാണുകയും മറ്റുള്ളവരെ അറിയ്ക്കുവാൻ കടന്നു ചെല്ലുന്ന കാഴ്ചയുമാണിന്നു കാണുന്നത്. ഉയർപ്പുദിവസം നൽകുന്ന ചില സന്ദേശങ്ങൾ

**1. സത്യം ഉയർക്കും**

മൂന്നു ദിവസം സത്യത്തെ കല്ലറയിൽ വെച്ചെങ്കിലും മൂന്നാം നാൾ ഉയർത്തു ദുഃഖവെള്ളിയാഴ്ച ഒരു പരാജയമായി തോന്നിയെങ്കിൽ ഇന്ന് വിജയത്തിന്റെ ദിനമാണ്. ഇത് ഒരു നിത്യയാഥാർത്ഥ്യമാണ്. സത്യത്തെ ഒരു കാലത്തും എന്നന്നേക്കുമായി കല്ലറയിൽ ആക്കാൻ ആകയില്ല. എന്ന് ഉയർപ്പുനമ്മെ ഓർപ്പിക്കുന്നു.

**2. കൈക്കൂലി കൊണ്ട് സത്യം മറക്കുന്നവർ**

യേശുവിന്റെ ഭൗതിക ശരീരം ആരോ മോഷ്ടിച്ചതാണെന്നു പറയുവാൻ കൈക്കൂലി കൊടുത്തവർ ലജ്ജിതരാകേണ്ടി വന്നു.

**3. യേശു കല്ലറയിൽ ഇല്ല.**

അവൻ കല്ലറയിൽ ഇല്ല. കാരണം അവൻ കല്ലറയിൽ ഉറങ്ങുന്ന മരിച്ച ഒരു ദൈവമല്ല. അവൻ ജീവിക്കുന്നവനാണ്. അതിനാൽ ചില ഉപദേശങ്ങൾ നൽകിയ ശേഷം കാലങ്ങൾക്കുശേഷം മരിച്ചുപോയി കല്ലറയിൽ ഉറങ്ങുന്ന ഒരു ദൈവമല്ല ക്രിസ്തു. അവൻ കല്ലറയിൽ ഇല്ല. പിന്നെ എവിടെ? അവൻ മനുഷ്യ ഹൃദയങ്ങളിൽ, അവൻ നിരാശക്കാരുടെ നടുവിൽ. അവൻ വേദനിക്കുന്നവരോടൊപ്പം അവൻ ജീവിക്കുന്നു.

**4. ഉയർക്കപ്പെട്ട യേശു ഭാരമേൽപ്പിച്ച ദൗത്യം നാം ചെയ്യുന്നുവോ?**

"നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും.....സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" മത്താ. 28:20 സുവിശേഷ ദൗത്യം നാം എത്രമാത്രം ശുഷ്കാന്തിയോടും ആത്മാർത്ഥതയോടും ചെയ്യുന്നു എന്ന് ഈ നാൾ ചിന്തിക്കുക.

**5. യൗസേഫ് നൽകിയ കല്ലറ യേശു തിരികെ നൽകി.**

യേശുവിന്റെ ഭൗതിക ശരീരം സംസ്ക്കരിക്കുവാൻ അരിമത്യാക്കാരൻ യൗസേഫ് സ്വന്ത ആവശ്യത്തിനായി തോട്ടത്തിൽ പാറയിൽ വെട്ടിയിരുന്ന കല്ലറ യേശുവിനായി വിട്ടു കൊടുത്തു. യേശു അവയെല്ലാം സ്വീകരിച്ചു എന്നാൽ ഇരട്ടി മാനത്തോടെ അവ തിരികെ നൽകി. ദൈവത്തിന് നാം സമർപ്പിക്കുന്നതൊന്നും നഷ്ടമല്ല. തന്നെയുമല്ല അവൻ ആർക്കും കടക്കാരനുമല്ല. ദൈവം അവയെല്ലാം ശ്രേഷ്ഠമായി തിരികെ നൽകുന്നു.



# സ്ത്രീകളുടെ വേദപഠനത്തിന് പുതിയസ്ഥാപനം

**കോട്ടയം:** മലങ്കര ഓർത്തഡോക്സ് സഭയിൽ സ്ത്രീകളുടെ വേദശാസ്ത്രഭ്യസനത്തിനായി ഒരു സ്ഥാപനം ആരംഭിക്കുവാൻ സോഫിയാസെന്ററിൽ കൂടിയ മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് തീരുമാനിച്ചു.

പരിശുദ്ധ ബസ്സേയിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷതവഹിച്ചു. ഗുജറാത്തിൽ ഭൂചലനം ഉണ്ടായ മേഖലകളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി രണ്ടു കോടി രൂപ സമാഹരിക്കും. കെ. ഐ. ഫിലിപ്പ് റമ്പാനെ ഇതിന്റെ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചു.

ഒറീസയിൽ ആറു വില്ലേജിലായി 221 ഭവനങ്ങൾ ഓർത്തഡോക്സ് സഭ പൂർത്തിയാക്കി. മാനേജിംഗ് കമ്മറ്റി അംഗീകരിച്ച ശുശ്രൂഷകരുടെ സേവന വേതന വ്യവസ്ഥ, സഭയുടെ പേരിൽ ട്രസ്റ്റുകളും സൊസൈറ്റികളും രജിസ്റ്റർ ചെയ്യുന്നതി പാലിക്കേണ്ട വ്യവസ്ഥകൾ, യുവജനപ്രസ്ഥാനത്തിന്റെ ഭരണഘടന എന്നിവ സുന്നഹദോസ് അംഗീകരിച്ചു.

വൈദീകസംഘം സെക്രട്ടറിയായി ഫാ. ഡോ. ജോൺ മാത്യൂസിനെ നിയമിച്ചു. ജൂണിൽ നടക്കുന്ന കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ ത്രൈവാർഷിക സമ്മേളനത്തിലേക്ക് ഡോ. മാത്യൂസ് മാർ സേവേറിയോസിന്റെ നേതൃത്വത്തിൽ ഏഴ് പ്രതിനിധികൾ സംബന്ധിക്കും.

മാവേലിക്കര, നിലയ്ക്കൽ, ബാംഗ്ലൂർ ഭദ്രാസനങ്ങൾ രൂപീകരിക്കുന്നതിന് മാനേജിംഗ് കമ്മറ്റി തിരുമാനം സുന്നഹദോസ് അംഗീകരിച്ചു.

ഗീവർഗീസ് മാർ കൂറിലോസ്, ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഡോ. കെ.ജെ ഗബ്രിയേൽ എന്നിവർ ധ്യാനം നയിച്ചു. സുന്നഹദോസിന്റെ അടുത്ത സമ്മേളനം ജൂൺ 10 മുതൽ 14 വരെ നടത്തുമെന്ന് സുന്നഹദോസ് സെക്രട്ടറി മാർ അത്താനാസിയോസ് അറിയിച്ചു.

### തിരുത്ത്

*കഴിഞ്ഞ ലക്കം മാസികയിൽ 'ഹന്നാഭവനം അഗതികളുടെ ആശ്രയം' എന്ന ലേഖനത്തിൽ ലേഖികയുടെ പേര് ചന്ദ്രക്കല എസ്. കമ്മത്ത് എന്നുള്ളത് ചന്ദ്രക്കല ആർ കമ്മത്ത് എന്ന് തിരുത്തി വായിക്കാനപേക്ഷ.*

എഡിറ്റർ.


**WANTED BRIDE GROOM**

Orthdox Priest belonging to Ancient family in central Travancore invites proposal for daughter 28/153 cms Well employed in Pune from Deacons or Suitable person

**Contact:**
Tele. (020) 5814048
Or Box. No. 257
Malankara Sabha, Devalokam-686038




KOSHY MATHEW,
ROSILY & ALEENA ANN KOSHY


**Form IV**
**Malankara Sabha**

| | | |
|---|---|---|
| Place of Publication | : | Kottayam |
| Periodicity | : | Monthly |
| Printer | : | Rev.Fr. T.G.Zacharia |
| Whether Citizen India | : | Yes |
| Address | : | Catholicate Aramana, Kottayam |
| Publisher | : | Rev.Fr. T.G. Zacharia |
| Address | : | Item No.5 |
| Editor | : | Rev. Dr. Jacob Kurian |
| Whether Citizen of India | : | Yes |
| Address | : | P.O. Box 98, Kottayam-1 |
| Name&Address of the owner | : | Orthodox Viswasa Paripalana Samithy Devalokam, Kottayam-38 |

I, Rev. Fr. T.G. Zacharai here by declare that the particulars given above are true to the best of my knowledge and belief.

22.02.2001 Fr. T.G. Zacharia

11-ാം പേജിൽ നിന്നു തുടർച്ച

കൂടാതെ സഭാംഗങ്ങൾക്കിടയിൽ വെറുപ്പും വിദ്വേഷവും അസ്വസ്തതയും കടന്നു കൂടി തന്മൂലം സഭയുടെ അംഗ സംഖ്യയിൽ തന്നെ കാര്യമായ വളർച്ചയുണ്ടായിട്ടില്ല. മൗലീക കാര്യങ്ങൾ പഠിക്കുവാനുള്ള താത്പര്യക്കുറവും അവരുടെ അജ്ഞതയും സഭയെ വ്യക്തമായി ബാധിച്ചിട്ടുണ്ട്.

മലങ്കര കത്തോലിക്കാ, റീത്ത്, പെന്തിക്കോസ്ത്, ബ്രദറൺ തുടങ്ങിയ വിഭാഗങ്ങളും കരിസ്മാറ്റിക് പ്രേമികളും സഭാന്തരീക്ഷത്തിൽ കടന്നാക്രമണം നടത്തികൊണ്ടിരിക്കുന്നു എന്നുള്ളത് വിസ്മരിക്കുവാൻ പാടില്ല. ഈ ദൃശ്യപ്രവർത്തനങ്ങളെ നേരിടേണ്ടത് ഓരോ ഇടവകയും അവിടുത്തെ നേതാക്കളുമാണ് അതിന് നേതൃത്വം കൊടുത്ത് അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ മേൽഘടകങ്ങളിൽ നിന്നും തുടരെ തുടരെ നൽകുന്നതിനും പരിശീലനം ലഭിച്ച പ്രവർത്തകരെ നിയോഗിക്കുന്നതിനും പദ്ധതി ഉണ്ടാവണം. ഇവയ്ക്ക് പ്രത്യേകമായ ഒരു സൈനീക നിരയെ തന്നെ കർമ്മ കുശലരായി രംഗത്തെത്തിക്കുവാൻ തയ്യാറാകണം. ആൺ തേനീച്ചകളെ പോലെ തേൻകുടിച്ച് മത്തരായ മടിയൻമാരെപോലെ ആകാതെ ചുറുചുറുക്കുള്ള പെൺ തേനീച്ചകളെ പോലെ പ്രവർത്തിക്കാൻ കഴിയുന്നവർ രംഗത്ത് ഇറങ്ങണം. നവീകരണക്കാർ സഭയിൽ നിന്നും പുറത്തായപ്പോൾ അവരുടെ പ്രവർത്തനത്തിന് എതിരായ പ. പരുമല തിരുമേനി രംഗത്ത് ഇറങ്ങി ഈ സഭയ്ക്ക് നേതൃത്വം നൽകി. മലങ്കര റീത്ത് പ്രസ്ഥാനത്തിനെതിരായി പുത്തൻകാവ് കൊച്ചു മെത്രാച്ചൻ (ഗീവർഗീസ് മാർ പീലക്സീനോസ്) തിരുമേനിയും രംഗത്ത് വന്നു അതുകൊണ്ട് സഭയ്ക്ക് കാര്യമായ തകർച്ച നേരിടുവാൻ ഇടയായില്ല.

മലങ്കര അസോസിയേഷൻ മുറപ്രകാരം അസോസിയേഷൻ കൂടി കാര്യങ്ങൾ ക്രമീകരിക്കുവാൻ തുടങ്ങുമ്പോൾ അതിന് ബദലായി പ്രവർത്തിക്കുന്നവരെ ശരിയാംവിധം നേരിടുവാൻ മറ്റൊരു നിരയെയും സജ്ജമാക്കണം. നിയമങ്ങൾ ശരിയാംവണ്ണം കൈകാര്യം ചെയ്യുവാൻ കഴിവുള്ള പ്രവർത്തകരെ കേന്ദ്രത്തിലും ഭദ്രാസനങ്ങളിലും അതിനായി നിയോഗിക്കണം. ഇവയെല്ലാം ജാഗ്രതയോടെ കൈകാര്യം ചെയ്യുവാൻ കഴിയുന്ന യുവതലമുറ തന്നെ ഉണ്ടായി സഭയെ പരിപുഷ്ടമാക്കേണ്ടത് ഏറ്റവും അത്യന്താപേക്ഷിതമാണ്. ഒരോരുത്തരും സഭയിൽ അവരവരുടെ സ്ഥാനം നിലനിർത്താനും സുഖവും സൗകര്യങ്ങളും വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിനു പകരം ഓരോ അംഗവും സഭയാണ് വലുതെന്ന് കരുതുകയും സഭയുടെ ശ്രേയസ്സ് വർദ്ധിപ്പിക്കുവാൻ ആത്മാർത്ഥമായി പ്രവർത്തിക്കുന്നതിനുള്ള അവസരമാണിത്. □

## ഉപ്പാണ്ടിമാപ്ല


റോണി, കോടുകുളഞ്ഞി







# 'തെക്കൻ പരുമല' വലിയ പള്ളി കൂദാശ ചെയ്തു



തിരുവനന്തപുരം: പുതുക്കി പണിത പേരൂർക്കട സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി ജനുവരി 1,2,3 തീയതികളിൽ കൂദാശ ചെയ്തു. പ. കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ്, അഭി. തോമസ് മാർ അത്താനാസ്യോസ്, അഭി. യാക്കോബ് മാർ ഐറേനിയോസ് എന്നിവരുടെ സഹകാർമ്മികത്വത്തിലുമാണ് കൂദാശ നടന്നത്.

കൂദാശയോടനുബന്ധിച്ചുള്ള പൊതുസമ്മേളനത്തിൽ പേരൂർക്കട പള്ളിയെ തെക്കൻ പരുമല വലിയപള്ളിയായി പ. ബാവ തിരുമനസ്സുകൊണ്ട് പ്രഖ്യാപിച്ചു. സുവനീർ പ്രകാശനം ബഹു. നിയമസഭാ സ്പീക്കർ എം. വിജയകുമാർ നിർവഹിച്ചു.

വികാരി ഫാ. മാത്യു എബ്രഹാം സ്വാഗതവും സെക്രട്ടറി വർഗ്ഗീസ് ദാനിയേൽ കൃതജ്ഞതയും പ്രകാശിപ്പിച്ചു.

കവിത

## ശുഭനാളുകൾ

കെ. ഡാനിയേൽ, തട്ടാരമ്പലം

വർഷത്തിലമ്പതു നാളുകൾ
അമ്പതുനോമ്പിൻ ശുഭനാളുകൾ
ആത്മ ശോധനയാലാമരും ചിന്തതൻ
പുനരർപ്പണ നിർവൃതിനാളുകൾ


അനുഗ്രഹപൂർണ്ണമാകീടും നാളുകൾ
സഹനത്തിൻ ആഴമളന്നീടും ധ്യാന ചിന്തയാൽ
മെഴുകുതിരിയായ് കത്തി ജ്വലിക്കുമീ
താഴ്മയിൻ താഴ്വേരിൽ തഴച്ചീടും ജീവിതം

ഭാവം ഇല്ലാതെയായിടും നാളുകൾ
'ഞാൻ' തന്നെ ചെറുതാകുമീയാലയിൽ
സ്നേഹപൂക്കൾ വിരിഞ്ഞിടും സന്ധ്യയിൽ
കരുണതൻ വിളനിലമാകും യാത്രയിൽ

ആനന്ദരാഗം പാടും ഇമ്പഗാനങ്ങൾ
നവചൈതന്യമാകുമീ ജീവിതം
കരുതലിൻ ചിന്തയിൽ പുണരും നാളുകൾ
പ്രാർത്ഥന നിഴലിൽ പടരുമീ ജീവിതം

എന്നിലെ മാലിന്യം കഴുകികളയുമീ
ആത്മശോധനയിൽ നിറയും ഞാനിനി
ആത്മ ധൈര്യമേകും ശുഭചിന്തകളാൽ
ജീവിത സാഫല്യമാകുമീ ജീവിതം

വർഷത്തിലമ്പതു നാളുകൾ
അമ്പതുനോമ്പിൻ ശുഭനാളുകൾ
ആത്മ ശോധനയാലമരും ചിന്തതൻ
പുനരർപ്പണ നിർവൃതിനാളുകൾ



**1ST DEATH ANNIVERSARY**

**12-02-2001**

# P.G. GEORGE

**ARATHIL GEORGE BHAVAN,**
**CHURULIKODU, PATHANAMTHITTA**

കർത്താവേ നിന്റെ രണ്ടാമത്തെ വരവിങ്കൽ ഈ ദാസനെയും നിന്റെ വലഭാഗത്തു നിറുത്തിക്കൊള്ളണമെ.
പരിശുദ്ധ പിതാവേ ഈ ആത്മാവിന് നിത്യശാന്തി നല്കണമെ.

പ്രത്യാശയോടെ,
കുടുംബാംഗങ്ങൾ

# ബൈബിൾപഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻകുരിശ്, കൊച്ചി-682 308

## റോമാലേഖനം 5,6,7 അദ്ധ്യായങ്ങൾ

*ചോദ്യം*

1) സമാധാനം എന്നതിന് എബ്രായ പദം ഏത്?

2) നാം കഷ്ടങ്ങളിൽ പ്രശംസിക്കുന്നത് എന്തുകൊണ്ട്?

3) അഭക്തർക്ക് മരിച്ചത് ആര്?

4) നമുക്ക് ദൈവത്തോട് നിരപ്പ് വന്നത് എങ്ങനെ?

5) വി. മാമ്മോദീസായ്ക്ക് വായിക്കുന്ന ശ്ലീഹാഭാഗം ഏതാണ്?.

6) നമ്മെ എങ്ങനെ ദൈവത്തിന് സമർപ്പിക്കണം എന്നാണ് പറഞ്ഞിരിക്കുന്നത്?

7) പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ച് ദൈവത്തിന് ദാസരായിരുന്നാൽ കിട്ടുന്ന ഫലം എന്ത്?

8) പാപത്തിന്റെ കൂലി എന്താണെന്ന് വേദപുസ്തകത്തിലെ പോലെ തന്നെ എഴുതുക?

9) ന്യായപ്രമാണം വിശുദ്ധം എന്നാൽ കല്പനയോ?

10) ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആർ വിടുവിക്കും?

## റോമാലേഖനം 3,4

*ഉത്തരം*

1) യഹൂദന്മാരുടെ (3:2)

2) സങ്കീ. 51:4 (3:4)

3) സങ്കീ. 14:1-3; 5:9; 140:3; 10:7;
യശ. 59:7-8; സങ്കീ. 36:1

4) ന്യായപ്രമാണം (3:20)

5) a) വീണ്ടെടുക്കുക. b) നീതികരണം (3:24)

6) a) 4 b) അബ്രഹാം

7) വിശ്വാസം

**ജനുവരി ലക്കത്തിലെ എല്ലാ ഉത്തരങ്ങളും ശരിയാക്കിയവരുടെ പേരുവിവരം**

*1. മോളി മാത്യു, നാരങ്ങാനം, 2. എലിസബത്ത് ചെറിയാൻ, കളപ്പുരയിൽ, നിരണം, 3. അന്നമ്മ മത്തായി, ആലുവ. 4. മാത്യു വർഗീസ്, മേലേത്ത്, മാമ്മലശ്ശേരി.*


FREE FREE FREE FREE FREE

**മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ ശുശ്രൂഷക്കാരന്റെ വിശുദ്ധ വേദവായനകൾ വിശുദ്ധ കുർബ്ബാനകളിൽ മാത്രം ഉപയോഗിക്കുന്നതിന്**

ജോയിക്കുട്ടി സ്വവസതിയിൽ സ്വയം നിർമ്മിതമായ ഗ്രീമീണഭംഗിയോടുകൂടിയ 228 പേജുള്ള പുസ്തകം ഫ്രീ. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ സത്യവേദ പുസ്തകത്തിൽ നിന്നും എടുത്തിട്ടുള്ള വേദവായനകൾ. സുറിയാനി ക്രിസ്ത്യാനികളുടെ വിശുദ്ധ വേദവായന കുറിപ്പിൻ പ്രകാരം അതേ ക്രമത്തിൽ വിശുദ്ധ സഭയിലെ ശുശ്രൂഷക്കാർക്ക് വി. കുർബാനകളിൽ ഉപയോഗിക്കുന്നതിനു വേണ്ടി തയ്യാറാക്കിയത്. വിശുദ്ധ സഭയിലെ 102 വിശുദ്ധ കുർബ്ബാനകളിലും കൂടാതെ മറ്റു സാധാരണ ഏതു വിശുദ്ധ കുർബ്ബാനകളിലും ഉപയോഗിക്കാവുന്ന പൊതു വായന കൂടെ ഉൾപ്പെടുത്തിയ പുസ്തകം.

ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള നമ്മുടെ എല്ലാ പള്ളികളിലും ഈ പുസ്തകത്തിന്റെ ഒരു കോപ്പി ഫ്രീ ആയ് അയച്ചു തരുന്നതിന് ഈ പുസ്തകം അയച്ചു കിട്ടേണ്ട മേൽവിലാസം വ്യക്തമായ് പള്ളിയുടെ ലെറ്റർപാടിൽ സീൽ സഹിതം വികാരിയുടെ പേരും ഒപ്പും സഹിതം വിവരം ധരിപ്പിച്ചാൽ വേണ്ടതു ചെയ്യാൻ സാധിക്കും.

*അയച്ചു തരേണ്ട വിലാസം:-*

P.P. JOYKUTTY
2686 ATHENA DR.
TROY
MICHIGAN- 48083-2468
U.S.A.






# മലങ്കര അസോസിയേഷൻ: അനുസരണക്കേടിനു സ്ഥാനമില്ല, അപകടകരവും


**കെ.വി. മാമ്മൻ**


മലങ്കര സഭയിലെ ഏതാനും ഇടവകകളോ ആൾക്കൂട്ടമോ ഒരു വൈദികനെ മേൽപട്ടസ്ഥാനത്തേക്കു നിർദ്ദേശിച്ചാൽ അദ്ദേഹം ആ സ്ഥാനത്തിന് അർഹനാകുന്നില്ലെന്നു മാത്രമല്ല, അദ്ദേഹത്തെ ആരെങ്കിലും വാഴിച്ചാൽ മലങ്കരയിൽ ഭരണാധികാരമോ ഭദ്രാസനമോ ലഭിക്കുകയും ഇല്ല. തെരഞ്ഞെടുക്കപ്പെടാത്ത, ഒരാൾ സ്വയം ഏതെങ്കിലും സ്ഥാനം പേരിന്റെ മുമ്പിൽ ഏച്ചുകെട്ടി സർക്കുലേഷനെ ഉന്നം വയ്ക്കുന്ന പത്രത്തിലിട്ടാൽ അതവിടെ ഇരിക്കുകയുമില്ല. കാരണം 125 വർഷം മുമ്പ് 1876-ൽ പാത്രിയർക്കീസിന്റെ അധ്യക്ഷതയിൽ മുളന്തുരുത്തിയിൽ രൂപം കൊണ്ട മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനാണു സഭയിലെ മേൽപട്ടക്കാരെയും മലങ്കര മെത്രാപ്പോലീത്തായേയും കാതോലിക്കായേയും മാനേജിംഗ് കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുക്കാനുള്ള അധികാരം. തന്നിമിത്തം അതു സഭയുടെ പാർലമെന്റാണ്. ഒരു കാതോലിക്കായോ മെത്രാപ്പോലീത്തായോ തല കുത്തി മറിഞ്ഞാലും തനിക്കു താല്പര്യമുള്ള ഒരാളെ മേൽപട്ട സ്ഥാനത്തേക്കു ഇന്നു തെരഞ്ഞെടുക്കാൻ സാധ്യമല്ല. മലങ്കര സഭയിലുള്ള തെരഞ്ഞെടുക്കപ്പെടുന്ന പള്ളി പ്രതിനിധികളുടെ (വൈദികരുടെയും അവൈദികരുടെയും പ്രത്യേകം പ്രത്യേകം) 51% വോട്ടെങ്കിലും ലഭിക്കാതെ ഒരാൾക്കു മേൽപട്ട സ്ഥാനം ലഭ്യമല്ല. തികച്ചും ജനാധിപത്യ അടിത്തറയുള്ള മലങ്കര അസോസിയേഷനെ ധിക്കരിച്ചു കൊണ്ട് വേണ്ടത്ര യോഗ്യതയില്ലാത്തവർ ആരും അറിയാതെ എവിടെ നിന്നെങ്കിലും ചുമന്ന കുപ്പായം സംഘടിപ്പിച്ചാൽ കാര്യവിവരമില്ലാത്ത കുറെ ആളുകളുടെ കൈമുത്തുകൾ ലഭിക്കുമെന്നേയുള്ളു. അത്തരക്കാർ സഭയുടെ വൻ സാധ്യതകളെ തടസ്സപ്പെടുത്തുകയും സഭയ്ക്കു ബാധ്യതയാകുകയും ചെയ്യുന്നു. ഈ സത്യം സുപ്രീം കോടതിയും കീഴ്ക്കോടതികളും പലവുരു വ്യക്തമാക്കിയിട്ടുള്ളതാണ്. "ഞങ്ങൾക്കു ബറബാസിനെ മതി" എന്നുപറഞ്ഞു ആരവമുണ്ടാക്കുന്നവർക്ക് എവിടെയെങ്കിലും ഭൂരിപക്ഷമുണ്ടെന്നു പറഞ്ഞാൽ വിവരമുള്ളവർ അംഗീകരിക്കുമോ? "സത്യം എനിക്കറിയാം; എന്നാൽ നിങ്ങൾ ഇഷ്ടം പോലെ ചെയ്യുക. ഞാൻ കൈ കഴുകുന്നു" എന്നു പറയുന്ന ചില ന്യായാധിപന്മാരും ഇന്നും ഇല്ലാതില്ല.

അസോസിയേഷന്റെ അറിവും അംഗീകാരവുമില്ലാതെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തു വരികയും ആരും അറിയാതെ അങ്ങു പോകുകയും ചെയ്തവരുടെ ചരിത്രം ആധുനികമാണ്. മലങ്കര സഭ ഒന്നേയുള്ളു എന്നു സുപ്രീം കോടതിയും പറയുന്നു. രണ്ടു ചിന്താഗതിക്കാരുണ്ട്. തന്നിമിത്തം രണ്ട് അസോസിയേഷനും രണ്ടു മലങ്കരമെത്രാപ്പോലീത്താമാരും ഒരേ സഭയിൽ ഏതാനും വർഷം ഉണ്ടായിരുന്നു.

സുപ്രീം കോടതി 1958-ൽ പ്രസ്താവിച്ച വിധിയിൽ ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ ബാവായാണു യഥാർത്ഥ മലങ്കര മെത്രാപ്പോലീത്താ എന്നും കള്ളനാണയത്തിനു വിലയില്ലെന്നും പ്രഖ്യാപിച്ചപ്പോൾ രണ്ടു അസോസിയേഷനുകൾക്കും മെത്രാപ്പോലീത്താമാർക്കും ഒരേ സമയം പ്രവർത്തിക്കാനാവില്ലെന്നു വന്നു. തുടർന്ന് സഭയിൽ സമാധാനം ഉണ്ടായി. യഥാർത്ഥ മലങ്കര അസോസിയേഷന്റെ അംഗീകാരം ഇല്ലാതിരുന്ന അന്നത്തെ മെത്രാന്മാരെ അംഗീകാരം വാങ്ങി മലങ്കര മെത്രാപ്പോലീത്ത അംഗീകരിച്ചു. പാത്രിയർക്കീസും കാതോലിക്കായും പരസ്പരം സ്വീകരിച്ചു. പുത്തൻ കാവിൽ ചേർന്ന അസോസിയേഷനിൽ എല്ലാവരും പങ്കെടുത്തു. 1964-ൽ പാത്രിയർക്കീസ് യാക്കൂബ് മൂന്നാമൻ കോട്ടയത്തുവന്ന് ഔഗേൻ ബാവായുടെ സ്ഥാനാരോഹണത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. സഭയിൽ സമ്പൂർണ്ണ സമാധാനം ഉണ്ടായി. മേലിൽ ഈ സഭയിൽ ഭിന്നത സൃഷ്ടിക്കുന്നവർ ലോത്തിന്റെ ഭാര്യയെപ്പോലെ ഉപ്പുതൂണാകും എന്നു പ്രസ്താവിച്ചു.

ഇതെല്ലാം കഴിഞ്ഞു വേണ്ടത്ര യോഗ്യതയോ അസോസിയേഷന്റെ തെരഞ്ഞെടുപ്പോ കൂടാതെ ഏതാനും പേർ ഭിന്നത സൃഷ്ടിക്കരുതെന്ന് ഉദ്ബോധിപ്പിച്ച പാത്രിയർക്കീസിൽ നിന്നു മേൽപട്ടസ്ഥാനവേഷങ്ങൾ സ്വീകരിച്ചു ശാന്തമായിരുന്ന മലങ്കരസഭാ വാപി കലക്കി.

അതു വീണ്ടും തെളിക്കുന്നതിനു വേണ്ടി തെളിവുകൾ നിരത്തി നടത്തിയ നിയമയുദ്ധമാണ് ഇപ്പോൾ സുപ്രീം കോടതി വിധി കൊണ്ടവസാനിപ്പിച്ചിരിക്കുന്നത്. 1995-ൽ സുപ്രീം കോടതിവിധി ഉണ്ടായപ്പോൾ തന്നെ സത്യം മനസ്സിലാക്കി മറുഭാഗത്തു നിന്നു പ്രഗല്ഭരായ മൂന്നു മെത്രാപ്പോലീത്താമാരും മലങ്കര മെത്രാപ്പോലീത്തായുടെ വിധേയത്വം സ്വീകരിച്ചു. ഇവരെ അടുത്തു ചേരുന്ന മലങ്കര അസോസിയേഷൻ അംഗീകരിക്കും.

മലങ്കരസഭയുടെ പുരോഗതിക്കും ദൗത്യ നിർവഹണത്തിനും നല്ല ക്രിസ്തീയ സാക്ഷ്യത്തിനും നിയമാനുസൃതമായ ഭരണ സംവിധാനങ്ങളെ അനുസരിക്കുന്നവരും ക്രിസ്തീയ സുകൃതമായ വിനയമുള്ളവരും ദൈവത്തെ സ്നേഹിക്കുന്നവരും പ്രാർത്ഥനാ ജീവിതമുള്ളവരും ആവശ്യമാണ്. രാജ്യത്തിന്റെയും സഭയുടെയും പുരോഗതിക്കു നിയമവാഴ്ച കൂടിയേ തീരു. അതാണു മലങ്കര അസോസിയേഷൻ അനുസ്മരിപ്പിക്കുന്നത്. സുപ്രീം കോടതി തന്നെ അംഗീകരിച്ച ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്താ അല്ലെന്നും അദ്ദേഹത്തിന് അസോസിയേഷൻ വിളിച്ചു കൂട്ടാൻ കോടതി അനുമതി നൽകിയിട്ടില്ലെന്നും മറ്റും പറയുന്നത് വില കുറഞ്ഞ നിലവാരത്തെയാണു പ്രതിനിധാനം ചെയ്യുന്നത്. അധികാരമില്ലെങ്കിൽ അതു തെളിയിക്കാൻ കേസു കൊടുക്കുന്നതാവും അഭികാമ്യം. സുപ്രീംകോടതിയേക്കാൾ "സുപ്രീം" ആകാൻ ശ്രമിക്കുന്നത് അപഹാസ്യമല്ലേ!

❑

# മരുഭൂമിയിലെ നീരുറവ

## (സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ)

## (Year 2001)

1975 സെപ്റ്റംബർ 12-ാം തീയതി അഭവന്ദ്യ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ സ്ഥാപിതമായ ഈ കോൺഗ്രിഗേഷൻ പതിവുപോലെ 2001-ലും താഴെ പറയുന്ന ജീവകാരുണ്യ ധനസഹായങ്ങൾക്ക് അർഹരായവരിൽ നിന്നും ക്ഷണിക്കുന്നു. ചികിത്സാസഹായത്തിന് ജാതിമത ഭേദമന്യേ ആർക്കും അപേക്ഷിക്കാം. മറ്റു സഹായങ്ങൾ സഭാംഗങ്ങൾക്കു മാത്രം നൽകുന്നു.

**1. ചികിത്സാ ധനസഹായം:** മാരക രോഗങ്ങൾ ബാധിച്ച് നിരാലംബരും സാധുക്കളുമായ രോഗികൾക്കു പരിമിതമായ ധനസഹായം നൽകുന്നു. ഇടവക വികാരിയുടെ ശുപാർശയും രോഗവിവരങ്ങൾ വിശദമായി രേഖപ്പെടുത്തികൊണ്ടുള്ള ചികിത്സിക്കുന്ന ഡോക്ടറുടെ സമീപകാലത്തുള്ള സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഓർത്തഡോക്സ് സഭാംഗങ്ങളല്ലാത്തവർ സമീപത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെ ശുപാർശയോടുകൂടി അപേക്ഷ അയച്ചിരിക്കണം. കൂടാതെ കങ്ങഴ, പരുമല, ശാസ്താംകോട്ട, കാര്യംപാടി (കണ്ണാശുപത്രി) ഇടുക്കി എന്നീ സ്ഥലങ്ങളിലെ സഭാവക മിഷൻ ആശുപത്രികൾ വഴിയായും സാധുക്കളായ രോഗികളെ സഹായിച്ചുവരുന്നു.

**2. വിവാഹ ധനസഹായം:** സാമ്പത്തീക പരാധീനതമൂലം വിവാഹം നടത്തുവാൻ ബുദ്ധിമുട്ടുന്ന കുടുംബങ്ങളിലെ 25 പെൺകുട്ടികളുടെ വിവാഹത്തിന് 15,000 രൂപ വീതം നൽകുന്നു. ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും ശുപാർശയോടുകൂടി അപേക്ഷ അയച്ചിരിക്കണം. അർഹരായവർക്ക് ദേശക്കുറിയുടെ അല്ലെങ്കിൽ വിളിച്ചുചൊല്ലലിന്റെ കോപ്പി കിട്ടിയതിനു ശേഷമേ ധനസഹായം നൽകുകയുള്ളു. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനു മുൻഗണന നൽകുന്നു.

**3. ജീവസന്ധാരണ ധനസഹായം:** അംഗവൈകല്യം സംഭവിച്ച അശരണർക്കും, തയ്യൽ തുടങ്ങിയ തൊഴിൽ പരിശീലനം നേടിയിട്ടുള്ള നിർദ്ധനർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിമിതമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും ശുപാർശയോടു കൂടി അപേക്ഷിക്കുക.

**4. വിദ്യാഭ്യാസ ധനസഹായം:** നിർധനരരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്കു **എസ്.എസ്.എൽ.സി.** ക്കു ശേഷമുള്ള വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നു. ഫൈനൽ പരീക്ഷയുടെ മാർക്കുലിസ്റ്റും കോഴ്സു സർട്ടിഫിക്കറ്റും (ഇടവക വികാരി അറ്റസ്റ്റു ചെയ്ത കോപ്പി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 2001 ആഗസ്റ്റ് 30-ന് മുമ്പ് കിട്ടിയിരിക്കണം.

**5. ഭവന നിർമ്മാണ ധനസഹായം:** സ്വന്തമായി സ്ഥലമുള്ളവരും വീടു പണിയുവാൻ സാമ്പത്തിക ശേഷി ഇല്ലാത്തവരുമായ കൊല്ലം, ഇടുക്കി, മലബാർ ഭദ്രാസനങ്ങളിലെ ഓരോ അപേക്ഷകർക്കു 40,000 രൂപാ വീതം നൽകുന്നു. സഹായം ലഭിച്ചാൽ പണിയുടെ പൂർണ്ണ ചുമതല ഏറ്റെടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും സമ്മതിപത്രവും, ശുപാർശയും, അപേക്ഷകന് സ്വന്തമായി സ്ഥലമുണ്ടെന്നുള്ളതിന്റെ തെളിവും ചേർത്ത അപേക്ഷകൾ 2001 മേയ് 15-ന് മുമ്പ് കിട്ടിയിരിക്കണം.

**6. Medical Camp:** കോൺഗ്രിഗേഷന്റെ **sponsership**-ൽ ഒരു സൗജന്യ **Medical Camp 2001** മേയ്/ജൂൺ മാസത്തിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. ആയത് ഏറ്റെടുത്ത് നടത്തുവാൻ താൽപര്യമുള്ള, കങ്ങഴ **Medical Mission** ആശുപത്രിക്കു 80 കിലോമീറ്റർ ദൂരപരിധിയിലുള്ള ഇടവകയിലെ ആദ്ധ്യാത്മീക സംഘടനകളിൽ നിന്നു അപേക്ഷകൾ 2001 ഏപ്രിൽ 30-ന് മുമ്പ് കിട്ടിയിരിക്കണം.

**7. Special Project:** സുവിശേഷപരവും, ജീവകാരുണ്യപരവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മലങ്കര സഭയിലെ ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ ഒരു പ്രത്യേക പദ്ധതിക്കു 75,000 രൂപയിൽ കവിയാത്ത തുക നൽകുന്നതാണ്. മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ സമ്മതിപത്രവും, ഭദ്രാസനമെത്രാപ്പോലീത്തായുടെ ശുപാർശയും ചേർത്ത അപേക്ഷകൾ 2001 മേയ് 30-ന് മുമ്പ് കിട്ടിയിരിക്കണം.

**അപേക്ഷ ശുപാർശ ചെയ്യുന്ന ബഹു. വികാരിമാരുടെ ശ്രദ്ധയ്ക്കു:**

അപേക്ഷകൾ സസൂഷ്മം പരിശോധിച്ച് അർഹമായുള്ളവ മാത്രം അയയ്ക്കണമെന്നു താൽപര്യപ്പെടുന്നു. കൂടാതെ, ആവശ്യപ്പെട്ടിരുന്ന രേഖകൾ എല്ലാം ഉണ്ടോ എന്നും, അപേക്ഷകന്റെ ഭൂസ്വത്ത്, വരുമാനം, വയസ്സ്, ആശ്രിതരുടെ വിവരങ്ങൾ എന്നിവ വിശ്വസനീയമാണോ എന്നും ബഹു. വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം.

**Letterhead**-ൽ എഴുതിയ ശുപാർശയിൽ പള്ളി സീലും, ഇടവക മാനേജിംഗ് കമ്മറ്റി അംഗങ്ങളിൽ മുന്നിൽ രണ്ട് അംഗങ്ങളുടെ എങ്കിലും ഒപ്പും ഉണ്ടായിരിക്കണം.

# മരുഭൂമിയിലെ നീരുറവ

## ധനസഹായ അപേക്ഷാഫോറം

ഏതു തരത്തിലുള്ള സഹായത്തിന് അപേക്ഷിക്കുന്നു ..................................................

പേര്:.................................................................................. വയസ്സ്: ..........................

വിദ്യാഭ്യാസ യോഗ്യത:..................................................................... തൊഴിൽ: ..........................

മേൽവിലാസം (പിൻകോഡ് സഹിതം): ..................................................

..........................................................................................................

ഇടവക........................................ ഭദ്രാസനം: ..................................................

പ്രതിമാസ വരുമാനം:................................ ഭൂസ്വത്ത് വിവരം: ..........................................

ഇടവകയിലെ ആദ്ധ്യാത്മീക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വിവരം: ..........................................

ഇതിനു മുമ്പ് ഇവിടേക്ക് അപേക്ഷിച്ചിട്ടുണ്ട? ..................................................

എപ്പോഴെങ്കിലും ഈ കോൺഗ്രിഗേഷനിൽ നിന്ന് എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ? ..........................

ഉണ്ടെങ്കിൽ:- വർഷം................................ എവിടേക്ക്..................................................

കുടുംബാംഗങ്ങളുടെ/ആശ്രിതരുടെ പൂർണ്ണവിവരം:

| പേര് | അപേക്ഷകനുമായുള്ള ബന്ധം | വയസ്സ് | തൊഴിൽ | പ്രതിമാസ വരുമാനം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

പരിഗണനാർഹമായ മറ്റു പരാധീനതകൾ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം എഴുതുക.

തീയതി..................................

അപേക്ഷകന്റെ ഒപ്പ്:

എല്ലാ അപേക്ഷയോടൊപ്പവും ഇടവക വികാരിയുടെ ശുപാർശയും, ഒപ്പും, പേരും പൂർണ്ണമായും മേൽവിലാസവും, പള്ളിയുടെ സീലും ഉണ്ടായിരിക്കണം.

**അപേക്ഷകരുടെ ശ്രദ്ധയ്ക്ക്**

1. മുകളിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമായും എഴുതി, വേണ്ട രേഖകളും, ശുപാർശയും സഹിതം സാധാരണ തപാലിൽ **"STOC Office, Basil Jubilee Centre, Bathani Aramana, Tiruvalla, Kerala. - PIN-689 101".** എന്ന വിലാസത്തിൽ മാത്രം അയയ്ക്കുക. അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. അപേക്ഷകന്റെ പൂർണ്ണമായ മേൽവിലാസവും, പിൻകോഡും എഴുതുവാൻ മറക്കരുത്. അപൂർണ്ണമായതും, ആവശ്യപ്പെട്ട രേഖകൾ ഇല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
2. വിധവകൾ, അംഗവൈകല്യം സംഭവിച്ചവർ, മാരകരോഗങ്ങൾ ബാധിച്ചവർ, ഇടവകയിലെ ആദ്ധ്യാത്മീക സംഘടനകളിൽ പ്രവർത്തിക്കുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. വിവാഹ ധനസഹായത്തിനും, ജീവസന്ധാരണ ധനസഹായത്തിനും ഒരു ഇടവകയിൽ നിന്നും ഒന്നിൽ കൂടുതൽ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
3. കൂടുതൽ പരിഗണനാർഹമായവ മാത്രം തെരഞ്ഞെടുത്ത് സഹായം എത്തിക്കുന്നതാണ്.

മാനേജിംഗ് കമ്മറ്റി

20-02-2001

## ഏകദിന സമ്മേളനം

പൂനെ:- മലങ്കര ഓർത്തഡോക്സ് മർത്തമറിയാംസമാജം ബോംബെ ഭദ്രാസനത്തിലെ പൂനെ സോണൽ കോൺഫ്രൻസ് ഒക്ടോബർ 26-ന് അക്കൂർഡി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് വികാരിയും, പൂനെ സോണൽ വൈസ് പ്രസിഡന്റുമായ റവ. ഫാ. മാത്യു മാത്യുവിന്റെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. ദഹൂറോഡ് ഓർത്തഡോക്സ് പള്ളി വികാരി വെരി. റവ. ജോർജ്ജ് മോഡിയിൽ കോർഎപ്പിസ്കോപ്പാ അദ്ധ്യക്ഷനായിരുന്നു. ഏഴ് ജീവപ്രദമായ സൽഗുണങ്ങൾ എന്ന വിഷയത്തെക്കുറിച്ച് ബോംബെ ഭദ്രാസന സമാജം വൈസ് പ്രസിഡണ്ട് റവ. ഫാ. യൗനാൻ മുളമൂട്ടിൽ മുഖ്യ പ്രഭാഷണം നടത്തി.

ക്രിസ്തീയ ഗാനങ്ങൾ ഹിന്ദിയിലും മലയാളത്തിലും വിവിധ ഗ്രൂപ്പുകൾ ആലപിച്ചു. സോണൽ സെക്രട്ടറി മിസിസ്സ് മോളി ജോസഫ് സ്വാഗതവും, അക്കുർഡി സമാജം സെക്രട്ടറി കൃതജ്ഞതയും പ്രകാശിപ്പിച്ചു.

ഉച്ചയ്ക്കു ശേഷം നടന്ന ബൈബിൾ ക്വിസ്സ് മത്സരങ്ങളിൽ അക്കുർഡി സമാജം ഒന്നാം സ്ഥാനത്തിന് അർഹരായി. പിന്നീട് അടുത്ത വർഷങ്ങളിലേക്കുള്ള സോണൽ-റീജിനൽ സെക്രട്ടറിമാരെ തെരഞ്ഞെടുക്കുകയുണ്ടായി. സമ്മേളനത്തിൽ റവ. ഫാ. സി. വി. കുറിയാക്കോസ്, റവ. ഫാ. ജോൺസൺ റ്റി. ഏബ്രഹാം എന്നിവരും സന്നിഹിതരായിരുന്നു. പൂനയിലെ 7 ഇടവകകളിൽ നിന്നും ഏകദേശം 200 പ്രതിനിധികൾ കോൺഫ്രൻസിൽ സംബന്ധിച്ചു.

## സുവിശേഷ സംഘം വാർഷികം

കൊല്ലം ഭദ്രാസന സുവിശേഷ സംഘം വാർഷികം മാർച്ച് 6-ാം തീയതി കറ്റാനം സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്നു. പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ എൻഡോവ്മെന്റ് ഫണ്ടിൽ നിന്നും ചികിത്സ, വിവാഹം, വിദ്യാഭ്യാസം, ഭവനനിർമ്മാണം, തയ്യൽ മെഷീൻ എന്നിവയ്ക്കുള്ള സഹായവും വിതരണം ചെയ്തു.

## ഉദ്ഘാടനം ചെയ്തു.

മരത്താംകോട്: കുന്നംകുളം ഭദ്രാസനത്തിലെ മരത്താംകോട് പള്ളിയുടെ കീഴിൽ വെള്ളിതിരുത്തി പഴുന്നാനാ നിവാസികളുടെ ചിരകാല അഭിലാഷമായിരുന്ന സണ്ടേസ്ക്കൂളിന്റെ ശിലാസ്ഥാപന കർമ്മം വെള്ളിതിരുത്തിയിൽ പൗലോസ് മാർ മിലിത്തിയോസ് തിരുമേനി പരുമല മാർ ഗ്രീഗോറിയോസിന്റെ നാമത്തിൽ 30.10.2000 ത്തിൽ നിർവ്വഹിച്ചു. പ്രസ്തുത സണ്ടേസ്ക്കൂളിന്റെ ഉദ്ഘാടന കർമ്മം 2000 ഡിസംബർ 31-ന് പ്രസിഡന്റ് ഫാ. മാത്യൂസ് കെ. ബർസൗമയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഫാ. എബ്രഹാം തോമസ് (വൈദിക സെമിനാരി) നിർവ്വഹിച്ചു.

## സെന്റ് ഗ്രീഗോറിയോസ് കോൺഫറൻസ് റ്റൊറാന്റോയിൽ

കാനഡാ: നോർത്തമേരിക്കയിലുള്ള മലങ്കര ഓർത്തഡോക്സ് സഭയുടെ സെന്റ് ഗ്രീഗോറിയോസ് ഫാമിലി കോൺഫ്രൻസിന്റെ 21-ാം സമ്മേളനം 2001 ജൂലൈ 19,20,21,22 തീയതികളിൽ റ്റൊറാന്റോയിൽ വച്ച് വിപുലമായ പരിപാടികളോടുകൂടി നടത്തുന്നു. സഭാ മേലദ്ധ്യക്ഷന്മാരും നിരവധി സമുദായ നേതാക്കളും പങ്കെടുക്കുന്നതാണ്.

ഈ വർഷത്തെ കോൺഫ്രൻസിൽ തൃശൂർ ഭദ്രാസനാധിപനും പ്രമുഖ വേദശാസ്ത്രപണ്ഡിതനുമായ ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത, കോട്ടയം ഓർത്തഡോക്സ് സെമിനാരി പ്രൊഫസറും പ്രമുഖ വാഗ്മിയും മനശാസ്ത്ര പണ്ഡിതനുമായി ഡോ. റവ. ഫാ. ഓ. തോമസ്, അമേരിക്കൻ ഭദ്രാസന സീനിയർ മെത്രാപ്പോലീത്ത ഡോ. തോമസ് മാർ മക്കാറിയോസ് എന്നിവർ മുഖ്യതിഥികളായി പങ്കെടുത്ത് നേതൃത്വം നൽകും.

ലോകപ്രസിദ്ധമായ നായാഗ്രാ ഫോൾസിനടുത്ത് പ്രകൃതി രമണീയമായ റ്റൊറാന്റോയിൽ ഇന്റർനാഷണൽ എയർപോർട്ടിനു സമീപമുള്ള ഹോളിഡേ ഇൻസെലക്ടിൽ വെച്ചാണ് ഈ വർഷത്തെ കോൺഫ്രൻസ് നടത്തപ്പെടുന്നത്.

## എസ്. സി. എം. ജനറൽ സെക്രട്ടറിയായി ഓർത്തഡോക്സ് സഭാംഗം

ബാംഗ്ലൂർ: സ്റ്റുഡൻസ് ക്രിസ്ത്യൻ മൂവ്മെന്റ് ഓഫ് ഇന്ത്യയുടെ ജനറൽ സെക്രട്ടറിയായി ശ്രീമതി എലിസബത്ത് ജോയി, ബി.എസ്സ്.സി. ബി.ഡി.എം.ടി.എച്ച് നിയമിതയായി. ഓർത്തഡോക്സ് സഭാംഗങ്ങളിൽ നിന്ന് എം.ടിഎച്ച് കരസ്ഥമാക്കിയ പ്രഥമ വനിതയാണ് ശ്രീമതി ഏലിസബേത്ത്.

വിവാഹിത ഭർത്താവ് ഫാ. ജോർജ്ജ് ജോയി



മക്കൾ : സുദർശൻ, സുജയ,

പുതിയ സ്ഥാനലബ്ദിയിൽ മലങ്കര സഭയുടെ ആശംസകൾ

## നിയമിതനായി

കുന്നംകുളം ഭദ്രാസന ബാലസമാജത്തിന്റെ വൈസ് പ്രസിഡന്റായി ഫാ. മാത്യൂസ് കെ. ബർസൗമായേയും ജനറൽ സെക്രട്ടറിയായി സ്റ്റീഫൻ പുലിക്കോട്ടിലിനേയും ഭദ്രാസനാധിപൻ നിയമിച്ചു.





## വിദ്യാഭ്യാസ രംഗത്തും ആതുര സേവന രംഗത്തും ഓർത്തഡോക്സ് സഭ ചെയ്യുന്ന സേവനം മഹത്തരം

### - പി. എം. സഈദ് ലോകസഭാ ഉപാദ്ധ്യക്ഷൻ

തുമ്പമൺ: ഉന്നതവിദ്യാഭ്യാസരംഗത്തു കേരള ജനത കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്നും നൂറു ശതമാനം സാക്ഷരത നേടിയ സംസ്ഥാനമാണു കേരളമെങ്കിലും വിവരസാങ്കേതിക രംഗത്തു കൂടുതൽ മുന്നോട്ടു പോകേണ്ടതുണ്ട്. വിദ്യാഭ്യാസ രംഗത്തും ആതുര സേവനരംഗത്തും ഓർത്തഡോക്സ് സഭ ചെയ്യുന്ന സേവനം മഹത്തരമാണ്.

1901 ജനുവരി 23-ന് പരിശുദ്ധ പരുമല കൊച്ചുതിരുമേനിയുടെ തിരുകരത്താൽ ശിലാസ്ഥാപനം നടത്തിയ തുമ്പമൺ എം. ജി. യു. പി. സ്ക്കൂളിന്റെ 100-ാം വാർഷികം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മാനവശേഷി വികസനത്തിനു വഴിതെളിച്ച ക്രാന്തദർശിയായ പരുമല തിരുമേനിയുടെ സംഭാവനകൾ ശ്രേഷ്ഠമാണെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. തുമ്പമൺ ഭദ്രാസനാധിപൻ ഫിലിപ്പോസ് മാർ യൗസേബിയോസ് അദ്ധ്യക്ഷത വഹിച്ചു.

തുടർന്നു അനുഗ്രഹ പ്രഭാഷണവും സ്മാരക കവാട ശിലാസ്ഥാപനവും അദ്ദേഹം നിർവഹിച്ചു.

എം. പി മാരായ രമേശ് ചെന്നിത്തല, ഫ്രാൻസിസ് ജോർജ്, പി. റ്റി. എ. പ്രസിഡന്റ് ഫാ. സാമുവൽ ജോൺ തേവത്തുമണ്ണിൽ, കുഞ്ഞമ്മ ജോർജ്ജ്, ഫാ. തോമസ് ജോൺസൺ, ഡോ. അലക്സാണ്ടർ ജേക്കബ് ഐ. പി. എസ്., പഞ്ചായത്ത് പ്രസിഡണ്ട് ജിജാ ബാബു, ജോർജ് വർഗീസ്, ഷാജി എന്നിവർ പ്രസംഗിച്ചു.

## ദളിത് ക്രൈസ്തവർക്ക് അർഹമായ സ്ഥാനം നൽകണം

നിർബന്ധിത മതപരിവർത്തനം ക്രൈസ്തവ സിദ്ധാന്തങ്ങളുടെ അടിസ്ഥാന പ്രമാണങ്ങളിൽ ഇല്ലെന്നും മനഃപരിവർത്തനത്തിലൂടെയുള്ള മതപരിവർത്തനം വ്യക്തികളുടെ മൗലീകാവകാശമാണെന്നും ദളിത് ക്രൈസ്തവർക്ക് തൊഴിൽ ഉൾപ്പെടെയുള്ള അർഹമായ സംവരണം സർക്കാർ തലങ്ങളിലും സഭാതലങ്ങളിലും ഉറപ്പു വരുത്തണമെന്നും കണ്ടനാടു കർമ്മേൽ ദയറായിൽ അഖില മലങ്കരയടിസ്ഥാനത്തിൽ നടന്ന സ്ലീബാ ദാസ സമൂഹം സമ്മേളനം വ്യക്തമാക്കി. പഠനസെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ, ധ്യാനയോഗങ്ങൾ, അവബോധനക്ലാസ്സുകൾ എന്നിവ കേന്ദ്ര, ഭദ്രാസന, ഇടവകതലങ്ങളിൽ നടത്തി ദളിത് ക്രൈസ്തവരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ തീരുമാനിച്ചു.

ദൈവരാജ്യ പ്രഘോഷണം എന്ന സഭയുടെ മുഖ്യമായ സുവിശേഷ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി പ്രാർത്ഥനാവലയങ്ങൾ, കൂട്ടായ്മകൾ എന്നിവയ്ക്ക് പ്രത്യേക സ്ഥാനം നൽകി ദൈവീക അജ്ഞാനത്താലുണ്ടാകുന്ന ഉച്ചനീചത്വങ്ങളെ ദുരീകരിക്കുവാനും സന്നദ്ധ സുവിശേഷ സംഘടന മുഖേന ദളിത് ക്രൈസ്തവരുടെ പൂർണ്ണമായ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുവാനും പ. പരുമല തിരുമേനി സമാരംഭം കുറിക്കുകയും ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ അശ്രാന്ത പരിശ്രമത്താൽ വളർത്തിയെടുത്ത സ്ലീബാ ദാസ സമൂഹ പ്രസ്ഥാനം ദളിതരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനും തീരുമാനിച്ചു. പ്രസ്ഥാനത്തിന്റെ നടത്തിപ്പിനായി രൂപീകരിച്ചിട്ടുള്ള സൊസൈറ്റിയുടെ രജിസ്ട്രേഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കുകയും, സമൂഹം പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് സഭയുടെ എല്ലാ ഭദ്രാസനങ്ങളിലും പ്രാദേശികതല കൺവീനർമാരെ തെരഞ്ഞെടുക്കുകയും ചെയ്തു. സെമിനാറിന് വെരി. റവ. ജോൺ വി. ജോൺ കോറെപ്പിസ്കോപ്പ, ഫാ. റ്റി. പി. ഏലിയാസ്, റ്റി. വി. ജോൺ, എസ്സ്. കെ. അടൂർ എന്നിവർ നേതൃത്വം നൽകി.

സമൂഹം പ്രസിഡന്റ് മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ മെത്രാപ്പോലീത്താമാരായ പീലിപ്പോസ് മാർ യൗസേബിയോസ്, കുറിയാക്കോസ് മാർ ക്ലീമ്മീസ്, കോറെപ്പീസ്ക്കോപ്പാമാരായ വെരി റവ. ജോൺ വി. ജോൺ, വെരി. റവ. ജേക്കബ് മണ്ണാറപ്രായിൽ, ഫാ. റ്റി. പി. ഏലിയാസ്, ഫാ. കെ. റ്റി. ഫിലിപ്പ്, ഫാ. എം. റ്റി. തോമസ് മറെപ്പള്ളിൽ, ഫാ. എൻ. ഐ. പൗലൂസ്, ഫാ. എം. റ്റി. ശാമുവൽ, പി. തോമസ് എന്നിവർ പ്രസംഗിച്ചു.

- എസ്.കെ. അടൂർ

## വെസ്റ്റ് ഓറഞ്ച് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയ്ക്ക് പുതിയ ആരാധനാലയം

ന്യൂജേഴ്സി: വെസ്റ്റ് ഓറഞ്ച് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക വാങ്ങിയ പുതിയ ആരാധനാലയത്തിന്റെ താല്ക്കാലിക കൂദാശാ കർമ്മം നവംബർ അഞ്ചാം തീയതി അമേരിക്കൻ ഭദ്രാസനാധിപൻ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു.

1990 ഡിസംബർ 18 ന് എട്ട് കുടുംബങ്ങളുമായി ആരംഭിച്ച ഇടവകയുടെ പ്രഥമ വികാരി വെരി. റവ. സി. എം. ജോൺ കോറെപ്പിസ്കോപ്പയായിരുന്നു. കഴിഞ്ഞ അഞ്ചു വർഷത്തോളമായി ഫാ. എം. ജോൺസൺ വികാരിയായി സേവനം അനുഷ്ഠിക്കുന്ന ഈ ഇടവകയിൽ ഇപ്പോൾ 26 കുടുംബങ്ങൾ അംഗങ്ങളായുണ്ട്.

# സൺഡേസ്കൂൾ വാർത്ത

200 ഡിസംബർ 30–ാം തീയതി നടന്ന പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്ക്കൂൾ അസ്സോസിയേഷൻ നടത്തിയ മത്സരപരീക്ഷകളിൽ റാങ്ക് നേടിയവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| V | I st | സ്വപ്ന സൈമൺ – സെന്റ് തോമസ് കല്ലിമേൽ മാവേലിക്കര – കൊല്ലം | 43 |
| | II nd | സൂസന്ന ജോർജ്ജ് – സെന്റ് മേരീസ് താബോർ പാച്ചിറ കുറിച്ചി – കോട്ടയം | 40 |
| VI | I st | ഡിൻസി രാജു – നസ്രേത്ത് കടമ്പനാട് കൊല്ലം | 47 |
| | II nd | ഡോണാ എബി ജെയ്ംസ് – സെന്റ് ജോർജ്ജ് മണമേൽ കോട്ടയം | 46 |
| VII | I st | ആഷ മറിയം തോമസ് – സെന്റ് സ്റ്റീഫൻസ് പത്തനാപരും കൊല്ലം | 42 |
| | II nd | ഡാലിയാ ഏലിസബേത്ത് വർഗീസ് സെന്റ് തോമസ് സൗത്ത് പാമ്പാടി – കോട്ടയം | 41 |
| VIII | I st | ജിബി രാജ് ഏബ്രഹാം സെന്റ് തോമസ് വടക്കൻ മണ്ണൂർ മണർകാട് – കോട്ടയം | 47 |
| | II nd | ബിനിജ മെറിൻ ജോയി സെന്റ് തോമസ് സൗത്ത് പാമ്പാടി, പാമ്പാടി – കോട്ടയം | 46 |
| IX | I st | അമൃതാ മേരി ജോർജ്ജ് സെന്റ് ജോർജ്ജ് കുഴിമറ്റം, കുറിച്ചി – കോട്ടയം | 44 |
| | II nd | ജിലു ജോർജ്ജ് സെന്റ് മേരീസ് പാച്ചിറ താബോർ പാച്ചിറ, കുറിച്ചി–കോട്ടയം | 43 |
| X | I st | സൗമ്യ ചെറിയാൻ സെന്റ് തോമസ് വടക്കൻമണ്ണൂർ, മണർകാട് കോട്ടയം | 88 |
| | II nd | മൻസു മറിയം സാം എം.ജി.എം. നരിയാപുരം തുമ്പമൺ | 87 |
| | III rd | സജനാ എൽസാ കോശി സെന്റ് ഗ്രീഗോറിയോസ് തൈമറവുങ്കര, ചെങ്ങന്നൂർ | 84 |
| XII | I st | ഷീനാ കെ.കെ. സെ. ജോർജ് സൺഡേസ്ക്കൂൾ കാര്യമ്പാടി ബത്തേരി | 70 |
| | II nd | നിനാ കുരുവിള സെ. മേരീസ് സൺഡേസ്ക്കൂൾ ഓണക്കൂർ കണ്ടനാട് | 66 |
| | III rd | അഞ്ചു പി. മാത്യു സെ. ജോർജ്ജ് സൺഡേസ്ക്കൂൾ എരമത്തൂർ, നിരണം | 65 |

റീബാ ജി. ബാബു. മാർ അപ്രേം സൺഡേസ്ക്കൂൾ ചക്കുവരയ്ക്കൽ
തിരുവനന്തപുരം–സ്പെഷ്യൽ
സമ്മാനം (പ്രൈവറ്റ് സ്റ്റുടണ്ട്) 70



**36–ാം ഓർമ്മപ്പെരുന്നാൾ**
**കുറിയാക്കോസ് മാർ ഗ്രീഗോറിയോസ്**
**2001 ഏപ്രിൽ 5–ന്**
**പാമ്പാടി ദയറായിൽ**

## അമേരിക്കയിൽ പള്ളി കൂദാശ



അമേരിക്കയിലെ ഏറ്റവും തിരക്കേറിയ നഗരങ്ങളിലൊന്നായ ഷിക്കാഗോ

യിൽ – ബെൽവുഡ് എന്ന സ്ഥലത്ത് – പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസിന്റെ നാമത്തിൽ സ്ഥാപിച്ച പള്ളിയുടെ കൂദാശാ അമേരിക്കൻ ഭദ്രാസന സീനിയർ മെത്രാപ്പോലീത്ത ഡോ. തോമസ് മാർ മക്കാറിയോസ് നിർവ്വഹിച്ചു. 1993 ൽ ആണ് ഇടവക ആരംഭിച്ചത്. ഫാ. ഡാനിയേൽ ജോർജ്ജ് വികാരിയായി സേവനം അനുഷ്ഠിക്കുന്നു.

**വായനക്കാരുടെ ശ്രദ്ധയ്ക്ക്**

1. വരിസംഖ്യാ കുടിശ്ശിഖ വരിത്തിയിട്ടുള്ളവർ എത്രയും പെട്ടന്ന് തുകയടയ്ക്കേണ്ടതാണ്.
2. ദേവാലയ കൂദാശാ സംബന്ധിച്ച വാർത്തകൾ അയച്ചു തരുമ്പോൾ പുതിയ ദേവാലയത്തിന്റെ ചിത്രം കൂടി അയച്ചു തരേണ്ടതാണ്.
3. എം. ഒ. അയക്കുന്നവർ അത് എന്തിനുവേണ്ടിയാണ് എന്നുകൂടി എം.ഒ. ഫോമിൽ കാണിച്ചിരിക്കണം.
4. ദയവായി നിങ്ങളുടെ എഴുത്തുകുത്തുകളിലും പണമിടപാടുകളിലും രജിസ്റ്റർ നമ്പർ കൂടി അറിയിക്കണം.





George John Chamathil | Aswin padi | P.K. Koshy Chakkuvarackal | Vinoji | Kunjumol Gandidam



Thanke you St. Jude For Favours Received



Saramma Varghese Barbil (Orissa) | Priya & Pretty USA | A. Thomas



Thomas Mathew & Family Dombivili | ഒരു വിശ്വാസി, പനയമ്പാല



ഒരു വിശ്വാസി, ഡാലസ്, യു.എസ്.എ.

## അപേക്ഷകൾ ക്ഷണിക്കുന്നു

സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, കുവൈറ്റ് വർഷം തോറും നൽകി വരുന്ന ചികിത്സ, വിവാഹം, ഭവന നിർമ്മാണം, സ്വയം തൊഴിൽ കണ്ടെത്തൽ മുതലായ ജീവകാരുണ്യ ധനസഹായാഭ്യർത്ഥനകൾക്കുള്ള അപേക്ഷകൾ ഇടവക വികാരിയുടേയും അതാതു ഭദ്രാസന മെത്രാപ്പോലീത്താമാരുടേയും ശുപാർശയോടുകൂടി 2001 മാർച്ച് 20 നോടകം കിട്ടത്തക്കവിധം **Vicar, St. Gregorios Indian Orthodox Syrian Church, P.O. Box No. 5825, Safat, 13059, Kuwait** എന്ന വിലാസത്തിൽ അയച്ചു തരണമെന്ന് താൽപ്പര്യപ്പെടുന്നു.

## കുറഞ്ഞ വിലയ്ക്ക് സഭാചരിത്ര പുസ്തകങ്ങൾ വാങ്ങി പഠിക്കുക

| | |
|---|---|
| രണ്ടായിരം വർഷം പിന്നിട്ട മലങ്കര സഭ | 100 രൂപ |
| ആനപാപ്പി | 75 |
| ഔഗേൻ ബാവ: കാതോലിക്കേറ്റിന്റെ കാവൽഭടൻ | 50 |
| ഓർത്തഡോക്സ് സഭാ ചരിത്രം (ഒന്നും രണ്ടും ഭാഗങ്ങൾ) | 120 |
| അന്ത്യോക്യാ–മലങ്കരബന്ധം | 10 |
| ചേപ്പാട്ടു മാർ ദീവന്നാസ്യോസ് | 40 |
| പാമ്പാടി തിരുമേനി | 30 |
| | 425 |
| കമ്മീഷൻ | 125 |
| | 300 |

ചെക്കാണെങ്കിൽ 325 രൂപ:

*പോസ്റ്റേജ് പുറമെ:* കെ.വി. മാമ്മൻ, കോട്ടയ്ക്കൽ പബ്ലിക്കേഷ്സ്, മാങ്ങാനം, കോട്ടയം 18. ഫോൺ : 578936

Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2001

# THE MALANKARA SABHA

CATHOLICATE OFFICE, KOTTAYAM-686 038

പ. പിതാക്കന്മാരുടെ പ്രാർത്ഥന കോട്ടയായിരിക്കട്ടെ





## 14TH DEATH ANNIVERSARY
## 03.03.2001



## GEEVARGHESE MATHAI THAMARAVELIL
## NARIYAPURAM

*Inserted by*

താമരവേലിൽ കുടുംബാംഗങ്ങൾ

Printed and Published by Fr. T.G. Zacharia for Orthodox Viswasa Paripalana Samithy, Kottayam at the Catholicate Press, Kottayam-38. Chief Editor Rev. Dr. Jacob Kurian.

Rs. 5/-